ഉണ്ണിയച്ചീചരിതം





കേരളസർവ്വകലാശാല
തിരുവനന്തപുരം



ഉണ്ണിയച്ചീചരിതം



(Malayalam)
UNNIYACHI CHARITHAM
madhyakāḷamalayāḷacampu

Edited by
Dr. P. K. NARAYANA PILLAI

First Published
The Manuscripts Library,
University of Travancore 1949
Reprinted 1970

Printed at
C. M. MEMORIAL PRESS
Trivandrum

Price Rs. 1.75

Published by
SUPERINTENDENT
Department of Publications
University of Kerala
Trivandrum

ഉണ്ണിയച്ചീചരിതം

[തിരുവനന്തപുരം ഹസ്തലിഖിതഗ്രന്ഥശാലയിൽനിന്നും
തിരുവിതാംകൂർ സർവ്വകലാശാലാ മലയാളഗ്രന്ഥാവലി
അങ്കം 73 ആയി 1949—ൽ പ്രസിദ്ധപ്പെടുത്തിയതു്.]

പ്രസാധകൻ
ഡാ. പി. കെ. നാരായണപിള്ള

രണ്ടാംപതിപ്പു്
1970
വില രൂ. 1.75



പ്രസിദ്ധീകരണവക
കേരളസർവ്വകലാ
തിരുവ



ച്ചടി:

[illegible]ം. മെമ്മോറിയൽ പ്രസ്സ്,

ുരം.

ഉണ്ണിയച്ചിയെന്ന നായികയെ പുരസ്കരിച്ചു നിമ്മിച്ചിരിക്കുന്ന ഈ ചമ്പൂപ്രബന്ധം അതി പ്രാചീനമായ ഒരു കൃതിയാണ്. ഇതിനെപ്പററി മഹാകവി ഉള്ളൂർ അദ്ദേഹത്തിന്റെ 'ഭാഷാചമ്പുക്കൾ' എന്ന കൃതിയിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:– "ഞാൻ കണ്ടിട്ടുള്ള ഭാഷാചമ്പുക്കളിൽ പ്രാക്തനതമമാണെന്നു് എനിക്കു തോന്നിയിട്ടുള്ളതു് തൽക്കാലം ഞാൻ ഉണ്ണിയച്ചീചരിതം എന്നു നാമകരണം ചെയ്യുന്ന ഒരു കാവ്യമാണ്. ആ ഗ്രന്ഥത്തിന്റെ ഒരു ഓലയേ എനിക്കു കാണ്മാൻ കഴിഞ്ഞിട്ടുള്ളു." വലിയകൊട്ടാരം ഗ്രന്ഥപ്പുരയിലെ പഴക്കം ചെന്നു് ജീണ്ണപ്രായമായ ഒരു താളിയോലഗ്രന്ഥത്തിൽ നിന്നും (നമ്പർ 1056) ഈ കൃതിയുടെ ഏതാണ്ടു് പൂണ്ണമായ രൂപം ഇപ്പോൾ ലഭിച്ചിരിക്കുന്നു. ഇതിന്റെ അവസാനത്തിൽ കാണുന്ന —

"തേവൻ ചിരികുമാണ്ചൊന്ന
ചമ്പു മുററവുമാദരാൽ
രാമൻ ചിരികുമാനേട്ടി
ലെഴുതിക്കൂട്ടിന......... "

എന്ന ശ്ലോകത്തിൽ നിന്നും ഗ്രന്ഥം സമഗ്രമാണെന്നു നിണ്ണയിക്കാവുന്നതും അതിന്റെ കത്താവിന്റെ പേർ 'തേവൻ ചിരികുമാൻ' എന്നാണെന്നു് ഊഹിക്കാവുന്നതുമാണ്. തിരുനെല്ലിമേ

അഷ്ടമീമഹോത്സവാവസരത്തിൽ ഒരു ഗന്ധർവ്വ യുവാവു് ഉണ്ണിയച്ചിയെക്കണ്ടു് കാമവിവശനാകുന്നതും, മനുഷ്യരൂപമെടുത്തു ഭൂമിയിൽവന്നു് ആ നായികയെപ്പററി വിവരം ഗ്രഹിക്കുന്നതും അവളുടെ ഗൃഹത്തിലേക്കു പോകുന്നതും മററും ഇതിൽ വർണ്ണിച്ചിരിക്കുന്നു.

മാർജ്ജിനിൽ കാണിച്ചിട്ടുള്ള അക്കം ഓലയുടേയും, അക്ഷരം ഓലയുടെ പുറത്തിൻേറയും സൂചകമാകുന്നു. ഗദ്യപദ്യങ്ങളുടെ നമ്പർ ഗ്രന്ഥത്തിലുള്ളതല്ല. വായനക്കാരുടെ സൌകര്യത്തിനു വേണ്ടി ചേർത്തിട്ടുള്ളതാണു്.



പ്രസാധകൻ.

ഉണ്ണിയച്ചീചരിതം

ന്ന

* * * * * * * * *

* * * * * * * * *

ഗദ്യം 1 *

* * * * § പണിയുമടിത്തളിർവല-

മായ്; (3a)

അരയിലെരിഞ്ഞരുണിതവിദ്രുമമുടഞാ-
ണവനഹനന്തുകിലരയായരയരവപ്പുരികലയാ
കലിതപുലിത്തൊലി[1]യരയാല് മലയൊടിയൻറ-
കിലൊടലമ്മലയരുഹക്കളി പുരളും
മുല ചുമടാല് നതനടുവങ്ങൊരിടമതാ;
വിമലലസത്ഭസിതസിതന്തിര[2]ടിരു-
മാർവൊരിടമതായ്

---

§ ആരംഭത്തിൽ രണ്ടു് ഓലകൾ നഷ്ടപ്പെട്ടിരിക്കുന്നു. ഇവയിൽ ഏകദേശം 47 ഗ്രന്ഥങ്ങൾ (ഒരുഗ്രന്ഥം = 32 അക്ഷരം) എഴുതിയിരുന്നിരിക്കണം. മൂന്നാമത്തെ ഓല മുതലേ ഗ്രന്ഥത്തിലുള്ളൂ. ഇതിൽ നമ്പർ കാണാനില്ല. അത്രത്തോളം ഇടത്തുവശം ദ്രവിച്ചിരിക്കുന്നു. എന്നാൽ അടുത്ത ഓലയിൽ 'ഷ്ക്ര' (4) എന്ന അക്കം കാണാം. ഒന്നാമത്തെ ഓലയിൽ 'ശ്രീ' എന്നുമാത്രം എഴുതി അക്കമിടാതിരുന്ന പക്ഷം മൂന്നോല നഷ്ടപ്പെട്ടിരിക്കുന്നു എന്നൂഹിക്കണം.

1. അരയായ് എന്നായിരിക്കുമോ ?

2. തിരൾ + തിരുമാർവ്വ് = തിരടിരുമാർവ്വ്

പുരവിജയേ നിജധൃത[3]തമ്മരയമഹാഗിരിന

മയവി

ല്ലിടി[4] * * * * * * *

ചെംങ്ങിന മുദ്രകൈത്തലവിവശം

വപുരൊരുപാട്ട്;

അനുപമമച്ചിലയൈ വലിച്ചുടനൊരുതോ-

ള്ളുവരും വരഫണി വാസുകിഗുണതോ[5] *****

ചെറുമുറുവ[6]പ്രണയമൊഴിക്കും

[7]വതനിത്തൊലപെറുമന്തകവിഷയ-

പ്രതിഭയഹുംകൃതിരവമായ[8] * * *

തോൾവളവളർകൈ ചെറുതടമായ്-

മദനനുടേ ജന (ക?ന)കര-

ത്തഴറിന കൺമലരൊരുപാട്ട്;

---

3. തമ്മരയ എന്നതു് ഒരു പ്രാചീനമലയാളപദമാണ്. ഇതു് നിരണം കൃതികളിൽ പ്രയോഗിച്ചിട്ടുണ്ട്. തം + അരയൻ— ഇവയായിരിക്കണം ഈ സമസ്തപദത്തിൻെറ ഘടകങ്ങൾ. സദൃശമായ ഒരു പദനിഷ്പാദനത്തിനു് തമ്പിരാൻ ഉദാഹരണമാണ്.

4-5. തുടന്നുള്ള അഞ്ചാറക്ഷരങ്ങൾ ഓല ജീർണ്ണിച്ചു നഷ്ടമായിരിക്കുന്നു.

6. മുറുവൽ + പ്രണയം = മുറുവപ്രണയം

7. 'വതനി' അപൂർവവാക്കാണ്. 'വദന'ത്തിൻെറ തദ്ഭവമായിരിക്കണം. 'തൊല' 'തുലാ' എന്ന സംസ്കൃതപദത്തിന്റെ തദ്ഭവമാണ്.

8. ഓല പൊടിഞ്ഞു് രണ്ടുമൂന്നക്ഷരം നഷ്ടമായിരിക്കുന്നു.

'ചെറുമുറുവ' എന്നു തുടങ്ങി 'രവമായ' എന്നുവരെയുള്ള ഭാഗം വളരെ ചെറിയ അക്ഷരത്തിൽ 'വാസുകി ഗുണതോ......, 'തോൾവള' എന്നിവയുള്ള വരിയുടെ ചുവട്ടിൽ എഴുതിയിരിക്കുന്നു.

അവനെയെരിച്ചനലവിലോചനമൊരുപാട്ടു്;
ഒരു പകുതിക്കരിയമലർ-
പ്പുരികുഴല്ലൊണ്ടൊരു യമുനെ-
ക്കയമിതികൊണ്ടിവ കുറുകി-
ന്റമരനദിജലശഫര-
ദ്യുതിമതിചേർച്ചട മറുപാടപി;
പൊലിയപ്പനിമല തൻ തിരുമകൾതാ-
ന്നരു വിരവും പെരിയ പിരാ-
നമരുമടം തദപി തിരു-
[9] ച്ച(ര?)ളരി പരിസ്ഫുരതി ച യത്ര[10].

പദ്യം 1

*****..............(ദ)മതി(ചാ?ച്ചാ)രുമേ-
യിച്ചതൊന്റ- (3b)

ഇതു് അർദ്ധനാരീശ്വരന്റെ അധിവാസസ്ഥാനമായ രക്ഷാകാവിന്റെ പേരായിരിക്കണം. തിരുനെല്ലിയുടെ തെക്കുഭാഗത്തുള്ള രക്ഷാകാവിന്റെ ഇപ്പോഴത്തെ പേർ 'തൃച്ചലരി' എന്നാണു്. മൂന്നാം പദ്യത്തിൽ 'തിരുച്ചളരി' എന്നപേർ ഉൾപ്പെടുന്നതായി കാണുകയും ചെയ്യുന്നു. അടുത്ത വരിയിൽ 'ചളരി' എന്നു പറഞ്ഞിരിക്കുന്നു. ഈ വസ്തുതകൾ 'തിരുച്ചരളരി' എന്നതിലെ ദ്വിതീയമായ രേഫം ലേഖകപ്രമാദമാണെന്നു വ്യക്തമാക്കുന്നു.

തുടർന്നുള്ള അക്ഷരങ്ങൾ എഴുതിയിരുന്ന ഓലയുടെ അംശം ജീർണ്ണിച്ചു നഷ്ടമായിരിക്കുന്നു.

ച്ചളരി[11] പുറകിഴാർനൽ[12] ചെംപുകൊണ്ടമ്പ

കൊ

ലസിതസുകൃതിലക്ഷ്മീവർദ്ധനഞ്ചെ[13] ...
മരുവി[14] ....(ച)ന്ദ്രമൗലേഃ.

ഗദ്യം 2

തത്ര ഖലു ത്രിജഗത്പ്രണതാത്മാ
ഭക്തിനമദ്ദ്വിജമണ്ഡലമണ്ഡപ-
മണ്ഡനഭൂതമണിത്തുണിന്മേ-
ലണ്പിന ചെംപൊല്പട്ടാരുണിതേ
വെ[15]... പട്ടഭിവേഷ്ടനവിമലേ

B

തിരു([16] * * ? നട്ട) ത്തിലെട്ടക്കും പാദേ

---

11. മുകളിൽ 'ചരളരി' എന്നു കാണുന്നതു ശരിയല്ല.

12. 'പുറകിഴാർ' = പുറന്നേതാവു്. കിഴാർ = ഉടമസ്ഥൻ.

13. മൂന്നക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു.

14. ഏഴെട്ടക്ഷരത്തോളം നഷ്ടപ്പെട്ടിരിക്കുന്നു,

15. അടുത്ത അക്ഷരം എഴുതിയിരിക്കുന്ന പത്രാംശം പ്രായേണ ജീർണ്ണിച്ചുപോയിരിക്കുന്നു. അല്പമായിക്കാണുന്ന രേഖാശകലത്തെ ആസ്പദമാക്കി 'ൺപും' എന്നാണു് ആ അക്ഷരമെന്നു് അനു ഹിക്കാം.

16. രണ്ടക്ഷരങ്ങളുടെ ഒരു വിടവാണിതു്. ആദ്യത്തേതു നിശ്ശേഷം കാണ്മാനില്ല. രണ്ടാമത്തേതു് 'ട' ,'ട്ട' 'ട്ട' എന്നിവയിൽ ഒന്നാകാം. നട്ടത്തിന്നു് നൃത്തമെന്നർത്ഥമാണല്ലോ.

പരിഗതസന്ധ്യാമേഘസ്ഫുരിതേ
ശരദംഭോധരഗൗരേ, ശംഭോർ-
ന്നൃത്തശ്രീരിവ നിത്യമനോജ്ഞാ;
നിവസ[17] * * * രാലുന്താ-
നപരിച്ഛിന്നാ കാചന ദേവീ.
ചാലെല്ലാമിവൾ മൂലപ്രകൃതി-
സ്സ്വയമിതി ചിന്ത്യാ.
ചെന്തളിരിവ മൃദു ചെംങ്ങിന പദകര-
ദാനച്ഛദമണികാന്തിവിചിത്രാ,
പന്തിളമെന്മുലയില്കലികാഢ്യാ
കാന്തമുഖദ്യുതികാഞ്ചനകമലാ
തി[18]*മയിർനിരമിഴികുഴലളിമാളാ[19]
ചന്ദ്രശിഖാമണി നിലമണിയെൻറിതി
നിഗദിതനാമാ നിഖിലാനുഗ്രഹ-
മൂലതരുർമ്മമ (വി ?) ഭാതി വിഭൃത്യാ.

ഇവിടെ മൂന്നക്ഷരങ്ങളാണ് നഷ്ടപ്പെട്ടിരിക്കുന്നതു്. ഒന്നാമത്തേതു് 'നിവസതി' എന്ന ക്രിയാശബ്ദത്തിലെ 'തി' ആണെന്നു് അനുമാനിക്കാം. രണ്ടാമത്തെ അക്ഷരത്തിൻെറ അംശംപോലും കാണാൻ വയ്യ. അടുത്ത അക്ഷരത്തിൻെറ ദീർഘചിഹ്നം സ്പഷ്ടമായിക്കാണാം.

ഒരക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു. അതു് 'ര' എന്നായിരിക്കണം,

സംസ്കൃതത്തിലെ 'ല' കാരം ചിലപ്പോൾ കേരളീയർ 'ള' കാരമാക്കാറുണ്ടെങ്കിലും 'മാലാ' എന്നപദത്തിൽ അങ്ങനെ ചെയ്തു കണ്ടിട്ടില്ല. ഒരുപക്ഷേ 'അളി' എന്ന പദത്തിലേ 'ല' കാരമായിരിക്കാം ലേഖകനെ ഈ ശബ്ദവിപരിണാമത്തിൽ കൊണ്ടുചാടിച്ചതു്.

പദ്യം 2

അസ്തി തത്ര ച പവിത്ര[20]മടിക്കീ-
ഴാദിതീർത്ഥശതമാക്കമഗണ്യം,
വിശ്രുതം മഹിതവൈശ്രവണൻകു-
ച്ചാ[21]ശ്രിതാ മുനികൾ വന്നു ജപന്തി.

ഗദ്യം 3

വരമല്ലികാധ×വളവരിനെല്ലിളം കഴമ[22]-

---

20. തിരുനെല്ലിക്ഷേത്രത്തിന്റെ പിൻഭാഗത്ത് പല തീർത്ഥങ്ങളുമുണ്ട്. ഇവയിൽ ചിലതിന്റെയെല്ലാം പേർ "മലബാർ ഗസററിയറിൽ" കൊടുത്തിട്ടുമുണ്ട്. എന്നാൽ ഈ പദ്യത്തിൽ പ്രധാനമായി പറഞ്ഞിരിക്കുന്ന 'അടിക്കീഴ്' തീർത്ഥം ഇവയിൽ ഉൾപ്പെട്ടുന്നില്ല. (മലബാർ ഗസററിയർ ഭാഗം 4. പേജ് 254)

21. 'കുച്ച്' എന്ന പദം തമിഴിലെ 'കുറു' എന്ന പദത്തോട് ബന്ധപ്പെട്ടതായിരിക്കണം. ചെറിയ സ്ഥലമെന്നർത്ഥം. വൈശ്രവണൻ എന്നു പേരുള്ള ഒരു സ്ഥലമാണ് ഇവിടെ വിവക്ഷിതമായിരിക്കുന്നത്. എന്നാൽ തിരുനെല്ലിയെക്കുറിച്ചുള്ള വിവരണത്തിൽ മലബാർ ഗസററിയറിൽ ഈ സ്ഥലത്തെപ്പററി പ്രസ്താവിച്ചുകാണുന്നില്ല.

22. കലമ എന്ന സംസ്കൃതപദത്തിന്റെ തദ്ഭവമാണ് കഴമ

× 'മ' എഴുതി വെട്ടിയിരിക്കുന്നു. അതിന്റെ അടിയിൽ 'വ' എഴുതിയിരിക്കുകയാണ്.

ശ

ിൽ

യരി [23]നല്ലവാമളവു തരുമല്ലൽ കേട്ടവകൾ
തിരു[24]മെല്ലടിപ്രണതവരവുല്ലസൽപെരുമ[25]
ചിരമല്ലിലും പകലുമുരുകല്ലിൽ വിണ്ണുപരി
പരിവേല്ലിതാംബുഗതിഗിരികലുതീർത്ഥനദി
തിരതല്ലിവിട്ടഖിലനരവ്ല്ലിടക്കൊട്ടമ
[26] * * വല്ലിപോലിനിയ തരുവല്ലിമേലുദിത-
വിരിവല്ലിനന്മലരിലൊരുകൊല്ലി പാട്ടമളി;
കരനെല്ലിയോതപൊരുളുരുവല്ലിനല്ലവരി-
ലുരകല്ലി[27]* ശ്രുതിഷു ഹരിതുല്യയോഗിനിര
മരുവില്ലമായ പുല മരുമല്ലരെപ്പൊരുത്തു
സുരമല്ല ചിത്തഗതഗുരുശല്യകംസനവ-
നരുവില്ലയാക്കിയതൾ പെരുവില്ലി ചില്ലിയലു-

നല്ല + ആ = നല്ലവാം. നല്ല എന്ന പദത്തിൽ അവസാനത്തെ അകാരം ഓഷ്ഠ്യമായി ഈ സന്ധിയിൽ ഗണിക്കപ്പെട്ടിരിക്കുന്നു.

മൃദു' എന്ന സംസ്കൃതപദത്തിന്റെ തദ്ഭവമാണ്, 'മെൽ'.

"കളമാഃ പകശാലിന്യഃ സംബഭൂവുരധോമുഖാഃ
ആസന്നലവനോദന്തചിന്താസന്താപിതാ ഇവ."
എന്ന സംസ്കൃത പദ്യം അനുസന്ധാനം ചെയ്തുകൊണ്ടായിരിക്കണം 'വരമല്ലികാ' എന്നുതുടങ്ങി മൂന്നു വരികൾ കവി രചിച്ചതു്.

രണ്ടക്ഷരം നഷ്ടമായിരിക്കുന്നു. രണ്ടാമത്തേതു് കഷ്ടി മുന്നു വായിക്കാം.

ക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു. അതു് 'തി' എന്നാ

*മിരുൾവില്ലിമാതർമണി തിരുവല്ലഭന്മഹിത-
തിരുനെല്ലിമൂലമമർ പുര(വി?വെ)ല്ലിയോടു
[28] * * * ല്ല പദ്മധരകരപല്ലവസ്ഫുരിത-
മുരവെല്ലിമേവിമിക തിരുനെല്ലി[29] യത്ര ഖലു.

പദ്യം 3

കിം വർണ്ണനീയമിതി മററു കിളന്ന പാപം
തീക്കിൻറ തീർത്ഥമഹിതേ[30] * * * * യെൻറു
കീഴ്വന്നു പൂജയതി യത്ര ഖലു ത്രിസന്ധ്യം
പത്മോത്ഭവോഽപി പഴതായ്[31] പരമം പുമാ(

---

*ഇരുൾവില്ലി — കാമദേവൻ

28. അടുത്ത മൂന്നക്ഷരം പ്രായേണ നഷ്ടപ്പെട്ടിരിക്കുന്നു. ആദ്യ
രണ്ടക്ഷരം 'ദര' എന്നു് വിഷമിച്ചുവായിക്കാം. മൂന്നാമ
അക്ഷരത്തിന്റെ ദൃശ്യമായ അംശവും ശബ്ദസാദൃശ്യവും
കൊണ്ടു് 'ഹം' എന്നാണെന്നും അഭ്യൂഹിക്കാം.

29. മൈസൂറിൻെറ തെക്കെ അതിർത്തിയിൽനിന്നു് ഏകദേ
നാഴിക ദൂരെയായി വടക്കേ വയനാട്ടിൽ ബ്രഹ്മഗിരിയുടെ
യുള്ള ഒരു ചെറിയ കുന്നിന്മേലാണു് പ്രസിദ്ധമായ തിരു
ക്ഷേത്രം സ്ഥിതിചെയ്യുന്നതു്.

അടുത്ത നാലക്ഷരം നഷ്ടമായിരിക്കുന്നു. 'തീർത്ഥമ
'മ' എന്നതിൻെറ അപരാംശം കുറെ ജീർണ്ണിച്ചു പോയിരി
യിരിക്കുക ...ണപുരുഷഃ' 'പുരുഷോത്തമഃ' എന്ന വിഷ്ണുപര്യ
...നുസ്മരിപ്പിക്കുന്നു.

തിമ്പാടത്തുല(ം)[32] * * * * * * * *
* * * * *

* * * * * ഥൻറമാന്തിരുപരപ്പാ[33] മങ്ങു-
ദീച്യാം പരം

കൗമാരം ഭവനം.[34] കിഴക്കിഹ നെട്ടങ്ങൻറായ[35]
ദുഗ്ഗാലയം,

ളുടനുള്ള പതിനെട്ടക്ഷരം നഷ്ടപ്രായമായിരിക്കുന്നു. ആദ്യ
ത്തെ അഞ്ചക്ഷരത്തിൻെറ അടിവശം അല്പമായിക്കാണാം.
ആറാമത്തേതു് തികച്ചും നഷ്ടപ്പെട്ടിരിക്കുന്നു. ഭാഗികമായി
ക്കാണുന്ന രേഖയുടേയും തിരുനെല്ലിയുടെ തെക്കുഭാഗത്തു്
തൃച്ചലരി എന്ന രക്ഷാകാവു് ഉണ്ടു് എന്നുള്ള വസ്തുതയുടേയും
സാഹായ്യത്തോടുകൂടി, നഷ്ടപ്രായമായിരിക്കുന്ന ആദ്യത്തെ
ആറക്ഷരം 'തിരുച്ചലരിയും' എന്നു പുനഃസംവിധാനം ചെയ്യാം.
അടുത്ത മൂന്നക്ഷരം 'മുക്കൺപി' എന്നും കഷ്ടിച്ചു വായിക്കാ

'തിരുപരപ്പു്" എന്നതു് തിരുനെല്ലിയ്ക്കു പടിഞ്ഞാറുള്ള
ൻെറ പേരാണെന്നു തോന്നുന്നു. മലബാർ ഗസററിയ
ഞ്ഞാറുവശമുള്ള 'തൃച്ചരക്കുന്നു്" ക്ഷേത്രത്തെപ്പററി
ക്കുന്നു. (മലബാർ ഗസററിയർ ഭാഗം 4, പുറം 25[illegible]

[illegible]ക്ഷേത്രം ബ്രഹ്മഗിരിയിലുള്ളതാകുന്നു.

[illegible]സററിയർ തിരുനെല്ലിയുടെ [illegible]
[illegible]ത്തെപ്പററി പ്രസ്താവിക്കുന്നു.

നാല്പാട്ടം തിരുനെല്ലിവാതിൽ ന

ഗദ്യം 4

തസ്മിൻ വിസ്മയനീയേ*ദേശേ കറ_

ച വിരാജതി മേല

[37]ലളകേവ സ്വയമമ്പിളി ചൂടിൻറപ്പങ്കോ

ട്ടൂൻറുവി

[38]ലംകേവാതുലരക്ഷോദാരാ: ** [39]വതീവ

ട്ടുജങ്ഗനിവേ

---

36 അടുത്ത അക്ഷരം നഷ്ടപ്രായമായിരിക്കുന്നു. അവസാനത്തെ ദ് ലവും 'ച്ച' എന്ന രേഖയും കാണ്മാനുണ്ട്. ഇവയും 'വി' യുമായി അല്പം അന്തരവുമുണ്ട്. ആകെക്കൂടി ഈ അക്ഷരം 'ച്ചോ' ആണെന്ന് അനുമാനിക്കാം.

കാക്കിൻറ + ഇച്ചൊന്നവ = കാക്കിൻറവിച്ചൊന്നവ എന്ന പ്രാചീന സന്ധി.

ഈ അക്ഷരം ദ്രവിച്ചിരിക്കുന്നു.

ണപ്രസിദ്ധമായ വൈശ്രവണൻെറ രാജധാനി.

പിൻെറ തലസ്ഥാനമാണ് ലങ്കാനഗരം ഇതിന്റെ
ശയം രാമായണത്തിൽനിന്നും ഗ്രഹിക്കാവുന്നത

ൾ ഓലയുടെ ജീർണ്ണത നിമിത്തം നഷ്ടമ
വശിഷ്ടരേഖയെ ആസ്പദമാക്കി
വതി എന്ന നഗരനാമധേയമാ
ഹിച്ചും. ഈ നഗരം പ

ഗുപ്തമനോഹര[40]നന്ദനമാന്യാ കേവലമമരാവതി[41]
യെപ്പോലെ;
[42]കൊല്ലവിഭൂതിം കൊല്ലം വി[43] * *
[44]* റുമടങ്ങുകൊട്ടങ്ങൊല്ലൂരി[45] ലുമേറ വിളങ്ങിന
പങ്ക്തിപയാതാ;

മേരുവിന്റെ വടക്കുവശത്തുള്ള ഇന്ദ്രോദ്യാനത്തിന്റെ പേരു് നന്ദനം എന്നാണു്. പ്രസ്തുതവിശേഷണത്തിലും ശ്ലേഷം ഉണ്ടായിരിക്കാം. അങ്ങനെയാണെങ്കിൽ ഗുപ്തന്റെ മനോഹരനായ പുത്രനാൽ മാനിക്കപ്പെടേണ്ടതു് എന്നും അർത്ഥം വന്നുകൂടും. ഈ ഗ്രന്ഥം രചിച്ചകാലത്തു് തിരുവതുളൂർ ഭരിച്ചിരുന്ന രാജാവിന്റെ അച്ഛന്റെ പേർ ഗുപ്തൻ എന്നായിരുന്നിരിക്കാം.

ഇന്ദ്രലോകത്തിന്റെ തലസ്ഥാനം. അവിടത്തെ വിഭൂതിവിലാസം പ്രസിദ്ധമാണല്ലോ.

കരളത്തിന്റെ പ്രാചീനചരിത്രത്തിൽ പ്രസിദ്ധിപെററ കൊല്ലം ിഭൂതിയുടെ വിലാസസ്ഥാനമായിരുന്നു എന്നുള്ളതിനെ ഈ ഭാഗം വിശദമാക്കുന്നു.

ഇക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു. വിഭവാ എന്നായിരിക്കാം.

ഇവിടെ നഷ്ടമായിരിക്കുന്ന അക്ഷരം 'ന്ദ്ര' ആണെന്നു് ഊഹിക്കാം.

ക്രിസ്ത്വാബ്ദത്തിനു മുമ്പുതന്നെ പാശ്ചാത്യരുമായുള്ള കച്ചവടത്തിൽ കൊടുങ്ങല്ലൂർ ഏർപ്പെട്ടിരുന്നു. ക്രിസ്തുവിനുപിമ്പു് ...ാം ശതവർഷത്തിൽ പ്ലിനി എന്ന സഞ്ചാരി അതിനെ ...ണ്ടു്. ...ന്ത്യയിൽവെച്ചു് ഏററവും പ്രധാനമായ കച്ചവടസ്ഥലം ...യദേശ വർണ്ണിച്ചിരിക്കുന്നു. ഇതു് പ്രാചീനകാലങ്ങളിൽ പെരുമ്പപഷ്യൻ ...രുടെ തലസ്ഥാനമായിരുന്നു. മഹോദയപുരം എന്ററി രേഖ ...ദ്ധിയുള്ള ഈ നഗരം 'കേരളക്ക്വാഭ്രുക്കളുടെ' (... രാജാക്കന്മാർ) രാജധാനിയായിരുന്നു.

[46] കുണവായ്ക്കുണമപി കുണമപന്ദധതീ,

46. തൃക്കണാമതിലകം പ്രാചീനകാലത്ത് കുണവായ് എന്നും അറിയപ്പെട്ടിരുന്നു. ഇതിന് 'ഗുണക' എന്നുകൂടി സംസ്കൃതീകരിച്ച ഒരു പേരുണ്ട്. പഴയ കൊടുങ്ങല്ലൂർ നഗരത്തിന്റെ ഉത്തര സീമയിൽ സ്ഥാപിതമായ ഈ ഗുണവായിലെ ക്ഷേത്രത്തിന്ന് ഉജ്ജ്വലമായ ഒരു ചരിത്രമുണ്ട്. പെരുമാക്കന്മാരുടെ കാലത്ത് ഈ ക്ഷേത്രം അതിന്റെ ഉച്ചദശ അനുഭവിച്ചിരുന്നു. കേരളത്തിലെ 64 ഗ്രാമക്കാരും ഇതിനെ അവരുടെ കുലദൈവനികേ[തന]മായി കരുതിവന്നു. ഈ ക്ഷേത്രത്തിന്റെ പരിസരത്ത് [വ]െച്ചായിരുന്നു അന്നത്തെ രാഷ്ട്രീയവും സാമുദായികവുമായ [പ്ര]ശ്ന]കാര്യങ്ങളും ചർച്ചചെയ്തു തീരുമാനിച്ചിരുന്നതു്. തെ[ക്കേടത്തെന്നും] വടക്കേടത്തെന്നും പ്രസിദ്ധമായ രണ്ടു നായർ ക[ളരിക]ങ്ങളായിരുന്നു ഈ ക്ഷേത്രത്തിന്റെ ഭരണം പണ്ടേ നടത്തിവന്നിരുന്നതു്. 'കൊല്ലവർഷാരംഭങ്ങൾക്കുമുമ്പ് [കലി] വർഷം 3666-ാമാണ്ടു് പന്നിയൂർ ഗ്രാമക്കാർ വരാഹ[മൂർത്തിയെ] ചുട്ടുപൊട്ടിച്ചതായി പറയപ്പെടുന്ന കാലത്തിനും ഒരലാ[ശ്ശേരി] യോഗിയാതിരിപ്പാട്ടു് എന്നു പറയുന്ന പ്രസിദ്ധനായ മ[ഹാപുരു]ഷൻ തൃശ്ശിവപേരൂർ മതിലകം പുഷ്ടിവരുത്തിയത[ായി പറ]യുന്ന കാലത്തിനും ഇടയ്ക്കാണ് തൃക്കണാമതിലകം നശി[ച്ച]തെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു' എന്നിങ്ങനെ കുഞ്ഞ്[ിക്കുട്ടൻ] തമ്പുരാൻ, ഈ ക്ഷേത്രത്തെക്കുറിച്ചുള്ള ഒരു വിവര[ണത്തിൽ] അഭിപ്രായപ്പെട്ടിരിക്കുന്നു. ഒരലാശ്ശേരി യോഗിയാതിരിപ്പാ[ട്] എ. ഡി. ആറാം നൂററാണ്ടിലാണു് യോഗം തൃശ്ശൂർ ഭക്തപ്രി[യ] ക്ഷേത്രത്തിലേയ്ക്കു മാററിയതെന്നു് 'നമ്പൂതിരിമാരും പെരുമാക്കന്മാരും' എന്ന ലേഖനത്തിൽ ചിറയ്ക്കൽ രാമവർമ്മ വലിയരാജ പ്രസ്താവിച്ചിരിക്കുന്നു.

ശുകസന്ദേശത്തിൽ ഈ ക്ഷേത്രത്തെ ഇങ്ങനെ വർണ്ണിച്ചി[രിക്കുന്നു]:

> പ്രാപ്തവ്യം തേ പ്രകൃതിസുഭഗം പ്രേയസഃ ശൈലമൗലേഃ
> ക്രീഡാഗാരം ഗുണപുരമിതിഖ്യാതമാരാമുവേഷു,
> ചിത്രം രംഗേ വിനിഹിതപദശ്ചിത്രരംഗേഷു യ[ത്ര]
> നൃത്യന്ത്യാവിർലളിതമബലാ യത്ര സന്ധ്യോത്സവേ
>
> (ശുകസന്ദേശം—പൂർവ്വഭാഗം, ശ്ലോക[ം])

വള്ളുവനഗര[47]പ്പള്ളിജയന്തി,
പുതവീടി[48]ന്പുകഴ് വിഴ്ത്തിന ശോഭാ;
മന്ദികൃതമങ്ഗലപുര[49]മഹിമാ;

ഈ താലൂക്ക മുഴുവനും ഒരു കാലത്തു് വെള്ളാട്ടിരി രാജാവിന്റെ സ്വാധീനത്തിലായിരുന്നു. അദ്ദേഹത്തിനു് വല്ലഭരാജാ എന്നും പേരുണ്ടു്. തിരുനാവായ മഹാമഹം അടിയന്തിരം നടത്തുവാനുള്ള അധികാരം ചേരമാൻപെരുമാൾ ഇദ്ദേഹത്തിന്റെ കൈക്കലാണു് കൊടുത്തേൽപ്പിച്ചതു്. എന്നാൽ കാലംകൊണ്ടു് സാമൂതിരിരാജാവു് ഇദ്ദേഹത്തിന്റെ അധികരാജ്യങ്ങളും കൈവശമാക്കി. ഹൈദരാലിയുടെ ആക്രമണകാലത്തു് വെള്ളാട്ടിരിരാജാവിന്റെ കീഴിൽ ഈ താലൂക്കിന്റെ വടക്കുഭാഗം മാത്രമേ ഉണ്ടായിരുന്നുള്ളു. വെള്ളുവനാട്ടു് രാജവംശത്തിന്റെ ഇപ്പോഴത്തെ ഇരിപ്പിടം മങ്കട അംശത്തിലാകുന്നു. (മലബാർ ഗസററിയർ– നാലാം ഭാഗം പേജ് 231).

ഈ പേരിൽ പ്രസിദ്ധമായ യാതൊരു സ്ഥലവും ഉത്തരകേരളത്തിൽ ഉള്ളതായി അറിയുന്നില്ല.

ദക്ഷിണകന്നാടകത്തിലെ പ്രധാനപട്ടണമായ മങ്ഗലാപുരത്തിന്റെ നാട്ടുപേർ കൌഡിയൽ (Kaudial) എന്നാണു്. ഈ പട്ടണത്തെപ്പററി ആറാംനൂററാണ്ടിൽ ജീവിച്ചിരുന്ന കോസ്മസ് (Cosmas) എന്ന ഗ്രീക്ക ഗ്രന്ഥകാരൻ പ്രസ്താവിച്ചിട്ടുണ്ടു്. ഇബിൻബാററൂററ (Ibn Batuta) എന്ന മഹമ്മദീയദേശസഞ്ചാരി എ. ഡി. 1342-ാമാണ്ടു് മംഗലാപുരവും പേഷ്യൻ ഉൾക്കടലുമായി നടന്നുവന്നിരുന്ന വ്യവസായത്തെപ്പററി രേഖപ്പെടുത്തിയിട്ടുമുണ്ടു്.

ദോരസമുദ്രം[50]നീരസമുദ്രം

തന്വാനാƒപി ച മററുഞ്ജഗതി

മഹാ [51] * * * * ളൈ മാററിന സംപ-

ദ്ധർമ്മത്തിന്നിഹ നിർമ്മിതമില്ലം; (5a

കാമാർത്ഥസുഖം കാവൊടിവേടം;

മുക്കണ്മൂത്തികളമരുകയാലപി

മുക്തിരസസ്യ ച മുററിന മൂലം;

കോട്ടം വിട്ട മഹീപാലാനാം

കോട്ടവിശിഷ്ടം, വാണിയലക്ഷ്മീ—

വാണീകവിതാതാവളമാമള-

താമെൻറാള്ള വിദഗ്ദ്ധജനാനാ-

മിരുമരുതിന്നട്ടവേ പോമെമ്മാ-

---

50. ഹോയ്സലരാജവംശത്തിൻെറ തലസ്ഥാനമായിരുന്ന ...ട് സമുദ്രം അഥവാ ദ്വാരാവതീപുരം ഇപ്പോൾ മൈസൂർ... ഹസ്സൻ ഡിസ്ട്രിക്ടിലുള്ള ഹാലിബീഡ് എന്നു് അറിയ...പ്പെ... ഹോയ്സലന്മാർ ഇടപ്രഭുക്കന്മാരായിരുന്നകാലത്തും ദോരസമു... തന്നെയായിരുന്നു അവരുടെ തലസ്ഥാനം. ഈ നഗരം ഹോയ്... സലരാജാക്കന്മാരുടെ പ്രതാപകാലത്തു് (എ. ഡി. 1100-132... വളരെ പ്രശസ്തമായനിലയിൽ ഇരുന്നിരുന്നു.

51. മൂന്നോനാലോ അക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു. (നഗരികളെ

ന്തിരുമാർവിടമിവ തിരുവിന്നിലയ[52] *
[53]*രുമുതുളുംഗലസമ്മാടാഢ്യാ[54]
[55]തിരുമരുതുരിതി കാഞ്ചന നഗരി.

പദ്യം 5

അരുമ പെരുതു വർണ്ണനേ ചതുർണ്ണാം
[56]പരുമതതഃ പഠതാം വിധേർമ്മുഖൊനാംട്ട

52—53—ഒന്നോ രണ്ടോ അക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു.

54. ദാമോദരച്ചാക്യാർ മററത്തെ വലിയങ്ങാടിയെ വർണ്ണിക്കുമ്പോൾ 'മാടവി കണക്കെ' എന്നു് ഉപമിച്ചുകാണുന്നു. മാടവി ഉത്തരകേരളത്തിലെ മാടവിൽക്കാവാണോ എന്നു് ഉള്ളൂർ സംശയിക്കുന്നു. (സാഹിത്യപരിഷത്ത് ത്രൈമാസികം—പുസ്തകം, 11. ലക്കം 3) ഉണ്ണിയാടീചരിതത്തിലെ മാടാവിയും നമ്മുടെ മാടയും ഒരേസ്ഥലംതന്നെ ആയിരിക്കാനിടയുണ്ടു്.

വയനാട്ടുതാലൂക്കിൽ ഇപ്പോൾ തിരുമരുതൂർ എന്ന പ്രസിദ്ധമായ ഒരു സ്ഥലം അറിവിൽപ്പെട്ടുന്നില്ല.

മഹാകവി ഉള്ളൂർ ഈ ശ്ലോകം ഉദ്ധരിച്ചിട്ടുണ്ടു്. അതിൽ പരമരണം എന്ന പാഠമാണു് കാണുന്നതു്. ഈ പാഠത്തെപ്പറ്റി അദ്ദേഹം ഇങ്ങനെ ഒരു കുറിപ്പും എഴുതിയിരിക്കുന്നു— 'അരണം=ആരണം (വേദം)?'

ഈ ശ്ലോകത്തിലെ ദ്വിതീയാക്ഷരപ്രാസത്തിന്റെ രീതി നോക്കുമ്പോൾ രണ്ടാംപാദത്തിലേയും ദ്വിതീയാക്ഷരം 'രു' എന്നായിരിക്കുകയാണു് കൂടുതൽ സ്വാഭാവികം. അതുകൊണ്ടു് പരുമതതഃ' എന്ന പാഠമായിരിക്കണം ശുദ്ധം എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. രണ്ടു പാഠങ്ങളും അത്ര അർത്ഥവൈശദ്യം ഉളവയല്ല.

ർഘാന്തസ്വാരങ്ങളുടെ ചിഹ്നം ദ്രവിച്ചു ...ഒന്നു.

പെരുമ[57]പുകഴ്ക പേയ്പട്ടം; തദാസ്തു
തിരുമരുതുർ തിലകക്രിയാ പുരീണാം.

ഗദ്യം 5

അവിടേ പരമപി രാജതി, ദുരിതാപഹ—
ച(യി?രി) തോ ഹൃദി
പെരുതായിന കരുണാനിധി പരിതോ-
നതമരുതാമമ്പു
തരുൾചെയ്യുടനരുതായിന വിട[58]മുണ്ടവനെരു-
തേറി-
പുരതാപനനെരിപ്പുകിന മിഴിയമ്പു[59]—
യരിപ്പു
തുകിലായുരു ഹരിതോപലരുചികന്ധരാ—
നമർഭ
മുരുതോരണമതിൽചൂഴ്തിരുമരുപ്പുരിതി
മഹ

ഗദ്യം 6

മഹിതകലേശ്വരസകലേശ്വരനട[60]

---

57. പുകഴകപ്പെട്ടം എന്നാണ് ഉള്ളൂരിൻെറ പാഠം
58. വിഷത്തിൻെറ തദ്ഭവമാണ് വിടം
59. മിഴിയമ്പുലി = മിഴിയൻ + പുലി
60. കലേശ്വരനട = കലേശ്വരൻടെ

ിരുമുടിയില്ലടിപ്പവാനുപനത-
പുര[61]നടിനിതിരമാലപരത്തിവ
കടവിൽ വിളങ്ങ്ങ്ങ്ം പളിങ്ങ്ങ്ങ്ം[62] മണിപ്പട
പരിഗതശോഭം; പകല്പോമേട-
മൊ[63]*ഞ്ഞിട വന്നു കളിക്കുഞ്ചക്ര-
വിഹംഗമ മിഥുനദ്യുതിമല്ലക്കട-
കോജ്ജ്വലബാഹുമഹീപതിസിംഹ-
വിഹാരസ്ഫുരിതം;
കന്നി[64] കുഴെഞ്ഞന്നുവതുലാവ വി-
രിച്ച കവിഞ്ഞ മലക്കുഴലോട് ന-
മത്തന്ന സമകരകുംഭംകൊണ്ടു സ-
മീനം കോരുന്നിർപ്പുന്നേരം[65]
കുഹചനരചിതകുറ്റരവരമ്യാ;[66]
ചെറുതടമന്ന മതിമുടിവ്വ വികസ്വര-

ി)

ിനീ എന്നു വായിക്കണം

ളിങ്ങ്ങ് = പളുങ്ക്.

ഷരം നഷ്ടപ്രായമായിരിക്കുന്നു. 'ഴി' എന്നായിരിക്കാം അതു്. ഷു കുടകിൽനിന്നു

്യാ എന്ന സംസ്കൃതപദത്തിന്റെ തദ്ഭവമാകുന്നു വസ്തുത

പുന്നേരം = വെള്ളം കയറുമ്പോൾ.

എന്നു വായിക്കണം.

വിസിനി[67]*ളീനാമലഹംസവ-
രാകാലസിതം;
ശിവപേരൂരിവ[68] ശൈവലസദ്ദൃതി;
നല്പരയന്നുതാത വിരാജത്-
കുവലയവാഴ്ക്കതനക്കാമ്മധുപം;
മലനാടിൻറിവരുചിരമഹോദയ-
മുല്ലലമലരില്ലലാവു നിലാവിനി-
ല്യല്ലതദവിരളപരി[69]**ഗന്ധം;
കട്പ്പതൊരനിലമുടൻ തുയരും[70]*ഷ
ഷട്പദനിനദസമാകുലമൊരിടം;

---

67. ഒരക്ഷരം നഷ്ടമായിരിക്കുന്നു. എന്നാൽ അതിൻെറ ദീർഘ ചിഹ്നം കാണ്മാനുണ്ട്. ഒരു പക്ഷേ അതു് 'കാ' യിരിക്കാം. എന്നാൽ വിസിനികാ എന്നല്ലാതെ വിസ എന്നരൂപം വ്യാകരണദൃഷ്ട്യാ ശരിയല്ലെന്നുള്ളതു വിസ ത്തക്കതല്ല.

68. കേരളത്തിലെ അതിപ്രാചീനങ്ങളായ പട്ടണങ്ങളുടെ കൂ ഒന്നാണ് ശിവപേരൂർ (തൃശ്ശൂർ). ഐതിഹ്യമനുസരി സ്ഥാപിച്ചിട്ടുള്ളതു് പരശുരാമനാണ്. ഇവിടത്തെ വടക ക്ഷേത്രവും സ്വാമിയാർമഠങ്ങളും മററും അതിപുരാതന സ്ഥാപനങ്ങളാണ്. സ്വാമിയാർമഠങ്ങൾ ശങ്കരാചാ ശിഷ്യന്മാർ സ്ഥാപിച്ചവയാണെന്ന ഐതിഹ്യവും ക്കാനുണ്ട്.

ഷരം, ഓല പൊടിഞ്ഞു മിക്കവാറും കാണാതായി
തു 'ള' ആണെന്നൂഹിക്കാം. പരിമള?

ലകിഴിഞ്ഞ് അവ്യക്തമായിരിക്കുന്നു. അ
ന്നു തീർച്ചയാക്കാം.

നികടകഹരിമണിനിഴലിരിൽ[71] മാട-

പ്രകടിതവെയിലിലിവ കനകമെറിക്ക-

പ്പകല്മുടിവിതി പകലിതി പലപൊഴുതും (6a)

മുകുളിതവികസിതസരസിജകുമുദം;

ചെങ്ങെഴുനീർമലതുതിർപൊടി പുരളു-[72]

* * * * * * * * * * * –

* * * നജപ്പൂതുമലരിടെ വിചര-

കുടവ[73]നണൈഞാഴല്കുടവനെ നിൻറടം [74]

---

1. ഇരിൽ — ഇരുൾ.

2. തുടർന്നുള്ള ഏതാനും അക്ഷരങ്ങൾ ലോപനം ചെയ്തിരുന്നപത്രഭാഗം വളരെ ജീർണ്ണിച്ചിരിക്കുന്നു. ആദ്യത്തെ അഞ്ചക്ഷരം 'ച്ചെങ്ങെഴുനീരു' എന്നാണെന്ന് അവശിഷ്ടരേഖാംശവും 'ചെങ്ങെഴുനീർ' എന്ന മേൽ എഴുതിയിരിക്കുന്നതും നോക്കി ഏറെക്കുറെ നിശ്ചയിക്കാം. അടുത്ത മൂന്നക്ഷരത്തിൽ ഒന്നാമത്തെതിന്റെയും മൂന്നാമത്തേതിന്റെയും അടിയിലെ '‿' എന്ന സംവൃതോകാരചിഹ്നം മാത്രമേ ഇപ്പോൾ ഗ്രന്ഥത്തിലുള്ളൂ. അടർന്നുപോയ ഈ ഓലയ്ക്കുനോക്കി കുറിച്ചിട്ടിരുന്ന അക്ഷരങ്ങളുടെ സഹായത്തോടുകൂടി ഈ മൂന്നക്ഷരം 'റു ചെറു' എന്നായിരിക്കണമെന്ന് മിക്കവാറും തീർച്ചയാക്കാം. അടുത്ത രണ്ടക്ഷരം ഊഹഗോചരമാകുന്നില്ല. തുടർന്നുള്ള നാലക്ഷരം 'തടവിക' എന്നു വിഷമിച്ചു വായിക്കാം. അടുത്തുള്ള ഒന്നോ രണ്ടോ അക്ഷരം തികച്ചും അദൃശ്യമായിരിക്കുന്നു.

3. കുടവൻ (കുടകൻ) കൂർഗിലെ രാജാവായിരിക്കാം. വിഷുസങ്ക്രാന്തി വിഷു എന്നീ വിശേഷദിവസങ്ങളിൽ കുടകിൽനിന്നു തിരുനെല്ലി ക്ഷേത്രത്തിൽ ഇന്നും ആളുകൾ വരമുള്ള വസ്തുത ഇതിനു് ഉപോദ്ബലകമാണു്.

4. അടം — ഇടം

ഉതറിന കുരുകുചകുലചലതുണ്ഡം;
പതറിന പരനിരവിചലിതനാളം;
കതറിനമധുകരമുഖരിതകമലം[75];
ചിതറിനകതിപയമധുകണകപിലം;
കളകളമിളകിനവളയൊലിവിരവി-
ത്തളിരിളമൃദുകരകൃതതുടിതരളം;
കുളിർചെയ്യുമൊളികിളർ[76] കിളികളമൊഴിമാർ
കുളിരിളവളർമുലയകില്പരിമളിതം;
തുത്തല്പ്രതിനവദലനറുനെയ്തലൈ
മുത്തിത്തെളികൊളു[77] മളിരുതിമധുരം;
മത്തദ്വിപഗണവിഹൃതിഷു പൊലിയു-
മുത്തൊത്തഭിനവജലലവശിശിരം;
ചൊക്കട[78]മുഖവിസവലയലവന്ത-
ങ്കൊക്കിടയിട്ടവുതൊരഭിമതദയിതാ-
മുൽകടമദഭരമണകിന ജലചര-
കുക്കുടവിഹഗകുടീകൃതജലജം;
പട്ടതരഗണികാചരിതം പോലേ

---

75. 'ല'യുടെ ആദ്യഭാഗം മാത്രം ഗ്രന്ഥത്തിൽ കാണുന്നു.

76. 'ള'യുടെ ഉ[illegible]ഭാഗം ദ്രവിച്ചുപോയിരിക്കുന്നു'

77. കൊളും = [illegible]

78. ചൊക്കട = ഭംഗിയുള്ള.

കൈതവനമിത[79] * * * * * ഗം; (6b)

പുനലിതമാലസിതം പുറമതുകും

പുനലിതമാലസിതന്തന്നകമും

കരബകുളപ്രസവാമോദകരം:

കുംപിനസരസിജവിമുഖതരഞ്ചെ-

ൻറാമ്പലിലനുനിശമകവിതൾതോറും

പൂംപൊടിസുരഭിതമൊഴുകിന്ന പൂന്തേ-

നുംപിന മദകളമധംകൃതഭൃംഗം;

[80]വിനതതനടിമ[81]യെ വിട്ടുവിപ്പാമ്പ-

ണ്ടഹിരിപു ഹൃതമമൃതവനുട[82] ചിറകി-

നുറുകിനരയ ഹതമിടനിപതിതമി-

ഓലയുടെ പൊടിവു നിമിത്തം അന്ത്യക്ഷരം നഷ്ടപ്രായമായിരിക്കുന്നു. അല്പം ചില രേഖാംശങ്ങൾ അവിടവിടെക്കാണാം. എന്നാൽ അക്ഷരം നിസ്സന്ദേഹമായി നിർണ്ണയിക്കുന്നതിനു ഇതു പര്യാപ്തമല്ല എന്റെ അഭിപ്രായത്തിൽ, 'കൈതവനമിതം പാന്ഥഭുജംഗം' എന്നു ഈ ഭാഗം പുനഃസംവിധാനം ചെയ്യാം,

മാതാവായ വിനതയെ അടിമത്തത്തിൽ നിന്നു മോചിപ്പിക്കുവാനായി ഗരുഡൻ അമൃതം കൊണ്ടുവന്ന കഥയാണ്, ഇവിടെ സൂചിതമായിരിക്കുന്നതു്.

തനടിമ = തന്നടിമ. വൃത്തസൌകര്യത്തിന്നായി ദ്വിത്വം ഉപേക്ഷിച്ചിരിക്കുന്നു.

ഉട = ഉടെ

ങ്ങുപാറിനമിതി മനിവരുമള[83] സരസം;
കുറുകിന രാഹുഭയേന കദാചന
നിറമതി പെരുക വിയത്തൊഴ[84]*ട്ടിഹ
ചിറയുതുവായിതു വീണ്ണുകിടന്നെ-
ൻററിവവർ പുകഴമകൃത്രിമസാര-
ഞ്ചിറ ചെറുകടലിവ ഭാതി ച യസ്സിൻ[85]

പദ്യം 6

അത്യുക്തിയാകില്ലമളീകമിതെൻറു കണ്ടോർ
ചൊല്ലീടില്ലും കിമപി ചൊല്ലുവനുള്ളവണ്ണം;
അമ്മാടമുഞ്ചിറയുമപ്പുരിശൻറു[86]മിൻറു
[87]മ്മേലും ചമൈക്കരുതു മേലമർവോക്കുപോലും

---

83. അള = അളവ്. (ഇത്രത്തോളം, എത്രത്തോളം തുടങ്ങിയ രൂപങ്ങൾ ശ്രദ്ധിക്കുക.)

84. ഒരക്ഷരം തീരെ കാണാനില്ല. അതു് 'കീ' എന്നായിരിക്കുമെന്നു് സന്ദർഭാനുസാരം അനുമാനിക്കാം.

85. ഓലയിലെ വിരിവു നിമിത്തം അല്പം ഭാഗം എഴുതാതെ ഇരിക്കുന്നു.

86. മഹാകവി ഉള്ളൂരിൻെറ ഉദ്ധാരണത്തിലെ പാഠം 'പ കാളം = തെ ണു്'; 'ചമൈക്കരുതു്' എന്നതിനു് 'ചമയ്ക്കരുതു്' എന്നു വാക്കട = ഭംഗിയുഴിഞ്ഞു് കുറച്ചു സ്ഥലം എഴുതാതെ ഇട്ടിരിക്കുന്നു. ിവായിരിക്കണം കാരണം.

ദ്യം 7

തത്ര സമ്പന്നിധൗ,
തുംപയൺപുഞ്ചൈടെത്തംപിരാങ്കോയിലി-
ല്ലുംപഞ്ഞായിററു നല്ലട്ടമീവേലയാ[88],
കംപിതാശേഷലോകത്രയാഡംബരേ; (7a)
പാംപണിഞ്ഞപ്പനോട്ടുള്ള വൈരം പരം
മീൾവിതെൻറിട്ടോരുംപട്ട പൃം[89]വംപനോ-
ടേ വസന്തം വരുംപോഴ്‌വരും [90]പാട്ടപാ-
ട്ടെന്നമിമ്പക്കയില്ലാട്ടിനാലാകുലേ;
ചെൺപകപ്പൂവരുംപാനിരമ്പിൻറപോ-
ലേ പൊലിഞ്ഞൻറിയേയും പൊലിഞ്ഞേ ചുഴ-
ൻറും നിരക്കും വിളക്കിൻ വിളക്കത്തിനാ-
ല്പുജ്ജ്വലേ; കൈവിളക്കോട്ടടമ്പേ[91] * *
* ൻറ പൃൺപിന്‌പ്രഭാ കൈവളന്നോരൊടി-
പ്പൊൽകടിംപായ നന്മണിവിളക്കം പിടി-
ക്കിൻറ മുഖ്യാങ്ങ്ഗനാലംകൃതേ;

കുംഭമാസത്തിൽ അഷ്ടമി പ്രാചീനകാലംമുതൽക്കേ ശിവക്ഷേത്രത്തിലെ ഉത്സവദിനമായിരുന്നു. വൈക്കം മുതലായ ശിവക്ഷേത്രങ്ങളിൽ അഷ്ടമി ഇന്നും കേമമായി ആഘോഷിച്ചുവരുന്നുണ്ടല്ലോ.

'പൃം' എന്നു ഗ്രന്ഥത്തിൽ കാണുന്ന അനുസ്വാരം അവിവക്ഷിതമായിരിക്കണം.

പാട്ടപാട്ട് = ജയഗാനം.

മൂന്നക്ഷരം പൊടിഞ്ഞു പോയിരിക്കുന്നു. ചില രേഖ അവശേഷിക്കുന്നുണ്ട്.

നാലുവർണ്ണത്തിലും നാലമെംങ്ങൾക്കു*[92]-
രെൻറു വല്പത്തിനാല് നാലൃതിക്കും[93] നട്ട-
ക്കിൻറവാളോട്ട പോരിൻറ നാലൂർപ്രസൂ-
താഢ്യമാടമ്പിവഗ്ഗൈർവൃതേ;
മാടമാമുദയമാടേറുമപ്പുറകിഴാർ-
തങ്ങളാം പൂർണ്ണചന്ദ്രദ്വയേ വേലിയേ-
റിന കടല് പ്രതിമമൊച്ചപ്പട്ടും പട്ടമഹാ-
വാദ്യശബ്ദാദ്യവാചാലകോലാഹലേ;
ദാക്ഷിണാത്യൈർദ്വിജൈരീക്ഷണാത്യാദൃതേ;
വിച്ചുകണ്ടംങ്ങനേ നിശ്ചരന്തീം പുരഃ
കശ്ചിദാശ്ചര്യദേവോത്സവപ്രേക്ഷകഃ.
സർവഗന്ധർവയൂനാം വരഃ കാമസ-
മ്മോഹനാസ്ത്രാന്തരം കാമിനീമച്ചിയാ- (7b)
രാത്മജാമച്ചിവത് പ്രേയസീമിവ സതീ-
മുണ്ണിയച്ചീമധീരേക്ഷണാമൈക്ഷത.

അട്ടത്ത അക്ഷരം ദ്രവിച്ചു പോയിരിക്കുന്നു. അതു് 'നേ' എന്നാ-
ണെന്നു് ഊഹിക്കാം.

ദിക്കിൻെറ തദ്ഭവമാണു്.

ദ്യം 7

കണ്ടിട്ടേനാം കലിതപുളകാനന്ദകൗതൂഹലാത്മാ
മര്‍ത്ത്യാ ഭൃത്യാ നിജചലദൃശാം മററുവാതേതാം
മറന്നു്;
കീഴ്പ്പാടാനാക്കിളികളരവാം[94] കേട്ടപട്ടാങ്ങു്[95]
പൈതും;
ഗന്ധര്‍വ്വോഽസൌ ഗളിതഹൃദയോ ഗന്ധ–
വാഹസ്യ മാര്‍ഗ്ഗാത്.

ദ്യം 8

തന്മകനായിന മന്മഥനോടൊരു
[96] *ററമൊഴിപ്പാന്‍ മന്മഥവൈരിയെ
വന്ന വണങ്ങിന താമരമകളോ;
ചൂണ്ണുമെരിഞ്ഞ വിളക്കിഹ കണ്ടി-
ട്ടണ്ണമയാല്‍നം വിണ്ണവര്‍കോനടൈ

കിളികളരവം എന്നാണു് മഹാകവി ഉള്ളൂരിന്റെ പ

മഹാകവിയുടെ ഉദ്ധരണത്തില്‍ ഉപേതും എന്ന

ഇവിടെ ഒരക്ഷരം മിക്കവാറും പൊടി ട്ടാംശങ്ങള്‍
അവശേഷിച്ചിരിക്കുന്ന രേഖാംശവും പ്രക്ക
ഗണിച്ചു് അതു് 'ചി' എന്നാണെന്നു് ഊഹ

ക 97 * * * മുമെൻറു നിനച്ചീ-
ട്ടവനെക്കാണ്മാനവനിയിലവതീർണ്ണാ
കിന്നാ ശചീ ശശിവദനാ;
ചന്ദ്രശിഖാമണിചടമുടിയൺപിന്ന
ചന്ദ്രനെയണവാനഭിപതതി കിമു
രോഹിണി മെയ്യേ;
മൂവാത്തിംകളണിഞ്ഞാ പിരാനുടൈ
മൂവരാക്കുത്തിവിടൈക്കണ്ട പ-
യററിക്കൊൾവാങ്കേവലമുർവശി
കിഴ്പോന്നോളോ;
ദിവാകലാപവിഭൂതിമമുഷ്മിൻ
ദേവപ്പ്രീതൈ്യ മററു പെരുപ്പാൻ
ജ്യോതിർദ്ദേവതയെഴുനള്ളീതോ:
രൂപവതീ ന സുധാ നയനാനാം;
പെണ്ണുരുവായിന പുണ്യനി98 * മതി
മണ്ണില്വിളംങ്ങി വെളിർപ്പുളോളോ; (8a)

ടുത്ത മൂന്നക്ഷരം പൊടിഞ്ഞു പോയിരിക്കുന്നു. ആദ്യത്തേത
എന്ന ദ്വിതമുള്ള വ്യഞ്ജനമുണ്ടെന്നു നിർണ്ണയിക്കത
അതിൻെറ ആദിഭാഗം കാണാം. അടുത്തതു രണ്ടും ത[illegible]1.
നായിരിക്കുന്നു.

93. തിക്ക,

ഒരക്ഷരം ഓല പൊടിഞ്ഞു നഷ്ടപ്പെട്ടിരിക്കു
ത്രുകാരചിഹ്നം (ാ) കാണുന്നുണ്ട്. അതു
ന്നു് അനുമാനിക്കാം.

പൃവില്ലത്തിലിരുക്ക[99]ന്തേവൻ
പൃവില്ലിക്ക ചമൈച്ചിതു കിംവാ
പൃവല്ലാതുതൊരസ്സം[100]* * *
ൻറാരിപ്പോയവളാരില്യ മഴ[101]* *
രൂപവിലാസാ; ചാരണസിദ്ധ-
സുരസ്ത്രീണാമപി ചാരുതയുമ്മമ
ചേതസ്സാരമുമൊക്കെക്കൊണ്ടു മു-
ടിച്ചവളെൻറഥ ഗന്ധർവ്വയുവാ
ചൊന്നതു കേട്ടിട്ടഞ്ഞൊരു[102]* *–
മ്പൊങ്ങിന കൗതുകമേവമുവാച

8

ആയില്ലേൾക്ക ഭവാനശേഷമവൾതമ്പ
ട്ടാങ്ങിദഞ്ചൊല്ലലാ—

---

99. ദേവപദത്തിൻെറ തദ്ഭവമാണ് തേവൻ.

100. മൂന്നോ നാലോ അക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു. അവയുടെ അടിവശം അല്പാല്പം കാണാം. എന്നാൽ ഈ രേഖാലേശം വച്ചുകൊണ്ട് ഒന്നും ഊഹിക്കുവാൻ നിവൃത്തിയില്ല.

101. അടുത്ത രണ്ടക്ഷരം തീരെ ദ്രവിച്ചുപോയിരിക്കുന്നു. അവ 'കിന' എന്നായിരിക്കാം.

102. രണ്ടക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു, അവശിഷ്ടരേഖാംശത്തെ ആസ്പദമാക്കി ആദ്യത്തേതു് 'ച' ആയിരിക്കാമെന്ന് ഊഹിക്കാം. രണ്ടാമത്തേതു് തീരെ കാണാനില്ല.

ന്നിത്യാനന്ദകരീ നിതംബനഗരീനാരീശിഖാ[103]

ക്രിയ

കാച്ചില്ലണ്ടു വടക്കു പോന്നാ കമലേവാംഭോജ-

മഞ്ചംപനോ-

ടാവാസന്നിജമാക്കിനാളതിയമാനല്ലൂരിതി-[104]

ഖ്യാപിത

പദ്യം 9

തസ്മി[105]ന്നള്ളരിടന്തനക്കു തിലകേ താഴാത-

സമ്പന്ന

നാനാ നാട്ടു പുലങ്ങളാല് പരിലസന്നക്ഷത്ര-

താരാധ്യു

---

103. അടുത്ത അക്ഷരം തീരെ പൊടിഞ്ഞുപോയിരിക്കുന്നു. പ്രക്ര മനുസരിച്ച് അതു് 'ലം' ആണെന്നു നിർണ്ണയിക്കാം.

104. അതിയമാൻ അഥവാ അതിയമാനെടുമാനഞ്ചി എ മഹാൻ പ്രാചീനകാലത്തെ ഒരു ഇടപ്രഭുവായിരുന്നു. ഔദ നിധിയായിരുന്ന അദ്ദേഹം 'അവ്വൈ' എന്ന കവയത്രിയു രക്ഷാധികാരിപദം അലങ്കരിച്ച് യശസ്വിയായിത്തീർ അദ്ദേഹം ഏഴു കുടൈവള്ളൽകളിൽ ഒരുവനായിരുന്നു എന്നു തമിഴ് ലെക്സിക്കൺ 75-ാം പുറത്തു് രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ 682-ാം പുറത്തു് ഈ ഏഴു കവിപ്രണയികളുടെ നാ ധേയം കൊടുത്തിരിക്കുന്നതിൽ അതിയമാനെ ഉൾപ്പെടുത്ത ക്കാണുന്നില്ല.

105. അള്ളർ ദൈവവാചിയായ ഒരു അറബിവാക്കാണ്.

അർത്ഥാനാമതിഭ്രമിമാനതിയമാനൈന്ദ്രേ[106]
യഥാമന്ദിരേ
വാഴ്വോനപ്സരസോ ഭവന്നവനുടേ വംശേ
ച കാ[107]*സ്ത്രീയാ-

ഗദ്യം 9

കുഹചന വിദ്രുമഭദ്രാംകണവതി
കാന്തിമുപേതം ഹരിമണിസുന്ദര-
മന്ദിരമൊരടം (8b)
ഗരുഡോപലസിതമങ്ങൊ[108]രിടത്തപി;
സൂര്യമണിസ്ഫുരിതാലയമൊരിടം[109];
ധനദപ്രണയിനികേതനമൊരിടം,[110]
കാഞ്ചനമയ്യുഞ്ചിതരുചി[111]* * *
* * ത്തിരി മഹിതാ
തളിയന്തളിയില്ത്തളിരൊളിമേനിമ-
ടന്തയർ കോയില്വമൊത്തു വിഭാതി ച
യത്ര ഹി ചിത്രം.

---

106. അതിയമാൻ + ഐന്ദ്രേ = അതിയമാനൈന്ദ്രേ

107. ഈ അക്ഷരം വ്യക്തമല്ല. 'ററ്യാ' എന്നോ 'ററ്ത്യാ' എന്നോ കഷ്ടിച്ചു വായിക്കാം,

108—110—അടം, ഇടം, ഈ രണ്ടു രൂപവും ഗ്രന്ഥത്തിൽ കാണുന്നുണ്ട്.

111. അടുത്ത അക്ഷരങ്ങളുടെ ഊർദ്ധ്വഭാഗം ഓലയുടെ പൊടിവുനിമിത്തം അദൃശ്യമായിരിക്കുന്നു. വസതിരൊരു എന്നായിരിക്കണം ഈ അർദ്ധനഷ്ടമായ അക്ഷരസംഹതി.

പദ്യം 10

പണ്ടേയും ഗദ്യപദ്യപ്രഭൃതിഭിരവിടംവർണ്ണി.
തന്തത് കഥാസ്ഥാം;
നങ്ങൈപ്പിള്ളേളതി കാചിന്നവന[112] * * *ശാം
നായികാ തത്ര ജാതാ
തസ്യാമാചന്ദ്രതാരാവധി പെരിയ പുകഴ്ക്ക-
ച്ചിപോലച്ചിയാൾ-
ൻറുല്ലന്നാസൗ ച പെററാൾ തരുണരുയിർ-
മ[113]* * *മപ്പെണ്ണിര

ഗദ്യം 10

മഴയിരുൾ മലക്കുഴമിയനിഴല്-
ത്തഴയണി കുഴല് പുറവിലസിതാ;
കുഴവിമതിനേരളികലളിതാ;
കഴിയിലെഴമക്കുവളമഴവം-

---

112. ഓല ദ്രവിച്ച് മൂന്നക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു. ഇവയിൽ ആദ്യത്തേതു് 'ളി' ആണെന്നു നിർണ്ണയിക്കത്തക്ക വണ്ണം രേഖാംശം അവശേഷിക്കുന്നുണ്ടു്. അടുത്ത രണ്ടക്ഷരവും തീരെ പൊടിഞ്ഞു പോയിരിക്കുന്നു. 'നവനളിനദൃശാം' എന്നായിരിക്കണം ഈ ഭാഗം.

113. അടുത്ത മൂന്നക്ഷരങ്ങളിൽ ഒന്നാമത്തേതിൽ രേഫം സ്പഷ്ടമായിട്ടുണ്ടു്. ഉകാരചിഹ്നം ഏറെക്കുറെ ദൃശ്യമാണു്. രണ്ടാമത്തേയും മൂന്നാമത്തേയും അക്ഷരം തീരെ കാണാൻ പാടില്ല. "മരുക്കിട്ട മപ്പെണ്ണിരണ്ടു" എന്നു വായിക്കുന്നതു് ഉപപന്നമായിരിക്കും.

ഷിയ[114]* *ഴറുന്നെറിയല്മിഴിയാൾ;

കുഴലിലൊലിനേർമഴലമൊഴിയാൾ;

പകഴമണിവായ് പകലൊഴിവിനാ-

ലഴക പൊഴിയുമ്മുഴമതിമുഖി;

തഴകുമ[115]* രൊള്ളഴലൊഴിയുമാ-

റിഴകുമതില്മേമ്മേഴമുലയിനാൾ;

ഒഴകുയമുനാവഴിമയിരൊഴക്കിലകുമുദരാ;

പിഴവിയ മനോഭവമണിരഥപ്രതിമ-

ജഘനാ; (9a)

കൊഴകൊഴ മികും കുളിർകതളിയെ-

പ്പഴിചെയുമെഴിൽകുറകുയുഗളാ;

കുഴമയരിയൊത്ത സിതനഖാ;

പഴമകളയുന്തളിരൊളിപദാ;

മെഴമെഴ മൃദുത്തിരുവുരുവിനാഴ്[116]

കഴകമറിയുന്നിജഗുണഗണൈരഴകിതി

പൊലിഞ്ഞുള്ളവകളില്പ്രഥമജനിതാ.

---

114. രണ്ടക്ഷരം തീരെ നഷ്ടപ്പെട്ടുപോയിരിക്കുന്നു. "പുകഴെറും" എന്നോ മറേറാ ആയിരുന്നിരിക്കാം.

115. ഒരക്ഷരം നഷ്ടപ്പെട്ടുപോയിരിക്കുന്നു. "തഴകുമവരുള്ളഴൽ" എന്നായിരിക്കാം. 116 തിരുവുരുവ്വിനാൾ.

ഗദ്യം 11

തളിരുടേ തരളതാതളർവളന്തന്നിറ-
ന്തളപരക്കിൻറ താമ്രോജ്ജ്വല[117] * * *
പുറവടിദ്യുതിയുടേ പുറവുറം വയ്ക്കുമ-
പ്പുതിയ പൊല്ത്താമരെപ്പുറവിതൾ-
പൊലിവിനാ—
ലന്നമെന്നടയുമപ്പിടിയുടേ നടയുമൊ-
ട്ടന്യമല്ലാതവ (റ) * [118]ലസലീലാഗതാ;
കണ്ടല്മൊട്ടിനെയുമക്കണ്ടകം കുവ്വതീ
കണ്ട ഭീത്യാകളൈക്കാലിണൈക്കാന്തിയാൽ;
തുംപി വകൈ തുലോന്തുടവുതാം കതളിയു-
ന്തോൽക്കമാറാവരുന്തുടയിണൈത്തോരണാ;
തിട്ടമാമണ[119]ലെയുന്തിണ്മണിത്തേരെയു-
ന്തിഷ്ഠവെല്ലരുതെനത്തിരളുമല്ലില്[120]ത്തടാ

117. അടുത്ത അക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു. എന്നാലും അതിൽ ൽപ്പ എന്ന അംശം ഉണ്ടെന്നുനിർണ്ണയിക്കത്തക്കവണ്ണം രേഖ അവശേഷിക്കുന്നുണ്ട്. തുടർന്നുള്ള രണ്ടോ മൂന്നോ അക്ഷരം തീരെ നഷ്ടപ്പെട്ടുപോയിരിക്കുന്നു.

118. തുടർന്ന് ഓല പൊടിഞ്ഞിരിക്കുന്നു. 'വാറലസലീലാഗതാ' എന്ന് വകാരത്തിൻെറ ദീർഘവും നഷ്ടപ്പെട്ടുപോയ 'റ' എന്ന അക്ഷരവും ചേർത്തുവായിക്കുന്നതു് അസംഗതമാകയില്ല.

119. 'ണൈ' എന്നെഴുതിയിട്ട് 'ൈ' എന്ന അംശം മാത്രം വെട്ടിക്കളഞ്ഞിരിക്കുന്നതായി തോന്നുന്നു.

120. അൽക്കീടം, അൽക്കിടം, അൽക്കിതം എന്നീ രൂപാന്തരങ്ങളും ഈ വാക്കിനുണ്ട്.

വടദലാകൃതിയുടേ വടിവു വാട്ടാമള[121]-
വരവലീശോഭിമന്ദോദരോല്ലാസിനി;
മയിരൊഴുക്കിന്മനോഹരതയാ മാഞ്ഞുപോ-
മ്മദനമൗർവ്വീലതാ[122] * * * * * * *
തുടിയിടൈത്തുലനയാ തുടിയളന്നേരമ-
ന്നുടരവല്ലാതവഞ്ചിക്കൊടീവിഭ്രമാ;
പൊൽക്കുടത്തെയുമുടൻപൂമല[123]*ത്തെയും (9b)
പൊ[124]* * * * * *ക്കോരകാ;
വാകമാലൈക്കു തൻ വലയനാദങ്ങളാൽ
വാഴ്ക്കയില്ലെൻറു വാവിട്ടു ചൊല്ലിന ഭുജാ;

---

121. അള — അളവ്.

122. അടുത്ത ഏഴക്ഷരം പൊടിവുനിമിത്തം ഏററവും അവ്യക്തമായിരിക്കുന്നു. ഭാഗീയമായിക്കാണുന്ന ലിപിവിന്യാസത്തെ ആസ്പദിച്ച് ഈ ഭാഗം മധുപമാലാപ്രഭാ എന്നു പുനഃസംവിധാനം ചെയ്യാം. തുടർന്നുള്ള ഏഴക്ഷരത്തിൻെറ ഉപരിഭാഗം അല്പാല്പം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിലും വായിക്കുവാൻ വലിയ വൈഷമ്യമില്ല.

123. അടുത്ത അക്ഷരത്തിൻെറ എകാരചിഹ്നം (െ) മാത്രമേ വ്യക്തമായിക്കാണാവൂ. മററു രേഖാംശംകൊണ്ടും പ്രകൃതംകൊണ്ടും മലർത്തൊത്തെയും എന്നുവായിക്കാം.

124. അടുത്ത അക്ഷരങ്ങൾ ഓല ദ്രവിച്ച് നഷ്ടമായിക്കുന്നു. ആദ്യത്തെഭാഗം പോയ്ക്കുട്ടററുന്ന എന്നായിരിക്കാമെന്ന് ഊഹിക്കുവാൻ അല്പമായ അവശിഷ്ടരേഖ പ്രേരിപ്പിക്കുന്നു.

പരമപുരുഷനുടേ പാഞ്ചജന്യത്തെയും
പാർത്തുതോൻറിക്കുമപ്പുരിലസൽഗളശിഖാ:
മററു പെററുദിതചന്ദ്രനു മുന്നേ മുയൽ–
ക്കറമൂക[125]ക്കേട്ടു ചെയ്യുമ്മുഖാംഭോരുഹ ാ
പകഴമാമണിയെയും പകപബിബത്തെയും
പാർത്തുതോററിക്കുമ[126]* * * ധരസുധാ;
മുല്ലനമ്പലരിലും മുത്തിലും മുമ്മട–
ങ്ങഴകിൽ മുഴുകിൻറ മുഗ്ദ്ധസ്മിതാ[127];
കിന്നരീഗീതമും കിളിയുടേ മാററമും
കിമപി കീഴിട്ടുമളം കേളിമഞ്ജുളരവാ;
നക്രകേതനസരോനളിനകർണ്ണികകളും
നവതിലപ്രസവമുന്നാണമന്നാസികാ;
കമ്രകന്ദർപ്പദർപ്പണരുചിം കേവലം
കവലയാക്കിന കപോലസ്ഥലാലംകൃതാ,

---

125. മൂകം; മുഖത്തിൻെറ തദ്ഭവമാണ്.

126. അടുത്ത രണ്ടക്ഷരം തീരെ പൊടിഞ്ഞുപോയിരിക്കുന്നു. മൂന്നാമത്തേതിൻെറ ആദ്യഭാഗവും കാണ്മാനില്ല. എങ്കിലും അതു് 'വാ' ആണെന്നൂഹിക്കാം. ആകെക്കൂടി നോക്കുമ്പോൾ 'തോൻറിക്കുമപ്പേലവാധരസുധാ' എന്നായിരിക്കണം ലേഖനം ചെയ്തിരുന്നതെന്ന് തീരുമാനിക്കാം.

127. ഈ വാക്യത്തിൽ അക്ഷരലോപംകൊണ്ടു വൃത്തഗന്ധം കുറഞ്ഞിരിക്കുന്നു.

കാമപാശത്തെയും കനകഡോളകളെയും
കാളികൊള്ളിൻറ കർണ്ണദ്വയീവർണ്ണിതാ;
മറി[128]* ദിക്കണ്ടെയുമ്മാനുടേ നേത്രമും
മറുതലൈച്ചുഴിയുമമ്മല്ലനീലേക്ഷണാ;
ചിത്തസംഭവനുടേ ചിതവില്നെറിയലൈ-
ച്ചില്ലയാക്കിന ചലച്ചില്ലിവല്ലീയുഗാ;
പടർചടൈത്തം[129]* രാമ്പനിമതിപ്പകുതിയെ-
പരിശ്രുറുന്നൊററിയാല്പരിഭവന്തീ പരം;
താഴ്പനെംകുല തനിക്കുരിരിട്ട[130]ളികുല-
ത്തണ്ടഴെക്കിൻറ കാർമേഘമെൻറിവകളൈ-
ത്തായമാടിത്തഴെച്ചവിരളാമോദി[131]*
* * മവാർകുന്തലാല്ത്താമവൽകന്ധരാ;
പൊന്നൊളിത്തുമയെപ്പൊങ്ങുബിംബത്തിനാ-
ല്പൊന്നു പോരെൻറും പോർ തണ്ടുമംഗോ-
ജ്ജ്വലാ;[132]

---

128. ഒരക്ഷരം പകുതി പൊടിഞ്ഞുപോയിരിക്കുന്നു. 'വ' ആയിരിക്കണം.

129. അടുത്ത അക്ഷരം കുറച്ചു പൊടിഞ്ഞിരിക്കുന്നു. 'പി' എന്നാണെന്നു തീരുമാനിക്കാം.

130. ഇരിട്ട് = ഇരുട്ട്.

131. മൂന്നക്ഷരം തീരെ നഷ്ടപ്പെട്ടുപോയിരിക്കുന്നു.

132. അടുത്ത രണ്ടക്ഷരം പാടേ ദ്രവിച്ചിരിക്കുന്നു. മൂന്നാമത്തെ അക്ഷരം അല്പം പൊടിഞ്ഞിട്ടുണ്ടെങ്കിലും 'ല' ആണെന്നു സ്പഷ്ടമാണ്. സകല എന്നായിരിക്കണമെന്ന് പ്രകൃതാനുസാരം അഭ്യൂഹിക്കാം.

* *ലനാരീഗ്ഗണൈസ്സമുദിതാ നിരുപമാ
വർദ്ധിതാ പിന്നെയംങ്ങച്ചിയാക്കിളയ പെം
ണ്ണുണ്ണിയച്ചീതിയ(ാ)[133]* ത്വയാലോകിതാ.

പദ്യം 11

അക്കാലത്തിയമിഞ്ഞു പോന്നതിയമാനല്ലൂരിൽ
നിൻറംങ്ങനേ
പത്മാ പാ[134]ല്കടല്തന്നില്നിൻറിവ ലല
പ്പ്രത്ഥേ മനോജ്ഞാകൃതി
[135]* *ശ്രീരവിണാ ചിരം വിരചിതേ കോലത്തു
പുക്കാൾ പുരാ
പുണ്യമ്മാധവഗാത്രവൽപ്പുറകിഴാനാടിൻറണി-
ഞ്ഞാളിദം

---

133. 'യാ' എന്ന സർവനാമത്തിലെ ദീർഘചിഹ്നം കാണ്മാനില്ല. അടുത്തതായി രെക്ഷരവും നഷ്ടപ്പെട്ടിരിക്കുന്നു. അതു് 'സാ' എന്നായിരുന്നിരിക്കാം.

134. ഗ്രന്ഥത്തിൽ. പതിവിനു വിപരീതമായി കകാരത്തിനു് ദ്വിത്വം കാണുന്നില്ല.

135. രണ്ടക്ഷരം, ഓല പൊടിഞ്ഞു് അദൃശ്യമായിരിക്കുന്നു. 'വീര' എന്നോ മറേറാ ആയിരുന്നിരിക്കാം.

പദ്യം 12

ഏവം തസ്യ വചോ നിശമ്യ കനിവു—

റേനാ[136] * * * *തേ-

ൻറത്യാവേശമനിദ്രയാ പുലർവളം ചിന്തിച്ചിരു

ന്നംങ്ങനേ

കാമി കാമരിപ്പും വണാംങ്ങിയവിടെച്ചാത്രേണ

പോയാനുടൻ

ഗന്ധർവ്വോപി ച ഗന്ധ[137] * * * * *രസ്യാ

നികേതം പ്രതി.

ഗദ്യം 12

വാണിയമഴകിതു വിണിയ[138] വിററവ

കോണിയ വൈയ്ത്തവയരിയോ നെല്ലോ;

---

136. അടുത്ത രണ്ടക്ഷരം പകുതി വീതമേ കാണാവൂ. എങ്കിലും 'മിനി' എന്നു വായിക്കാം. തുടർന്നുള്ള രണ്ടക്ഷരം തീരെ അപ്രത്യക്ഷമായിരിക്കുന്നു.

137. അഞ്ചക്ഷരം എഴുതിയിരുന്ന പത്രഭാഗം ദ്രവിച്ചുപോയിരിക്കുന്നു. ആദ്യത്തെ അക്ഷരത്തിൽ സകാരമുണ്ടെന്നു തീരുമാനിക്കത്തക്ക രേഖ കാണുന്നുണ്ട്. അതുകൊണ്ട് 'സിന്ധുര' എന്നവാക്ക് ഉണ്ടായിരിക്കുമെന്നൂഹിക്കാം — ഗന്ധസിന്ധുരഗതേരസ്യാ.

138. 'വി' യോ 'പി' യോ എന്നു സന്ദേഹം തോന്നും. 'വി' ആയിരിക്കണം.

പിച്ചുളനാട്ടിനു പോക ചര[139]* * *
*ച്ചുള നിങ്ങൾ നിറുപ്പിച്ചുളവിൽ
[140]*ച്ചുളവില്ല നമക്കറിയോന്നാം
പൊച്ചുളവുഞ്ചതിയും വല്ലേൻ ഞാൻ;
തൃച്ചുളരിപ്പെരുമാ[141]* * * ററൻ
പച്ചയുളന്നല്ലചുടൻ തരല[142] *
* *വടിയുമിച്ചേലയുമൊൻററൈ-
യച്ചു പെറുൻറതു കച്ചുഞ്ചൊല്ലാം;
പച്ചൈപ്പടമിവ വിച്ചൈ[143]* *
* * *മളുതുയ നിനൈച്ചാൽ
പത്തച്ചേറ[144]ക്കാൺമരിതറിവോർ.
കമ്പിളി തരുക കരുംപടമും കൊൾ
കംപിളി നാട്ടടെയടികളിരുപ്പാൻ.

---

139. അടുത്ത അക്ഷരം അവ്യക്തമാണ്. എങ്കിലും 'ക്കി' എന്നായിരിക്കാമെന്നൂഹിക്കാം. തുടർന്നുള്ള രണ്ടക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു.

140. അടുത്തതു് 'ഒ' കാരത്തോടുകൂടിയ ഒരു വ്യഞ്ജനമാണ്. ഗ്രന്ഥത്തിൽ 'ൊ' എന്നു് വ്യഞ്ജനാക്ഷരംകൂടാതെ സ്വരത്തിന്റെ ചിഹ്നം മാത്രം കാണുന്നുണ്ട്. (കൊ?)

141. രണ്ടോ മൂന്നോ അക്ഷരം നഷ്ടമായിരിക്കുന്നു. ആദ്യത്തേതിന്റെ എകാരചിഹ്നം (െ) കാണാനുണ്ട്.

142. അടുത്ത അക്ഷരം ദ്രവിച്ചുപോയിരിക്കുന്നു. രണ്ടാമത്തേതു് 'പ' യോ 'വ'യോ ആയിരിക്കാം.

143. ഒന്നോ രണ്ടോ അക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു.

144. 'ക' എന്നും 'ക്ക' എന്നും വായിക്കാം. ഈ അക്ഷരം വെട്ടിയിരിക്കുന്നോ എന്നും സംശയിക്കാവുന്നതാണ്.

കംപിയൊരെൺപതു നംപി പറൈഞ്ഞു

ചെംപുനിറത്തിനതയ്മ്പതു പോതും;

ചെമ്പടമൊട്ടവരുംപടി കൊള്ളെ—

നെമ്പ്രാനച്ചിവ ചാംപ്രാണിപ്പടി

നമ്മാണക്കൊട[145]* ണി കുറൈക്കില്യ—

മമ്മാണിക്കി പെറുമ്മാവിത്തന

പ്പൊന്മാരിത്താ പാണ്ടി കൊട്ടത്തവ

മീണ്ടു വരിൻറിതു നീണ്ടിതു കാലമി-

നികൊളെവാരാർ വേണ്ടുകിലിന്ന മ-

റെപ്പണമൊഴിവിതു[146]* *ലി മുപ്പല-

മൊപ്പട വില്ലിതു തപ്പമെനക്കിതു

ചുക്കൊരു പലമേ വില്ലുരുതേറ-

ച്ചക്കരെ തരുവൻ തക്കറി തരുകില്-

വഴ്ക്കരമൂലമമുക്കിരമും കൊൾ

ചോളത്തരി [147]*വ വെളൈക്കരി കൊൾ

145, രണ്ടു മാത്രയുള്ള അക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു. 'മ്മാ' എന്നായിരിക്കാം.

146. രണ്ടക്ഷരം ദ്രവിച്ചിരിക്കുന്നു, ഒന്നാമത്തേതു് തീരെയില്ല. രണ്ടാമത്തേതിന്റെ അംശമുണ്ടു്. അതു് 'പ്പാ' ആയിരുന്നിരിക്കണം തിപ്പലി എന്നു വായിക്കുന്നതു് പ്രകൃതത്തിനു് അനുഗുണമായിരിക്കും.

147. ഒരക്ഷരം തീരെ നഷ്ടപ്പെട്ടിരിക്കുന്നു.

കോ[148]* * ളവിതു നാളെക്കറവിനി
മിളകും പൊള്ളകളളവൃന്തള്ളിതു
കളയ്യന്തരുമതു തുള്ളനംപിയൊടൊരു
വ[149]*തം പറയെമ്പട്ടും കാംപും
കാൺപിതു കൊൾകില്ലട്ടിനി വന്തോല്
തോൽക്കും വേണ്ടാ പട്ടളിനായർ
പറഞ്ഞതിലൊട്ടൊരു നെട്ടന്താമാം
പട്ട[150]*രകതിരുവാണ മുതൽപേ-
രെട്ടരെയെട്ടോ വ തിയുമൊണ്ടൊരു
ചെട്ടല്ല ചൊന്നതു പട്ടരുട്ടപ്പാൻ
തരുവൻ, തരലാം കേട്ടോം കാശിതി-
[151]ടാവി * യിട്ടെ[152]*കൈംപണ്ടകനോ-
ടിറയച്ചൊല്ലമാട്ടൊന്നുഹ്മ
കരേണ ഹിസ്തുവഡിസേഹ്മീ

---

148. രണ്ടക്ഷരം മുഴവൻ പൊടിഞ്ഞുപോയിരിക്കുന്നു.

149. അടുത്ത അക്ഷരത്തിൻെറ അല്പം രേഖ മാത്രമേ കാണാനുള്ളു. 'ള്ള' എന്നാണെന്ന് ഊഹിക്കാം.

150. ഒരക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു.

151. അടുത്ത അക്ഷരത്തിലെ ലകാരത്തിൻെറ അംശം കാണാനുണ്ട്. 'ലൈ' എന്നായിരിക്കണം അക്ഷരത്തിൻെറ പൂർണ്ണരൂപം.

152. അടുത്ത അക്ഷരത്തിൻെറ ഉപരിരേഖാംശംമാത്രം കാണ്മാനുണ്ട്. അതു് ഇന്നതാണെന്നൂഹിക്കുവാൻ വിഷമമായിരിക്കുന്നു. 'ററ' ആയേക്കാം.

കഹതുഹൻവഹ്റകെളജ്തഥണ ദേഒ,
വാരിത്തപ്പന്നീരഢയിദ്ദാ
ഹാവര[153] * * * * * * * * * യ
പഢണി പുതൈ കുച വൈത്ത വിലൈകപി-
(11b)
ലൈക്കയിനെകയിനമഗാ ഒള്ളി
154* *രേമക്കിക്കീരേഗ്ഗുപ്ഥസ-
ഹട്ടം വെല്ലും ദേവാ 155* * ** * * * *
എസ്സാനെസ്സിതി മലയാളരുട[156]
ച്ചോഴിയരാട്ടരിയർകരുനാടകകുട-
കശകാദികൾ നാനാദേശികൾ
പേശ്ശും വാണിയഭാഷാഭ്രഷിത-
മങ്ങാ[157]*യുമധ കണ്ടു നടന്നാൻ.

---

153. എട്ടൊമ്പതക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു. ആദ്യത്തെരണ്ടക്ഷരത്തിനു ഈകാരസ്വരമുണ്ടെന്നു അവശിഷ്ടമായ രേഖകൊണ്ടു തീരുമാനിക്കാം.

154. രണ്ടക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു.

155. എട്ടുപത്തക്ഷരം എഴുതിയിരുന്ന ഓലയുടെ ഭാഗം ദ്രവിച്ചുപോയിരിക്കുന്നു. ആദ്യത്തെ നാലക്ഷരം 'എല്ലച്ചെണ്ണാ' എന്നു വിഷമിച്ചുവായിക്കാം. അവസാനത്തെ അക്ഷരം 'ഞ്ഞ' ആയിരിക്കാമെന്നും ഊഹിക്കാം.

156. 'ട' കഴിഞ്ഞു 'ർ' എന്നെഴുതിയിട്ടു വെട്ടിയിരിക്കുന്നതായി തോന്നുന്നു.

§ 'യ' കഴിഞ്ഞു, ല എഴുതി വെട്ടിയിട്ടു ര എന്നു അതിന്റെ പുറത്തു എഴുതിയിരിക്കുന്നു.

157. അടുത്ത അക്ഷരം കുറെ പൊടിഞ്ഞുപോയിരിക്കുന്നു. അതു 'ടി എന്നായിരിക്കണമെന്നു ഊഹിക്കാം.

ഗദ്യം 13

പിന്നെയൊട്ടംങ്ങനേ ചെൻറവാറേ മുഹ്ഹ:
പിന്നലൊട്ടേടമുമ്മുന്നലൊട്ടേടമും
കാട്ടിയൊട്ടൈത്തുണി[158]*ച്ചുട്ടയും വാങ്ങ്ങിവ-
ച്ചുക[159]* *വചൂട്ടിയക്കയ്യുമാട്ടിക്കരൈ-
ക്കിൻറപേയ്പ്പട്ടിനാപോലെ തീത്തൊട്ടമി-
ല്ലാത നാണത്തിനാല് വട്ടേ[160]* കട്ടമേ
നിങ്കടൈപ്പാഴ്കു[161]* ം കുട്ടമൊളേളാക്കൻറ-
ത്തുന്തൊട്ടവക്കന്നുലോം കുട്ടമൊണ്ടായ്-
വരുന്നട്ടമായ്പ്പോയിടം മുട്ടി ചുട്ടിട്ടു
നിൻ[162]* *ഞ്ചില് വച്ചാലിരക്കിമെല്ലോ കറു
പ്പമമെലിമമേറിടൈടീ പയ്ത്തിനിപ്പറയി
നിൻ പൊത്തിനില്ലുരു[163]വെഴച്ചത്തിനിപ്പോവ

---

158. 'ച്ച'യുടെ മുമ്പ് ഓല പൊടിഞ്ഞിരിക്കുന്നു.

159. അടുത്ത രണ്ടക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു.

160. അടുത്ത അക്ഷരത്തിൻെറ ഏകാരചിഹ്നം സ്പഷ്ടമായി കാണാം. തുടർന്നുള്ളതു് 'മ' എന്നായിരിക്കാൻ ഇടയുണ്ടു്.

161. അടുത്ത അക്ഷരം നഷ്ടമായിരിക്കുന്നു. എന്നാൽ അതിൻെറ അനുസ്വാരചിഹ്നം കാണാനുണ്ടു്.

162. രണ്ടക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു. രണ്ടാമത്തേതിൻെറ അവസാനരേഖാംശം കാണുന്നതിൽനിന്നും അതു് 'ന' എന്നായിരിക്കാമെന്നു വിചാരിക്കാം.

163. ഈ അക്ഷരം 'രു' തന്നെയായിരിക്കണം. സാധാരണയിൽ നിന്നു് അല്പം ആകൃതി വ്യത്യാസമുണ്ടു്

നീചത്തി നീ മത്തിമീനിന്നപോ[164]* * *
മുക്കുവരെയുന്തത്തിയേറീട്ടമൊൻെറസ്സി (12 b)
നൊൻറീലപോൽ നിള്ളെ§യെച്ചുട്ടനിരുച്ചംനി
യെത്തോട്ടപോകള്ളുണിപ്പുലയി നിൻപിള്ള-
യെപ്പെറുമടന്തള്ളുമത്തവിട്ട[165]* * * ംപെറാ
മുറിതലേ മറുതലെച്ചൊൻറിനിച്ചൊല്ലുകിൽ
ചൊല്ലുവൻ തണ്ടമാണ്ടൊണ്ടൊരാഴക്കകൾ
തിരുനലൈത്തണ്ടനായനമുടൈപ്പണ്ടികാ-
ട്ടിന തുട[166] * * * * * ൻറിട്ടവ-
മ്പെണ്ടിലച്ചിട്ട[167]* * *തെല്ലാമുമി-
ണ്ണാക്കിടന്നോർ ചൊല്ലുക്കുണ്ടമേ പാക്കിയം

---

164. രണ്ടോ മൂന്നോ അക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു. അവസാനത്തേതു് പകുതികാണാം. അതു് 'ത്തു' ആണെന്നു് ഏറെക്കുറെ തീർച്ചയാക്കാം.

§ രണ്ടാമത്തെ പുള്ളി എഴുതിയിട്ടു് അതിൻെറ മുകളിൽ 'യ' എഴുതിയിരിക്കുന്നു.

165. നാലക്ഷരത്തോളം നഷ്ടമായിരിക്കുന്നു. 'ട്ട' വിനെത്തുടൎന്നുള്ള അക്ഷരം 'പെ' എന്നായിരിക്കാം. ഒടുവിലത്തെ അക്ഷരത്തിന്റെ അനുസ്വാരചിഹ്നം കാണാനുണ്ടു്.

166. നാലഞ്ചക്ഷരം നഷ്ടമായിരിക്കണം. ഒടുവിലത്തേതിൻെറ ഇകാരചിഹ്നം കാണാം. ആ അക്ഷരം 'നി' ആയിരിക്കാം.

167. മൂന്നക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു. ഒടുവിലത്തേതു് 'ണ്ട' എന്നാണെന്നൂഹിക്കത്തക്കവണ്ണം രേഖാംശം കാണാം.

കെട്ടപഴഞ്ചേരിയമ്മെക്കറുത്തൊററു നീ-
ച്ചോരി[168]* * * *ാഴ്ക്കടച്ചെറുമി നീ[169]
* *പോയിടമ്മുക്കറുക്കപ്പട-
മ്മുക്കനാല്കടിപെറന്നാക്കറിച്ചിട്ടനാ
നായ്കിടപ്പട്ടനരിക്കിര കൊട്ടക്കപ്പട-
ന്നട്ടവുവെ[170]* * * * ടികെടപ്പോയിടാ-
യുക്കെടെൻറിഞ്ഞതനേ തെരുവിൽ വയ്യുന്തൊഴ-
ത്തെക്കഴാം കണ്ടുവത്തങ്ങുപോയാനസൌ.

പദ്യം 13

അഞ്ഞാറിഞ്ഞരി തന്നകൊൾക ഞ[171]* * * * *
ൻ തരാഞ്ചെമ്മനെ-
ല്തന്നാൽ ചോളമളക്കിൽ വാള തരുവൻ
പുന്നെല്ക്ക പുന്മീനുള;

---

168. നാലക്ഷരത്തോളം പോയിരിക്കുന്നു. ഒട്ടവിലത്തേതിന്റെ ആകാര ചിഹ്നം കാണാം.

169. തുടന്ന രണ്ടക്ഷരം ജീർണ്ണിച്ചിരിക്കുന്നു. ആദ്യത്തേതു് 'പെ' എന്നാണെന്നു് ഊഹിക്കാം.

170. ഓല പൊടിഞ്ഞു് നാലഞ്ചക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു.

171. നാലക്ഷരം ഓല ജീർണ്ണിച്ചു് നഷ്ടമായിരിക്കുന്നു. ഒട്ടവിലത്തെ അക്ഷരത്തിൻെറ അല്പഭാഗവും ഈകാരചിഹ്നവും കാണുന്നുണ്ടു്. 'മീ' എന്നോ, 'മ്മീ' എന്നോ ആയിരിക്കണം അക്ഷരം ചെമ്മനെൽ എന്നു തുടന്നുവരുന്ന ഭാഗവുമായി ശബ്ദഭംഗി യോടുള്ള ചേർച്ചയെ പുരസ്കരിച്ചു് 'ചെമ്മീൻതരാം' എന്നുണ്ടായിരിക്കണം എന്നു് ഊഹിക്കാം.

വാഴൈക്കാസ്സു വരാല്, പരല്ക്ക പതർ നെ-
ല്ലൊള്ളാരിതെൻറിഞ്ഞാനേ
മീൻ വില്ലു[172]* * * * * * *ക്കി ****
* ഉഹലം. (12 b)

ഗദ്യം 14

കരിളോടൊരു പേമുയട്ടിയുണ്ട പിരാ-
നിരുളോടി[173]* *ന്നിറമുള്ളവന-
പ്പരിപാടിതപാദതലാംഗുലിനാ
പരി[174]* * *ട്ടടയായക കടാ-
വുരുപാട്ട,നറുന്തയിർവെണ്ണ കവ-
ന്നരലോട്ട തളൈച്ചതുമീഴ്ത്തുവിര-
ഞ്ഞൊരുപാടി,രുമാമരുതിന്നിടയേ
മുരലാടരമാമണിയോട്ട നട-

---

172. അടുത്ത പതിമ്മൂന്നക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു. ഇടസ്സു് 'ക്കി' എന്നൊരക്ഷരം കഷ്ടിച്ചു കാണാം.

* ഈ യകാരം വെട്ടിയിട്ടുണ്ടെന്നു തോന്നുന്നു. 'ഉഹലം' എന്നു തുടങ്ങി ഈ അക്ഷരം വരെ എഴുതിയിരുന്ന പത്രഭാഗം അടന്നിരിക്കുന്നു. 'പേമുല' എന്നായിരിക്കണം പദം.

173. അടുത്ത രണ്ടക്ഷരം ജീർണ്ണിച്ചിരിക്കുന്നു. 'ഇരുളോടിട'യുന്നിറമുള്ള എന്നു വായിക്കാമെന്നു തോന്നുന്നു.

174. മൂന്നക്ഷരത്തോളം ഓലപൊടിഞ്ഞു നഷ്ടമായിരിക്കുന്നു. തുടന്നു കാണുന്ന മൂന്നക്ഷരവും (ട്ടടയാ) പ്രായേണ പൊടിഞ്ഞിരിക്കയാണു്. ഒട്ടവിലത്തേതു 'ച' ആയിരിക്കാം,

ന്നരയാട കഴുത്തില്ലലാവി*[175]ര-
പ്പുരമോടിയുടൻ വിളയാട്ടമവ-
ങ്ങുതളിടിന കാർകുഴലാച്ചിയർകൺ-
പതകിട്ടകില്ലന്നിറയാതമുത-
ന്നി[176]* *ടതില്മേച്ചുകളിക്കുമ[177] *
* * (ഭ)യാടരവിന്തലമേലിനുതാ-
യ്ത്തിരുനാടകമാടിന കോവലർകോ-
ന്മരുൾ പാടിന വണ്ടു തുഴാമുടിയ-
ന്മരു[178] * *ന കോയില്മനോജ്ഞതെ[179] *
* *നാടകച്ചാലദ്ദശായമയാൽ.

ഗദ്യം 15

പെയ്യും കരുമുകിലിരിൾനിര നീല-
മ്മയ്യെൻറിവകളൊടിയലിന കാന്തിം—

---

175. അടുത്ത അക്ഷരം പ്രാണി ഇരയാക്കിക്കഴിഞ്ഞിരിക്കുന്നു. അതു് 'നൊ' ആയിരിക്കാം.

176. രണ്ടക്ഷരം നഷ്ടമായിരിക്കുന്നു. ആദ്യത്തേതിൻെറ ഐകാരചിഹ്നം (ൈ) കാണാനുണ്ടു്.

177. അടുത്ത രണ്ടുമൂന്നക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു.

178. അടുത്ത രണ്ടക്ഷരം എഴുതിയിരുന്ന പത്രഭാഗം ദ്രവിച്ചുപോയിരിക്കുന്നു. 'മരുവീടിന' എന്നാകാം.

179. രണ്ടോമൂന്നോ അക്ഷരം നഷ്ടമായിരിക്കുന്നു.

[180] *പയ്യും കരകലിതാസിഹതാസുര-
യ്യ[181] * *ഴിയില്‍വീരെഞ്ഞമരാണാ-
മെയ്യും കണ ചില ചീലയൊട്ട ദധത-
ഞ്ചെയ്യും മൃഗയാവിഹരണ[182] ചതുര-
മ്മെയ്യ[183]** ന മണിഭൂഷണരുചിരം (13 a)
കൊയ്യുമലരണികുഴല്‍മകുടോജ്ജ്വല-
മെയ്യുംപൂടയവനരുവെരി ചെയ്യു-
ങ്ങയ്യനരികില്ലുമുലകുടയോനും

180. 'പ' യുടെ മുമ്പിൽ ഓല ദ്രവിച്ചു പോയിരിക്കുന്നു. എകാര ചിഹ്നം നഷ്ടപ്പെട്ടിരിക്കാം.

181. അടുത്ത അക്ഷരത്തിന്റെ ആദിഭാഗം മാത്രമേ കാണാവൂ. ബാക്കി പൊടിഞ്ഞുപോയിരിക്കുന്നു. കാണാവുന്ന രേഖയനുസരിച്ച് അതു് 'യ്യ' എന്നാണെന്നു് അനുമാനിക്കാം. 'യ്യും' എന്നു് ഇതിനു മുമ്പും പിമ്പും ആവർത്തിച്ചു കാണുന്നതിനെ ആസ്പദമാക്കി നോക്കുമ്പോൾ ഇവിടെയും 'യ്യും' എന്നായിരിക്കാനാണു് ഇടയുള്ളതു്. ഇതിനടുത്തുള്ള ഒരക്ഷരം തീരെ പൊടിഞ്ഞുപോയിരിക്കുന്നു. അതു് 'വ' ആയിരിക്കാമോ?

182. വിഹരണ എന്നു കഴിഞ്ഞു് 'ശീല' എന്നെഴുതി വെട്ടിയിരിക്കുന്നു.

183. ഓല അല്പം പൊടിഞ്ഞിരിക്കുന്നു. 'യ്യ' യ്ക്കുശേഷം അനുസ്വാര ചിഹ്നം ഉണ്ടായിരിക്കണം. കൂടാതെ ഒരക്ഷരം കൂടി നഷ്ടപ്പെട്ടു പോയിട്ടുമുണ്ടു്.

വയ്യുന്നിഖിലമ[184]* * * * * *
* * * തിരുമകനൈ മനോഹര-
മയ്യുങ്കോവിലിലവിടൈ വിളങ്ങി-
ൻററയ്യൻ തിരുവടിതന്നെയുമമ്പൊട്ടു
കയ്യും കുപ്പിയവ-വൃനരവൾത-
മ്പൊയ്യുററഴകി[185] * * * * * *ാൽ.

പദ്യം 14

അവനളകയുമെല്ലാ[186] ● ● ●ാൻ കണ്ടു കണ്ണി-
ന്നപിച പെരുക വിളൈച്ചിക്കാസ്പദം ഭ്രതിസാരൈ
അനുപമരുചി കണ്ടാനച്ചിയാരു[187] ● ● ●-
ഭവനമതിമനോജ്ഞം ഭാനു[188] ● ● ബി മാടം.

---

184. അടുത്ത രണ്ടക്ഷരത്തിൻെറ അല്പംഭാഗം വീതം കാണാം. അവ 'ഉന്ന' എന്നാണെന്നു് അനുമാനിക്കാം. തുടർന്നുള്ള അഞ്ചാറക്ഷരം പൊടിവുനിമിത്തം നഷ്ടമായിരിക്കുന്നു.

185. അടുത്ത അക്ഷരത്തിൻെറ അംശം അവശേഷിക്കുന്നുണ്ടു്. അതു് 'യ' ആണെന്നൂഹിക്കാം. ഇതിനെത്തുടർന്നുള്ള മൂന്നു നാലക്ഷരങ്ങളോളം ഓലപൊടിഞ്ഞു നഷ്ടമായിരിക്കുന്നു.

186. രണ്ടുമൂന്നക്ഷരം പൊടിഞ്ഞു പോയിരിക്കുന്നു.

187. അടുത്ത മൂന്നക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു. അവ (ഉ)'ണ്ണിയച്ചി' എന്നായിരിക്കണം.

188. രണ്ടക്ഷരം കാണ്മാനില്ല ആദ്യത്തേതു് 'മ' ആയിരിക്കാം. അങ്ങനെയാണെങ്കിൽ 'ഭാനുമച്ചുംബിമാടം' എന്നു വായിക്കാം.

ഗദ്യം 16

വല്ലരിയിൽ കൃതസല്ലപിതം കിളി-

വല്ലടയാസഹ കിഞ്ചന കൊത്തിനു

പല്ലവകമ്പനവെല്ലി[189] ● ● ● ●

ഫുല്ലമലർപ്പൊടിമെല്ലൊഴുകുമ്മധു

കുംകുമകേസരസങ്കലിതദ്യുതി

കുംകുമെന്നും കുരൽകൊണ്ടുമരിണ്ടളി

മംകയർകൊ[190] ● ● ● ● ഭിശംകിത-

മെങ്കലിതാഭിരിലംകുമിളംകൊടി

തൊത്തു മുഴത്തതിൽ മെത്തമായ്മെത്തന

മത്തമധുവ്രതമൊത്ത പിടൈക്കു കൊ-

ടുത്തു ഗള[191] ● ● ● ● ● ● ● ●

● ● ●ടുത്തു കിടപ്പതൊരുത്തിരി; (13 b)

നാകമരദ്യുതിനാകമരഞ്ചില

നാകമണഞ്ഞണിചന്ദനനന്മലർ–

---

189. അഞ്ചു മാത്രകളുള്ള അക്ഷരം, ഓല ദ്രവിച്ച് നഷ്ടപെട്ടിരിക്കുന്നു.

190. അടുത്ത മൂന്നു നാലക്ഷരം എഴുതിയിരുന്ന ഓലയുടെ ഭാഗം ജീർണ്ണിച്ചുപോയിരിക്കുന്നു.

191. അടുത്ത അക്ഷരത്തന്റെ എകാരചിഹ്നവും വ്യഞ്ജനത്തിന്റെ ആദ്യംശവും കാണാനുണ്ട്. അതു് 'ത്തെ' എന്നായിരിക്കാം. തുടർന്നു് ഏതാനും അക്ഷരങ്ങൾ നഷ്ടമായിരിക്കുന്നു.

[192]കാകിൽ കളകാണിതാകുലമീടിന്ന
കാകുലയോട്ട കുലാവിവ[193]* * *
*തമലർച്ചന ചുംബികതംകയിൽ-
മാതർകുഴററിന ഗീതഹൃതശ്രുതി
മാതവിമാലതിജാതിസകേതകി
പാതിരി താതിരി വീതിയൊരുത്തിരി;
[194]* *ലർവെള്ളിവിതാനവിരാജിത-
[195]* * *രായ തടിച്കപിലാകൃതി
വണ്ടിനമെങ്ങുമിരിണ്ടതു കണ്ടിരിൾ
കൊണ്ടലിതെൻറു നടംപ[196]* * * *

192. കാകിൽ = കാവിൽ.

193. ആറു മാത്രയുള്ള അക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു. ഒടുവില ത്തേതു് 'ച്ച' ആയിരിക്കണം.

194 രണ്ടക്ഷരം നഷ്ടമായിരിക്കുന്നു. ഒടുവിലത്തേതു് 'മ' എന്നാ ണെന്നു് അനുമാനിക്കാം.

195. മൂന്നക്ഷരം ജീർണ്ണിച്ചിരിക്കുന്നു. ആദ്യത്തേതു് 'ണ്ട' ആയി രിക്കണം എന്നു് അവശിഷ്ടരേഖാംശംകൊണ്ടു് ഊഹിക്കാം. രണ്ടാമത്തേതിൽ 'ഗ' കാരമുണ്ടെന്നു് അവശേഷിച്ച രേഖ സൂചി പ്പിക്കുന്നു. മൂന്നാമത്തേതു് ഇകാര ചിഹ്നമുള്ളതായിരിക്കാ മെന്നും കാണാവുന്നതാണു്. ആകെ കൂടി ആലോചിക്കുമ്പോൾ തണ്ടളിർ (തൺ + തളിർ) എന്നായിരിക്കണമെന്നു് ഊഹിക്കാം.

196. ആറുമാത്രയുള്ള അക്ഷരങ്ങൾ ഓല പൊടിഞ്ഞു ലോപിച്ചു പോയിരിക്കുന്നു.

പുന്നനറുംപൊടിതന്ന[197]* * * രു
പൊന്നിറമായിന പുന്നവഷട്പദ-
മിന്നവനെന്നുമതൊൻററിയാഞ്ഞുട-
നിന്നിയ ഭൃംഗി പി[198]* * *രുത്തിരി;
അൻറലരിൻറല[199]* *തടഞ്ഞതി-
ലൊൻറുപടിൻറ സുഗന്ധഭരാഗതി
തെൻറലിഴന്ററി വരിൻറത്തുമെമ്പി[200]*
നിൻറുമുരൻറ ശി[201]* * * *ൻെറാലി
ചെംപൊനിതെൻറു പുലംപുമതുംപൊട്ട
ചെണ്പകമണ്പിന കൊംപൊടെഴും പുല-
മന്പു വരും പരിശാം പല തണ്പക-

---

197. മൂന്നക്ഷരം നഷ്ടമായിരിക്കുന്നു.

198. നാലുമാത്രയുള്ള അക്ഷരങ്ങൾ പൊടിഞ്ഞുപോയി.

199. അടുത്ത രണ്ടക്ഷരം ദ്രവിച്ചിരിക്കുന്നു. രണ്ടാമത്തേതിൻെറ അംശം കാണുന്നതിൽനിന്നും അതു് 'ൻറു' ആണെന്നു് ഊഹിക്കാം. 'അലരെൻറു' എന്നു വായിക്കുന്നതു ശരിയായിരിക്കും.

200. വൃത്തം നോക്കുമ്പോൾ 'മ്പീ' എന്നായിരിക്കണമെന്നു തോന്നുന്നു. ഒരക്ഷരം വിട്ടുപോയതാവാനും ഇടയുണ്ടു്.

201. അടുത്ത മൂന്നുനാലക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു. ആദ്യത്തേതിനു ദീർഘമായ ഇകാരസ്വരമുണ്ടു്. 'ശിലീമുഖ' എന്നായിരിക്കാം പദം.

മിമ്പയ[202]* * * * * മൊരുത്തിരി, (14 a)

അച്ചുവതിപ്പമിലാതിളുതേനില്നി

രംപരണിതമായ്പ്പെരുകാത്തിയിലി-

ത്തമ്പില്ലരഭ്രമരോഹിണിമാരായ്

മേവുകചമകയിരഞ്ഞിപ്പൂവിൽ

പ്രാപ്യ[203]* *തിരസഞ്ചിരമെൻറു നീ-

നൈക്കരുതാത ലതാനാമാതിര

പുണർന്നങ്ങളിലാലക്കാന്തജനേന ച

പൂയന്ത്യഃ പൊടിമഞ്ഞൽമനോജ്ഞം

ഭ്രമരാംഗനമാർ ചേർവട[204]* രടം.

ചെററിച്ചെറിവു[205]* * *യഞ്ചിത-

---

202. നാലഞ്ചക്ഷരം നഷ്ടമായിരിക്കുന്നു. ആദ്യത്തേതു് 'നി' ആണെന്നുതോന്നുന്നു. അതിൻെറ രേഖ അല്പം അവശേഷിക്കുന്നുണ്ടു്.

203. രണ്ടക്ഷരം ഓല ജീർണ്ണിച്ചു നഷ്ടമായിരിക്കുന്നു. ഒടുവിലത്തേതിൽ ആകാരസ്വരമുണ്ടു്.

204. അടുത്ത ഒരക്ഷരം ജീർണ്ണമായിരിക്കുന്നു. എകാരചിഹ്നത്തിന്റെ അംശവും ആകാരചിഹ്നവും അവശേഷിക്കുന്നുണ്ടു്. അക്ഷരം 'മൊ' എന്നായിരിക്കണം.

205. അടുത്ത അക്ഷരത്തിൻെറ അംശം മാത്രമേയുള്ളു. അതു് ററ എന്നായിരിക്കണം. രണ്ടോ മൂന്നോ അക്ഷരങ്ങൾ ദ്രവിച്ചുപോയിട്ടുണ്ടു്. ഒടുവിലത്തേതിന്റെ ഇകാരസ്വരചിഹ്നം സ്പഷ്ടമായിക്കാണാം. മുമ്പു് പൂയത്തിൻേറയും പിമ്പു് മകത്തിൻേറയും പേർ വരുത്തിയിരിക്കുന്നതോക്കുമ്പോൾ ഈ ഭാഗത്തു് ആയില്യത്തിൻെറ പേർ ഉണ്ടായിരിക്കുവാനിടയുണ്ടെന്നു് ഊഹിക്കാം. 'ആയിലിയഞ്ചിതമായ്' എന്നു് ആയിരിക്കാം.

മായ്മകരേല്പ്പരമ്യംഗതമിരി–
ളാലൃത്രൈരത്താംങ്ങിന പോല്ലൂഹ–
ചിത്തിരട്ടുഞ്ചോതിമരാത്തവിശാ
ഖ[206]* * * വ മഹാനിഴലഞ്ചിത-
മവി[207]* * * * * കേട്ടാ–
ലധികശ്രുവണ[208]സുഖത്തിന്മൂല-
ഞെളിവിനിലൃത്തര[209]കളമൊഴിക്കുജ.
ച്ചാരുമയൂരന്താപ്രോഷ്ഠീനാ-
ന്ദീ[210]* * *ഷ്ടപദം ദീപ്ത്യാ–
വിട്ടമിദഞ്ച ഭയാദിവ കിമപി വി-
റൈക്കും കിസലയകമ്രും കവികൾ,ഉ-
രുംപൂരാടത്താറകളച്ചയ–

---

206. രണ്ടക്ഷരം നഷ്ടമായിരിക്കുന്നു.

207. അഞ്ചാറക്ഷരത്തോളം പൊടിഞ്ഞുപോയിരിക്കുന്നു. ആദ്യത്തെ അക്ഷരത്തിന്റെ ഐകാരചിഹ്നം കാണാനുണ്ട്. അതു്, ടൈ എന്നായിരിക്കാം.

208. ഇതു മുതൽ നക്ഷത്രങ്ങളുടെ ക്രമം പാലിച്ചു കാണുന്നില്ല.

209. ഉത്തരം — ഉത്രാടം.

210. അവസാനത്തിൽ ദീർഘാകാരചിഹ്നം(ാ) മാത്രം കാണ്മാനുണ്ട്. പൂരുരുട്ടാതിയേയും ഉത്രിട്ടാതിയേയും കുറിക്കുന്ന പ്രോഷ്ഠപദം എന്ന പദം ഇവിടെ ഭംഗ്യന്തരേണ ഘടിപ്പിച്ചിരിക്കാൻ ഇടയുണ്ട്.

[211]ന്ധംങ്ങ്ങ്വിളങ്ങുമഗാനാമ്മലർ ത-
ന്നിര[212]* *നാലഭിരാമനൊച്ചുപൊ-
ലിഞ്ഞാറ്റ്പച്ചില കാണായ്ക്കാന്ത-
മ്മൃക്കം കനിയായ്മിക്ക[213]* *പുരു-
കനഖാന്താവിഭവം ഗമിതം
കോലമലക്കുഴല്മധുകരജാ[214]*
* *ന്നാമളമധുരതയുണ്ടാ- 14
മുകവാതിരുവാ വിദ്രുമലസിതം
കൈവല്യാഹിതഭാളികുചാഢ്യം
കൊടിയിടൈ വടിവുദരാനിതശോഭിത-
മേററമിടം പ[215]* * * * * കിയ
തുടയതിനാലപി ഭാഗേനാപ്തം

---

211. ഇവിടെ 'ഉച്ചതയംങ്ങ്' എന്നായിരിക്കുവാനാണിടയുള്ളതു്. ചതയനക്ഷത്രത്തിൻെറ പേർ ഇവിടെ വരുത്തിയിട്ടുണ്ടായിരിക്കണം.

212. രണ്ടുമാത്രയുള്ള രണ്ടക്ഷരം നഷ്ടമായിരിക്കുന്നു.

213. രണ്ടക്ഷരം എഴുതാനുള്ള സ്ഥലം വിട്ടിരിക്കുന്നു.

214. അടുത്ത മൂന്നക്ഷരം ഓലയിലെ പൊടിവുനിമിത്തം നഷ്ടമായിരിക്കുന്നു. ആദ്യത്തേതു് 'ലം' എന്നായിരിക്കണം. അനുസ്വാര ചിഹ്നം കാണാനുണ്ടു്.

215. അടുത്ത അഞ്ചക്ഷരം ദ്രവിച്ചുപോയിരിക്കുന്നു. ആദ്യത്തെ മൂന്നെണ്ണത്തിൻെറ അംശം കാണുന്നുണ്ടു്. ആ ഭാഗം (പ) ട്ടരയ എന്നു കല്പിച്ചുവായിക്കാം.

പാദപരാജിതതരുണാശോകദ-
ലോജ്ജ്വലമവിടയകംപൃമ്മുന്നമു-
മവൾത്തന്നംഗം കണ്ട കണ[216] * *
കാമാസ്ത്രമയം നന്ദനസുന്ദര-
മുദ്യാനഞ്ചെ സ കണ്ടാനേവം.[217]

പദ്യം 15

കചചില്കോലം പോലേ മഹിതമണിമാടാ-
വിലസിതം
പെരുഞ്ചെ[218] * *ലേ പെരിയ കുവള[219] * * *
ളവത്

---

216. രണ്ടക്ഷരം ജീർണ്ണിച്ചുപോയിരിക്കുന്നു. 'കണക്കഥ' എന്നോ മറ്റോ ആണെന്നു തൽക്കാലം വിചാരിക്കാം.

217. രേവതീനക്ഷത്രത്തിൻെറ പേരുമാത്രം ഈ വർണ്ണനയിൽ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

218. അടുത്ത രണ്ടക്ഷരം ജീർണ്ണിച്ചുപോയിരിക്കുന്നു. ഒന്നാമത്തേതിൽ 'ല്ലൂ' എന്ന കൂട്ടക്ഷരം ഉണ്ടെന്നു തീർച്ചയാക്കത്തക്കവണ്ണം അതിന്റെ രേഖ കാണാനുണ്ട്, രണ്ടാമത്തേതിൻെറ ഒട്ടുവിലുള്ള(ാ) എന്ന ചിഹ്നവും കാണാം. പെരുഞ്ചെല്ലൂർ പോലേ എന്നായിരിക്കണമെന്ന് അനുമാനിക്കാം. കോലം — കോലത്തുനാട്. പെരുഞ്ചെല്ലൂർ — വടക്കേ മലയാളത്തിലുള്ള ഒരു പ്രസിദ്ധക്ഷേത്രം.

219. അടുത്ത മൂന്നക്ഷരം നഷ്ടമായിരിക്കുന്നു. ആദ്യത്തേതിൻെറ എകാര ചിഹ്നം കാണാനുണ്ട്. ഈ ഭാഗം 'കുവളശ്രേണിദളവത്' എന്നോ മററോ ആയിരിക്കാം.

കൊട്ടങ്ങൊല്ലൂർപോലേ വളർകതളിയാൽ
മിക്കപെരുമ
ചുഴൻറും കണ്ടാ[220]നവനവ[221]*ട കോയിലതുലം.

പദ്യം 6

പാലാശാളീതാഗീതാത്ഥാ
പാലാശാളീഭാഗോന്യസ്ഥി-
ന്ബാലാശാളികൈകീരാഭ്ര-
പാലാശാളീഢാഭാ[222]*ശാഭീ

ഗദ്യം 17

മുത്തണി പന്തലില്മുററിന ശോഭാ-
മഞ്ഞായറു പകലുദിതനിലാവിദ-
മെൻറുള്ളോരു മതിംകളയാതേ (15 a)

---

220. വൃത്തനിമ്പന്ധനപ്രകാരം 'ന' ഗുരുവായിരിക്കണം. ഈ അവസാനപാദത്തിൽ ഒരക്ഷരത്തിൻെറ കുറവുണ്ട്. ഈ കാരണങ്ങൾ അനുസരിച്ച് 'കണ്ടാനങ്ങവൻ' എന്നോ മററോ ആയിരിക്കണം ശരിയായ പാഠം.

221. ഒരക്ഷരം നഷ്ടമായിരിക്കുന്നു. അടുത്തുള്ള 'ട' ഗുർവക്ഷരമായിരിക്കേണ്ടതു് അനുപേക്ഷണീയമാണ്. 'അവനവളുടേകോയിലതുലം' എന്നു വായിക്കുന്നതു തെററാകുവാനിടയില്ല.

22.2 ഓല പൊടിഞ്ഞിരിക്കുന്നു
പാലാശാളീഢാഭാശോഭീ' എന്നായിരിക്കാം.

പാലെൻറപി ച നിനൈ[223]* * * *

ച്ചെവ്വാ ഷ്ക്കിളിയുഞ്ചെർവടമൊരടം;

കേൾപ്പുതനല്പര [224]* ഞ്ചെവിയാഴര-

വെൻറു തളങ്കി[225]നക്കുടിനരസികം,

വിലസിത വെള്ളി ച നിലയമൊരു[226]* *

* ക്കാർകാല [227]* * * *

* *സിജശരദാമാലംകാരം

ഹേമന്തങ്ങദിന മണിരാശിശിര-

സ്ഫുടിരുചിമാടന്തന്നില് വസന്തം,

ശുക്രശുചിസ്മിതമാസം ഗേനവ-

ധൃജനമനിശം * * * * * * [228]

---

223. നാലക്ഷരം പൊടിഞ്ഞു നഷ്ടമായിരിക്കുന്നു.

224. ഒരക്ഷരം വിട്ടുകാണുന്നു. 'സ' ആയിരിക്കാം

225. 'ത്തി' എന്നും ഈ അക്ഷരം കഷ്ടിച്ചു വായിക്കാം.

226. തുടർന്നു മൂന്നക്ഷരം ജീർണ്ണിച്ചിരിക്കുന്നു. ആദ്യത്തെ രണ്ടെണ്ണത്തിന്റെ കുറച്ചുഭാഗം കാണാനുണ്ട്. അവ 'ത്തിരി' എന്നായിരിക്കണം. മൂന്നാമത്തേതു് തീരെ അപ്രത്യക്ഷമായിരിക്കുന്നു. വർണ്ണനയിൽ ആഴ്ചകളുടെ പേരുകൾ ഘടിപ്പിച്ചിരിക്കുന്നതു നോക്കുക.

227. ഏഴെട്ടക്ഷരത്തോളം പൊടിഞ്ഞുപോയിരിക്കുന്നു. അവയിൽ അവസാനത്തെ രണ്ടക്ഷരം 'സര' എന്നായിരിക്കാം.

228. ഏഴക്ഷരത്തോളം പൊടിഞ്ഞിരിക്കുന്നു. ആദ്യത്തെ അക്ഷരത്തിന്റെ അല്പം രേഖ കാണാനുണ്ട്. അതു് 'ന്നോ' എന്നായിരിക്കാം. അടുത്ത അക്ഷരം 'ക്കി' എന്നോ മറ്റോ ആയിരിക്കാമെന്നും ഊഹിക്കാം. ഈ നഷ്ടപ്പെട്ട ഭാഗത്തു് വർഷകാലത്തിന്റെ പേരു് നിഗുംഫനം ചെയ്തിരുന്നിരിക്കാം.

* * വിചിത്രിതഭിത്തിവിരാജിപ്പു-
രം 229 * * * വിത്താഢ്യന്നൻറും
കേട്ടവിഷയമാം കേമനിവാസ-
ന്നട ചിലരാടി വിളങ്ങിന നർത്തനാ-
ശാ 230 * * * * * * രയം
കുഹചിന്മരുവിന യൂനോ മഞ്ഞൾപ്പു-
രട്ടാ ത്താധികമവൈപ്പിയലിൻറരി-
യൊപ്പിന കുറിയൊട്ടകാരകിൽകൊണ്ടുപൂ-
ക231* * * * * * * 232ത്തിലയാകിയൊ-
രറയില്ലാമിനിമാരഴിവുറുകി-
ടന്നാമനോഹര തേക്കാല്ലൊന്മയ-
മായിന ചാരുച്ചവപ്പങ്ങിനിയനി-
233* * * * * * * *പ്രതിപദ-

---

229. അടുത്ത മൂന്നക്ഷരം നഷ്ടമായിരിക്കുന്നു. ആദ്യത്തേതിൻെറ എകാരചിഹ്നം കാണുന്നുണ്ട്.

230. അഞ്ചാറക്ഷരം നഷ്ടമായിരിക്കുന്നു. ആദ്യത്തേതു് 'ല' എന്നായിരിക്കണം.

231. ഏഴക്ഷരത്തോളം നഷ്ടമായിരിക്കുന്നു. ആദ്യത്തേതിന്റെ എകാരചിഹ്നവും അവസാനത്തേതിന്റെ ആകാരചിഹ്നവും കാണുന്നുണ്ട്.

232. ഈ അക്ഷരത്തിൻെറ പുറത്തു് വീണ്ടും എഴുതിയിട്ടുണ്ട്. അതുകൊണ്ടു് അക്ഷരം ഇന്നതാണെന്നു തീർച്ചപ്പെടുത്തുവാൻ വിഷമമാണ്.

233. ഏഴെട്ടക്ഷരം നഷ്ടമായിരിക്കുന്നു. ഒന്നാമത്തേതിൻെറ എകാരചിഹ്നവും ഒടുവിലത്തേതിൻെറ അനുസ്വാരചിഹ്നവും കാണുന്നുണ്ട്.

സേവാഭാജാം ഗസസവിത്യതീയാ

കനകവിശേഷദ്യതിമരീചികലാ-

പഞ്ചമി കത്തത്തമി[234]തക്കരല്മം-

കയർ കൺപലവ[235]* * * * * * (15 b)

* * * * * * * ദശമീതു-

ന്നവിവേകാദശിവോക്തിവിമിശ്രം

വിടനിവഹാനാമുടനുളനായിന

സദ്വാദശിവ[236] * * * * * *

* * * * * ലഞ്ചോകിമു[237]വാ

വെൻേറൻ ചൂതിഹ നിന്നെയീതെന്ത-

ഞ്ചുതാളിവൃതം വേറൊരുപക്ക-

---

234. അത്തമി — അഷ്ടമി

235. പതിമ്മൂന്നക്ഷരത്തോളം നഷ്ടമായിരിക്കുന്നു. ഈ ഭാഗത്തു് നവമീതിഥി പരാമൃഷ്ടമായിരുന്നിരിക്കണം.

236. പതിനൊന്നക്ഷരത്തോളം പൊടിഞ്ഞുപോയിരിക്കുന്നു. അടുത്ത രണ്ടക്ഷരത്തിൻെറ അംശം കാണാമെങ്കിലും എന്താണെന്നു തീർച്ചയാക്കുവാൻ വിഷമമാകുന്നു. ആദ്യത്തേതു് 'ന്ത' ആയിരിക്കാമെന്നു തോന്നുന്നു. രണ്ടാമത്തേതു് ഉകാരമുള്ള ഒരക്ഷരമായിരിക്കണം. രേഫവുമാകാം. അടുത്ത മൂന്നക്ഷരം 'യെതയ' എന്നാണെന്നൂഹിക്കാം. ബാക്കി, ഒടുവിലത്തെ ആകാരചിഹ്നമൊഴിച്ചു് ഒന്നും കാണുവാനില്ല.

237. ദ്വിതീയ, ചതുർത്ഥി തുടങ്ങിയ ചില തിഥികൾ കവി വിട്ടുകളഞ്ഞിരിക്കുന്നു എന്നു തോന്നുന്നു. അതോ ഈ തിഥികളുള്ളഭാഗം ഗ്രന്ഥത്തിൽ നഷ്ടപ്പെട്ടിരിക്കുകയാണോ?

ന്നീലക്കല്മതിലിരിൽ നിരൈച്ചുററി-

ച്ചു[238] * * * * * * * ലമൃൻ

നീലച്ചേലകിടന്നേതെൻറ

[239]മാലൈക്കുഴലികൾ തൊഴവടമൊരിടം;

മാണിക്കോജ്ജ്വലമാളികകണ്ടേ

[240]* * * * * * സന്ധ്യാസമയ-

ന്നാണിപ്പോ[241] * * * ഴിഞ്ഞഭിസാരികൾ

കാണപ്പകലേ പോമടമൊരിടം;

പകഴമഹാമണിമണ്ഡ[242]* * *

* * ലർമാമുഖകമലങ്ങൾ

പ്രകടിതചീററമിതെൻറാരഭീത്യാ

മുകളിതതരനതകാമുക[243]ബൃന്ദം;

മല്ലപ്പന്തിളമുലമാർമ[244] * *

238. ഏഴക്ഷരത്തോളം നഷ്ടമായിരിക്കുന്നു.

239. ഈ അക്ഷരത്തിൻെറ മുകളിലത്തെ അംശമേ കാണാവൂ.

240. ആറക്ഷരം നഷ്ടമായിരിക്കുന്നു.

241. രണ്ടുമൂന്നക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു. 'നാണിപ്പോട്ടൊഴിഞ്ഞഭിസാരികൾ' എന്നോമറേറാ ആയിരിക്കാം.

242. അഞ്ചാറക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു.

243. ബൃന്ദം = വൃന്ദം.

244. ഏഴെട്ടക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു. ആദ്യത്തെ രണ്ടെണ്ണം 'റവ' എന്നാണോ എന്നു സംശയിക്കത്തക്കവണ്ണം രേഖാംശം അവശേഷിക്കുന്നുണ്ട്.

* * * * * * വാമ്പോലേ

ഫുല്ലപ്പന്തിനറുന്തൊത്തിലകം-

മ്മുല്ലപ്പന്തലലംകൃതകോണ-

ന്തന്നാമ്നാതിയമാനല്ലൂരപി

കതിരുരുംകളമൊഴി[245]* * *

* * *വരഭയമാകില്ലുമുച്ചൈഃ

കൊലയപ്പടയാല ക്രാന്തനിലം;   (16 a)

മണിമയമാകില്ലുമെങ്ങും കുഹചി-

ന്മിശ്രിതമരതകകാന്തദ്വാരം;

വൈരവിനിർമ്മിതമപിച സ്നിഗ്ദ്ധം

ഗോ[246] മേതകമാം ഗോമേതകമാ-

ല്ലുമകളുംകം പൂമകളുംകം

പേടി പെരുക്കുമരക്കരൊടെൻറു

കൂടിയിരുക്ക പൊറുക്കരുതാഞ്ഞു-

ന്നാട്ടതനക്കൊരലംക്രിയയായിന

ലങ്കയിതെ[247]* പിൻകേൾപളമളവ-

---

245. അഞ്ചാറക്ഷരം നഷ്ടമായിരിക്കുന്നു.

246. 'അപിചസ്നിഗ്ദ്ധം ഗോ' ഈ ഭാഗം എഴുതിയിരിക്കുന്ന പത്രാംശം വളരെ ജീർണ്ണിച്ചിരിക്കുകയാണ്.

247. അടുത്ത അക്ഷരം പൊടിഞ്ഞിരിക്കുന്നു. അതു് ൻറ എന്നായിരിക്കണം.

റററത്ഭുതമവനവൾ കോയിലകംപ്യ—
ക്കീദൃശമവനീസാരമശേഷ-
മപശ്യത്.

പദ്യം 17

നാനാവിധാനവിടെ നാണമൊഴി[248]* സഭ്യ-
പ്പാട്ടിന്നു [249] ** പരിതഃ കിഴയിന്റെ ലോകാൻ
ഈടിന്റെ ജാള്യവിവശാനനുവേലമിത്ഥം
ക[250] * ാനസൌ കടലിലെത്തിരയോട്ട[251]
തുല്യാം—(?)

ഗദ്യം 18

കാച്ചെത്തുരപ്പിട്ട കസ്തൂരികാമഞ്ഞളും
തേച്ചു ചന്ദനമകില് പ്രഭൃതികളെന്നുമാ-

---

248. അടുത്ത അക്ഷരത്തിന്റെ അധോഭാഗം മാത്രമേ കാണാനുള്ളു. അതു് 'ഞ്ഞ' എന്നാണെന്നുവേണം ഊഹിക്കുവാൻ.

249. ഇവിടെ രണ്ടക്ഷരം എഴുതാനുള്ള സ്ഥലം ഓലയിൽ വിട്ടിരിക്കുന്നു. ഈ അക്ഷരദ്വന്ദ്വം, വന്നു ചേർന്നു എന്നുവല്ലതും ആയിരിക്കണം.

250. ഒരക്ഷരം പ്രായേണ പൊടിഞ്ഞുപോയിരിക്കുന്നു. അതു് ണ്ടാ ആയിരിക്കണം.

251. തുല്യാം എന്നതു് തുല്യാൻ എന്നു തിരുത്തേണ്ടതാണു്.

ററ്ജ്ജിതം ഗന്ധമുണ്ടാ[252] യെല്ലാടമും.
കാഴ്ചയില് ചില [253]പുയംങ്ങാകൃതിം ബിഭ്രതോ
വാഴ്ക്ക മിക്കവരൾനായ്ക്കരായ് ചിലരതി-
ല്ലാക്കു വീയില്ലുളിക്കത്തിദാരിതകളി-
ക്കാള്ളു പോരു[254] ** ർപ്പൂരസമ്മിശ്രിത- (16 b)
ന്നോക്കപേറുടയ വെററില കവിൾപാകമായ്
പാകമും പണമുമച്ചുമ്മികുഞ്ചിലയാ-
ലാകുലമ്മടിയഴിഞ്ഞതു തടഞ്ഞാനഖാ-
ന്മോതിരസ്ഫുരിതൈ[255] * *ട്ടിയൊട്ടങ്ങനേ
മാതരെയ് പ്രതിമരുട്ടായഡംഭോജ്ജ.ലാ ;
പ്രാതരാശപ്രിയാ പരിമിതാതേഥന കൂ-
റുടയ വാണിയജനാൻ പരിജന [256] * * * *

---

252. ഒരക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു. അതു് 'ക' ആയിരിക്കണം
253. പുയംങ്ങം, ഭുജംഗത്തിൻെറ തദ്ഭവമാണു്.

254. അടുത്ത അക്ഷരം തീരെ ജീർണ്ണിച്ചിരിക്കുന്നു. എങ്കിലും 'മ' ആണെന്നൂഹിക്കാം. ഇതിനെത്തുടർന്നുള്ള അക്ഷരം പൊടിഞ്ഞു പോയിരിക്കുന്നു. അതു് 'ക്ക' ആയിരിക്കാം.

255. രണ്ടക്ഷരം ജീർണ്ണിച്ചുപോയിരിക്കുന്നു. ആദ്യത്തേതിൻെറ ഐ കാരചിഹ്നം കാണാം. രണ്ടാമത്തേതു് തീരെ നഷ്ടപ്പെട്ടി രിക്കുന്നു. ഈ ഭാഗം 'കൈകാട്ടി' എന്നായിരിക്കുവാൻ ഇടയുണ്ടു്

256. ഓല ദ്രവിച്ചിരിക്കുന്നു. മുകളിൽ 'വാണിയജനാൻ' എന്നു കാണുന്ന തിനാൽ 'പരിജനാൻ' എന്നായിരിക്കണം അനന്തരഭാഗമെന്നു ഊഹിക്കാം.

[257]* * * * * യിത്വാത്ര ഗത്വാ തള-

[258]ന്തൊ * പാശൈക്ക പോവാൻ നിനച്ചാല്യമി

ത്തൊണ്ടിവായാശകൊണ്ടരുതു പോവാനതും

പണ്ടു[259] * യ്ശളനുടേ കൊണ്ടകാശായി[260] *

കണ്ടദേശത്തു പോയ് വേശകൾക്കീശിനേൻ.

നോക്കുമുണ്ടിക്കപോമ്മുന്നമേവേണ്ടുമെ-

ൻറക്കിടക്കെക്കുവ[261] * ന്നെമിഞ്ചിച്ചവ-

ന്നക്കിയോടേ കിടന്നച്ചിയാർ മകൾതുലോ-

മച്ചുമിഞ്ചിച്ചുവാറഴകുതെങ്ങൾക്കുതാ-

നച്ചമാകിൻറു തൊച്ചത്തമുമ്മാടിനാൾ;

---

257. തുടർന്നുള്ള അക്ഷരം 'ക' ആയിരിക്കാം.

258. അടുത്ത അക്ഷരം ദ്രവിച്ചിരിക്കുന്നു. ഇകാരത്തിൻെറ വള്ളി കാണാം. പ്രാസക്രമം നോക്കുമ്പോൾ 'ണ്ടി' എന്നാണെന്നു് ഊഹിക്കാം.

259. അടുത്ത അക്ഷരം ദ്രവിച്ചിരിക്കുന്നു. ആദ്യമുള്ള എകാരചിഹ്നം അവ്യക്തമായിക്കാണാം. ഒടുവിലുള്ള ആകാരചിഹ്നം സ്പഷ്ടമാണ്. ഈ അക്ഷരം പോ എന്നായിരിക്കാം.

260. അനുസ്വാരചിഹ്നം കാണുന്നുണ്ടു്. ഈ അക്ഷരം 'രം' എന്നായിരിക്കണം.

261. ഒരക്ഷരം കുറെ ദ്രവിച്ചിരിക്കുന്നു. എങ്കിലും അതു് 'ന്നെ' ആണെന്നു് ഏറെക്കുറെ തീർച്ചയാക്കാം.

പോക്കന്തർക്കൊണ്ടതിപ്പോ[262]* * ർക്കുറയും
ചോനകക്കുതിര ചോണാട്ടുവിററാല്'നമ-
ക്കാനയച്ചുടനിരണ്ടായിരം കിട്ടുമി- 17(a)
ൻറാനവിററാലുമെണ്ണായിരംകിട്ടലാ.
ഞ്ഞാനുവക്കിലൊരു വത്രം വരുമ്മുത-
ലിവൾക്കശ്രീപൊന്നുതരാമ്മിശ്രീവേണ്ടുകി-
ല്ലരന്നായിലുന്നിന്ദുർകായട്ടമാണികൾ പിണ-
ന്നമ്മെ നിന്ദിപ്പുതോ ഞാംങ്ങൾ പട്ടന[263] * *
* * * * * * * കുപ്പമാർ
കള്ളർപള്ളക്കുറിച്ചിപ്പടിക്കൊള്ളിമാർ
കൊല്ലമും പുക്കു കൊല്ലാപുരം പൂകില്ലു-
ന്നല്ല കർപ്പൂരമെല്ലാമുടൻ വില്ക്കലാം;
വല്ലഭൻ തങ്കടക്കത്തിലൊ[264] * * *

---

262. തുടന്നു രണ്ടക്ഷരം ജീർണ്ണപ്രായമായിക്കുന്നു. ആദ്യത്തേതു് 'പു' എന്ന ഘടകത്തോടുകൂടിയ ഒരു കൂട്ടക്ഷരമാണ് എന്നു രേഖ കൊണ്ടു് ഊഹിക്കാം. രണ്ടാമത്തേതിൻെറ ആകാരചിഹ്നം അവ ശേഷിക്കുന്നുണ്ടു്.

263. ഏതാനും അക്ഷരങ്ങൾ പൊടിഞ്ഞുപോയിരിക്കുന്നു. ആദ്യത്തേതു് 'വ' ആണെന്നൂഹിക്കാം. അടുത്ത അക്ഷരത്തിനു് ആകാരചിഹ്ന മുണ്ടു്. മൂന്നാമത്തേതു് 'നൊ' ആണോ എന്നു സംശയിക്കാം. ബാക്കി അക്ഷരങ്ങളുടെ യാതൊരംശവും കാണുന്നില്ല.

264. മൂന്നക്ഷരത്തോളം നഷ്ടമായിരിക്കുന്നു.

വല്ലതാകെൻറു പൊയ്യോൾകില്ന്റാ[265]* രം
പലിശയച്ചേ കൊളാം പിശകമില്ലതില് നമ-
ക്കരസനിന്നാൾ വിളിപ്പിച്ചുവിട്ടാനതും
വിരസമൈ [266]* * * ഴിഞ്ഞേൻ മടിച്ചിട്ട ൊാൻ
പിഞ്ജളന്ന [267]* യം വന്നപോമാന വി-
ററച്ചിനിപ്പോത്തരാതൊഴികിലോ വളയപ
ട്ടനമരക്കാലമെല്ലാം വിട്ടകില്യം വ [268] * *
* * * പാന്നിവൾക്കെള്ളത്തു ഞാൻ നേട്ടവാൻ
വിട്ട നെല് വിയമിവൾക്കച്ചുകല്പിച്ചു നെ-
ല്വായില്വീട്ടളവു പോകിൻറുതുണ്ടായിനാ-
ള്ക്കണ്ടപണ്ടിച്ചരക്കണ്ട[269] * * * *

---

265. അടുത്ത അക്ഷരം തീരെ ദ്രവിച്ചുപോയിരിക്കുന്നു. അതു് 'യി' എന്നായിരിക്കണം.

266. രണ്ടുമൂന്നക്ഷരം നഷ്ടമായിരിക്കുന്നു. ആദ്യത്തേതു് 'ൻറി' ആണെന്നൂഹിക്കാം.

267. അടുത്ത അക്ഷരത്തിൻെറ ആദ്യംശവും അവസാനത്തെ അനുസ്വാരചിഹ്നവുമേ കാണാനുള്ളു.

268. നാലഞ്ചക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു, ആദ്യത്തേതു് 'ള' ആണെന്നു തോന്നുന്നു.

269. നാലക്ഷരം നഷ്ടമായിരിക്കുന്നു. ആദ്യത്തേതിലെ എകാരചിഹ്നവും 'പ' യുടെ അംശവും കാണാനുണ്ടു്.

പ്പാണ്ടിയങ്കോട്ടയിൽ കണ്ടുപോന്നാനിവൻ;
ത്തുയ ചെമ്പട്ടുമപ്പട്ടുളിക്കുറയും
മാന്തളിർപ്പട്ടു വെൺപട്ടു ചെംപട്ടിനം
നീലകണ്ടനളമേറത്തരാമ 270 * *
* * * * * * * * * * ല്യമി-
ന്റംണ്ണിയച്ചിക്ക നാം കണ്ണില് നാറിൻറുതി- (17 b)
ല്ലണ്ണയായിട്ടുതാന്മുറുമെൻറിഞ്ഞനേ

പദ്യം 18

ആഡംബരം പൊഴിയുമാകൃതിവേഷഭാഷാ-
271* * * * * * * * * * * * മാണാൻ
കണ്ടാനസൌ കനകമിന്നൊളിയായ് വിളംങി-
വന്നാസ്ഥിതാനവിടെ വാണിയവിപ്രലോകാൻ

ഗദ്യം 19

അഞ്ജനരാജൻമഷിയും 272* * * * -

---

270. പതിനൊന്നക്ഷരത്തോളം പൊടിഞ്ഞുപോയിരിക്കുന്നു.

271. പന്ത്രണ്ടക്ഷരം നഷ്ടമായിരിക്കുന്നു.

272. അടുത്ത നാലഞ്ചക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു. ആദ്യത്തേതു് 'ക' ആണെന്നു തോന്നുന്നു.

* ട്ടമെട്ടുത്തക്ക[273]ട്ടുണ്ടായതി-

ടിൻറ[274]ച്ചിമിഴോടൊട്ടുണ്ടായിന

പുഴവിച്ചുട്ടമുമെഴുത്തുംകുഴിയമു-

മക്കണ്ണെഴുത്തുംകോലൊടഴകി[275]*

* റുകണ്ണാടിയുമശ്വത വരുവാ-

ന[276]* മരുന്നും വശ്യമരുന്നും

വിവിധമരുന്നു കുറിച്ചുകൊട്ടപ്പാ-

നോല[277]യുമുടനൊരു നാരായമു[278]* രു

<u>സംസ്കൃതതമിഴ്മയയോഗഗ്രന്ഥം</u>

കൊല്ലികുഠാരിപ്രഭൃതി ച യന്ത്രമി-

---

273. ഈ അക്ഷരത്തിൽ ഉപരിലേഖനം ചെയ്തിട്ടുണ്ടു്. അബദ്ധത്തിൽ ണ്ട എന്നെഴുതിപ്പോയതു വെട്ടി, ട്ട എന്ന ശരിയായ അക്ഷരം എഴുതിയിരിക്കുന്നു.

274. ഈ അക്ഷരം പകുതിയോളം ദ്രവിച്ചിരിക്കുന്നു.

275. രണ്ടക്ഷരം ദ്രവിച്ചുപോയിരിക്കുന്നു. 'അഴകിയ ചെറുകണ്ണാടി' എന്നോമറ്റോ ആയിരിക്കാം.

276. അടുത്ത അക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു. അതു് 'ള്ള' എന്നോ 'ററ' എന്നോ ആയിരിക്കാം. 'ന്ന' എന്ന കാണുന്നതു് ന്ത യുടെ പൂർവഭാഗമാകാം. അങ്ങനെയാണെങ്കിൽ വരുവാന്തക്ക എന്നാണെന്നും വരാം.

277. യു മ ഈ രണ്ടക്ഷരങ്ങളിൽ ഉപരിലേഖനം ഉണ്ടു്.

278. അടുത്ത അക്ഷരം ദ്രവിച്ചുപോയിരിക്കുന്നു. അതു് 'മൊ' എന്നായിരിക്കാം.

ടിൻറവയെല്ലാമേ വളിശാദികൾ
മൊരർഗോവിശസ[279]* * §ര ശോണിതയുത
ശസ്ത്രവിശേഷവുമീദൃശമിന്നുമ-
നേകമിടിൻറപ്പുല്ലിങ്കവിളിക
കൈക്കൊണ്ടോ ചില ചാത്രുരുമുളരായ് (18b)
കയ്യുങ്കയ്യിലൊ[280]* * * * * –
* ക്കമ്പുടവയുമരിയുന്നെല്ലു-
ന്നെയ്യുട്ടതിലൊരുഭാഗമുമെണ്ണെ-
ശ്ലേഷംപൊടിയുംഗുളികയുമിഞ്ചിയു-
മെൻറിവ ചീർക്കച്ചുമടായ് കണ്ണെഴു-
തിക്കറിയിട്ടരി[281]** ക്കഞ്ഞെി-
പ്പുടവയുട്ടത്തൊരു പൂവും കുളിരിയു-

---

279. തുടന്ന് രണ്ടക്ഷരം നഷ്ടമായിരിക്കുന്നു. അവയിൽ ആദ്യത്തേത് 'വിശസന' ശബ്ദത്തിലെ 'ന'കാരമായിരിക്കാം.

§ 'ര' കഴിഞ്ഞു 'യുത' എന്നെഴുതിയിട്ട വെട്ടിക്കളഞ്ഞിരിക്കുന്നു. 'ശോണിത' എന്നു കഴിഞ്ഞുള്ള 'യുത' നേരത്തേ എഴുതിപ്പോയതായിരിക്കണം.

280. അടുത്ത അക്ഷരം തീരെ പൊടിഞ്ഞുപോയിരിക്കുന്നു. തുടർന്നുള്ള അഞ്ചക്ഷരവും ഏറെക്കുറെ ദ്രവിച്ചിരിക്കുകയാണ്. അവശേഷിക്കുന്ന രേഖാംശത്തെ ആസ്പദിച്ച് ഈ അഞ്ചക്ഷരങ്ങൾ ധരിച്ചു പരി എന്നാണെന്നൂഹിക്കാം.

281. രണ്ടക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു. ആദ്യത്തെ അക്ഷരത്തിൻെറ എകാരചിഹ്നം കാണ്മാനുണ്ട്.

മുടനേ ചൂടിക്കാലില്ത്തോലറു-
മാറുനടന്നക്കാലസ്യേവ ച
കിംകരഭൃതാ രോഗിജനാന്പ്രതി
കാമമുമർത്ഥമുമ[282]* ടപ്പ്രാപ്തും.
കാലേ വന്നു തളത്തിൽ നി[283] **
പരദേശേ പോയ്ചരകം കേട്ടേ-
ച്ചരതിച്ചോരുപൊ[284]തുൾ ചപ്പുന്നുപ്പും
കൂടച്ചൊല്ലാം വാഹടമി[285]* -
ക്കാണിപ്പൂതു സൗശ്രുതവിശ്രുതനെ-
ന്നറികെന്നെപ്പാംപെരുത്തു മ-
ഹാപാരേ മമ ഭേളാർത്ഥമിട്ടു-
ഞ്ചം പേഴിക ഞാനായുർവേദമ-
റി[286]**ററില്ലശപിനികൾക്കുമ-

---

282. അടുത്ത അക്ഷരം ദ്രവിച്ചുപോയിരിക്കുന്നു.

283. തുടർന്ന രണ്ടക്ഷരം ജീർണ്ണിച്ചിരിക്കുന്നു. നിഷണ്ണാഃ എന്നു കല്പിച്ചു വായിക്കാം.

284. രേഫത്തിനു് ഉകാരചിഹ്നവും ഇകാരചിഹ്നവും കാണുന്നു.

285. അടുത്ത അക്ഷരം പകുതി ദ്രവിച്ചുപോയിരിക്കുന്നു. അതിൽ 'പ്പേ ഉണ്ടെന്നു തീർച്ചയാണു്. ആകമാനം നോക്കുമ്പോൾ അതു് 'പ്പോ' ആണെന്നുവേണം ഊഹിക്കുവാൻ.

286. രണ്ടക്ഷരം ദ്രവിച്ചിരിക്കുന്നു.

ദൃശ്യതയെൻറി മഹത്വം കാണേൻ.
തണ്ണമ്പളകിദമിന്നുഞ്ചൊല്ലാ-
മെന്നളവല്ലാർ ധന്വന്തരിയും
ഭേഷജകർമ്മണിപോന്നു[287]** നട-
നേവ കിടക്കില്ലിന്നെ മരുന്നു-
ഞ്ചൊല്ലോരു പൊന്നരുവാക്കുവനിവിട-
ന്നരയുഞ്ജരയുമൊഴിച്ചു ചിരിപ്പു[288]-
മിക്കഞ്ചില ചില രോഗചികിത്സയി-
ല്വച്ചപ്പാം[289]* ൻറാംർങ്ങാ[290]വിന്നുമൊ-
ഴിക്കരുതായിതു ഞാംങ്ങളൊഴിച്ചേ-
മെംങ്ങൾക്കച്ചവളൈംപത്തു തന്നാൾ. (18 b)

ാദ്യം 20

മൂലവ്യാധിഹരങ്ങളില്മുഖ്യ-
മ്മൂലവഴത്തി വഴക്കില്ലേതും;

---

87. അടുത്ത ഒന്നോ രണ്ടോ അക്ഷരം ദ്രവിച്ചുപോയിരിക്കുന്നു.

88. 'ശ്രീ'യുടെ തദ്ഭവമാണ് 'ചിരി'

89. ഒരക്ഷരം ഓല ജീർണ്ണിച്ചു നഷ്ടപ്പെട്ടിരിക്കുന്നു.

90. ർങ്ങാ എന്നുതന്നെയാണ് ഗ്രന്ഥത്തിൽ കാണുന്നതു്. ങയുടെ മുകളിലെ ചിഹ്നം അനുസ്വാരത്തെ അനുഗമിച്ചുകാണുന്നതു് വിശയജനകമാണ്.

ശ്ലേഷ്മോദക[291]* * * * *രെഞ്ഞ-
ശ്ലേഷ്മമൊഴിപ്പാനൌഷധമിപ്പോഴ്
ഏററന്ദീപനി മുക്കുടിയൊട്ടു പ-
നിക്കുമ്മാതളനാരങ്ങായിടൈ
നീരുളവാട്ടതളമേതില്ലു മില്ലൊ-
ൻെറ [292]* *ലുമെണ്ണുയില്ലും പതറാതെ
പതമ[293]* വാമ്പതവൈദ്യർകൾവല്ലാം
വൈദ്യവിധാനപട്ടതം കണ്ടി-
ട്ടിവിടം വാഴിൻറടി[294]കണ്മാക്കും
കുലഗു[295]* * * *രിശ്ചന്ദ്രധിയാ

291. അഞ്ചക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു.

§ 'ത' എഴുതിയിരിക്കുന്നതു് 'വാ' എന്നതിലെ ആകാരചിഹ്നത്തിൻെറ താഴെയാണ്. വിട്ടുപോയ അക്ഷരം രണ്ടാമതു പരിശോധിച്ച് എഴുതിയതായിരിക്കണം.

292. ഒന്നോ രണ്ടോ അക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു. ഒന്നാമത്തേതിൻെറ എകാരചിഹ്നം കാണ്മാനുണ്ട്.

293. അടുത്ത അക്ഷരത്തിൻെറ ഇകാരചിഹ്നം മാത്രമേ കാണുന്നുള്ളു അതു് 'റി' എന്നായിരിക്കാം.

294. അടികൾ + മാർ = അടികണ്മാർ.

295. അടുത്ത നാലക്ഷരം ജീർണ്ണിച്ചുപോയിരിക്കുന്നു. ആദ്യത്തേതിൻെറ അംശം കാണാം. അതു് കുലഗുരു എന്ന വാക്കിലുള്ള 'രു' ആയിരിക്കണം. നാലാമത്തെ അക്ഷരം 'ഹരിശ്ചന്ദ്ര' നാമധേയത്തിലെ 'ഹ' ആയിരിക്കണം.

പെരുത്തു കുതൂഹ[296]* * മന്നെ നിന്നെച്ചൊ-
ല്ലൂട്ടകപ്പോതക കട്ടവട്ടവാനെ-
ൻറടികൾ കറും പുറയാരെമ്പക്ക-
യ്ത്തൂടര[297]* നഷ്യംവിടാർ പോകി-
ൻേറനിൻറിത്ഥമബോധപ്രകടനശയ്യൈ:-

പദ്യം 19

അവിടൈവിടൈരാകുലിതേ
പുരിമേങ്കുഴല്ലണ്ണിയച്ചിതൻ നില[298]
ദുർവിദ്യാദുർല്ലളിതാ-
വൈദ്യർവഴപ്പിൻറവാറസൗ കേട്ടാൻ.

ഗദ്യം 21

വെള്ളിച്ചിറകിൻ ചെറുമുട്ടകൾപോ-
ല്വേടിപ്പഴവരി തലന്നാളൊപ്പിന-
തപ്പൊ [299]* * * ചമച്ചവും മൊപ്പി- (19 a)

---

296. അട്ടത്ത ഒന്നോ രണ്ടോ അക്ഷരം ദ്രവിച്ചുപോയിരിക്കുന്നു. ആദ്യത്തേതു് 'ല' ആയിരിക്കുവാനേ തരമുള്ളു.

297. ഒരക്ഷരം നഷ്ടമായിരിക്കുന്നു. അതു് 'മ' ആയിരിക്കണം.

298. ഒരക്ഷരം നഷ്ടമായിരിക്കുന്നു. അതു് 'യേ' എന്നായിരിക്കണം.

299. ഓല പൊടിഞ്ഞിരിക്കുന്നു.

ക്കറിമേൽ വെള്ളയിരട്ട പിറന്നതു

ച്ചുററിവിറന്ന വിലാസി നിതാന്തം

ഡംഭശ്രീതമ്പാണിഗ്രഹണേ

വെള്ളിവളാകൃതിമാലാകലിതം

നീട്ടിനകൈത്തലമെ [300] * കരുതാ-

ഞ്ചെഞ്ചെഴനീർപ്പൂച്ചൂട്ടിയൊരഴകാ-

യ്ത്തങ്ങൾ മഠത്തിലിരിക്കും ചെറുമി

ദന്തനഖവ്രണദന്തുരശോഭാ

† മഹാഗജസിന്ദൂരനിഭ-

മ്മഞ്ഞൾപുരണ്ടതരുണീകൃത [301] * ഷ,

വെററില തിൻറാരു കുൻറായ്ത്തം[302] പല-

ഗർഭകവിൽക്കരു നൊന്തിവ ചാംപിന

ലോചനമവ്യക്താക്ഷരമപി ച പ-

റഞ്ഞുനിഷണ്ണാ മാണീനാം വ-

---

300. അടുത്ത അക്ഷരത്തിൻെറ എകാരചിഹ്നം മാത്രമേ കാണുന്നുള്ളു അതു 'ണ്ണേ' എന്നായിരിക്കാം.

† 'മത്തഗജ' എന്നായിരുന്നിരിക്കുമോ?

301. അടുത്ത അക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു. അതു് 'വേ' എന്നായിരിക്കണം.

302. 'പ' വളരെ ജീർണ്ണിച്ചിരിക്കുന്നു.

303 ങ്ങ * ചാല്ലുകന്നങ്ങെപ്പ്രാണി-
ക്കിവിടൈ 304 * ണ്ടാന്നമ്മെച്ചാത്രഭി-
ങ്ങളിരിക്കങ്ങപ്പാൽ നാമും
വേറേസഭ്യപ്പെട്ടവിതു നമ്മാ-
ലിനിയൊരു ഭര 305 * * * *
* * റുവാന്നം വീട്ടിന്റൊ-
ൻറിവൾ പൊത്തരുകയുമില്ല നണിച്ചായ്
ഉർവ്വശ്യാർക്കന്നമ്മെ വശിച്ചു ക-
ളത്രം പൂവാനുത്സാഹം പെരു-
താകാശത്തു വഴം കാശേ 306 * * -
* ന്നാം പെന്നന്തണ്ടുന്തരുവാ-
ങ്കാട്ടവും തൊണ്ടു നമുക്കിൻറിന്ദ്ര-
ന്തന്നടൈ മേലേ വാഴ്ക വഴക്കൊഴി-
കെൻറു മുഴക്കും കൊണ്ടാരിരക്കയു-

---

303. ഓല കുറച്ചു പൊടിഞ്ഞിരിക്കുന്നു. ഒരക്ഷരവും 'ചാ'യുടെ മുൻപിലെ എകാരചിഹ്നവും നഷ്ടമായിരിക്കണം.

304. ഒരക്ഷരം പൊടിഞ്ഞിരിക്കുന്നു. അതിലെ ആകാരചിഹ്നം കാണാം. അതു് 'കാ' ആയിരിക്കാം.

305. അടുത്ത അക്ഷരങ്ങൾ ജീർണ്ണിച്ചുപോയിരിക്കുന്നു. ഒന്നാമത്തേതു് 'ണ' ആണെന്നൂഹിക്കത്തക്കവണ്ണം രേഖ കാണ്മാനുണ്ടു്.

306. രണ്ടോ മൂന്നോ അക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു.

മുണ്ടതു കൊണ്ടാലൊ [307] * * * *
വേശം പായനമെൻറച്ചൊല്ലിന
പായനമെങ്ങു വിടിൻറിതു പാരത-
നമ്പീ വായിക്കാമോ സേതുവ- (19 b)
നമ്മഷി അശ്വത്ഥാമാവെന്നു-
ന്മാവിന്മാംപഴമുണ്ടേ [308]* * *
* * * വരയനാമാൾ പൊൻതരുമതു
തന്നീലെൻറാലാളാവോരുമ-
നുഷ്യം വിട്ടതു വേണ്ടിക്കൊൾവിതു
കോലത്തടികളുമനുസരണങ്ങ്ളാ-
ങ്ങോലിൻെറ [309]* * ല്നമ്മോടിപ്പോഴ്
വേണാട്ടടികളുമോണത്തിന്നാൾ
നെയ്തരുമതു തന്നീലെൻറാൽ
കാണിൻറീലവരെപ്പോക-
ച്ചൊല്ലുക പെരുമാളെ [310]* *രിശറി-

---

307. മൂന്നോ നാലോ അക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു.

308. 'അശ്വത്ഥാമാ' എന്നതിലെ 'മാ' മുതൽ ഉണ്ടേ വരെ എഴുതിയിരിക്കുന്ന പത്രാംശം പിളന്നിരിക്കുകയാണ്. തുടന്ന് അഞ്ചാറക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു. ആദ്യത്തെ രണ്ട് 'നിന്നാ' എന്നാണെന്നൂഹിക്കാം.

309. രണ്ടക്ഷരത്തോളം പൊടിഞ്ഞുപോയിരിക്കുന്നു.
310. രണ്ടക്ഷരത്തോളം പൊടിഞ്ഞുപോയി.

വോരിദമതുലകുള[311]ഹലമൂലം.

പദ്യം 20

അളവറുമതിജാളൈ്യരച്ച്വിയാരുണ്ണിയച്ചീ-
തള൦മൊരു തളി തെക്കിത്തംപലംകൊണ്ട[312]* *
വിളയുമമിതമോഹവ്യാഹത,ന്തത്രകേട്ടാൻ
വെളിയവർ പളകാഢ്യാ വിച്ചയായ് പേചുമാറു്.

ഗദ്യം 22

പല പരല്പ്രഭൃതിമേല്ലുള്ള മീനെ[313] * * വാ-
നപിച കീഴുള്ളതും കൊണ്ടപോലേ പെറു-
ക്കിച്ചമച്ചതൊരു വമ്പയണമാപ്പാട്യ-
മാനാതരപ്പോരിൽ പദം കിമപികൃഷ്ണീയ-
ഹോരാ [314] * * * * * * * *

---

311. 'ള' വിനശേഷം രണ്ടക്ഷരം ജീർണ്ണിച്ചിരിക്കുന്നു. ആദ്യത്തേതിൻെറ പൂർവഭാഗം കാണുന്നതിൽനിന്നു് അതു് 'ഹ' ആണെന്നൂഹിക്കാം. രണ്ടാമത്തേതു തീരെ കാണ്മാനില്ല. എങ്കിലും സന്ദർഭാനുസരണം 'ല' ആണെന്നു് അനുമാനിക്കാം.

312. ഈ മാലിനീപാദത്തിലെ രണ്ടക്ഷരം ഓല പൊടിഞ്ഞു നഷ്ടമായിരിക്കുന്നു.

313. ഒന്നോ രണ്ടോ അക്ഷരം നഷ്ടമായിരിക്കുന്നു.

314. ആറേഴക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു.

കോട്ടനാളാദിമററനൂതജാതകഫല-

ഞ്ചൊന്നതംഞെഴുതുവാനോലനാരായമും (20 a)

കൂടവേ കലിതമപ്പൊത്തകം ബിഭ്രതഃ

കേട്ടകൊണ്ടരികിലുള്ളവക[315]* * * *

* * * * * *ജന്മനക്ഷത്രമും

കീഴ്ക്കഴിഞ്ഞുള്ളവസ്ഥാവിശേഷങ്ങളും

തങ്ങളെല്ലാമറിഞ്ഞിട്ടു ചൊല്ലിൻറതാ-

സ്സുതുവാൻ വന്നിരുന്നഥ തളന്തന്നിൽ വൈ-

ദഗ്ദ്ധ്യവംഭോ[316]* *

പുറകിഴാക്കെണ്ണി ഞാനഴകുതാ [317]* * *നേൻ

പിറവിതൊട്ടോളളതെല്ലാമറിഞ്ഞേനതി-

ന്നുപതില്ലറമെനക്കച്ചുതന്നാർ തുലോ-

---

315. പത്തക്ഷരത്തോളം പൊടിഞ്ഞുപോയിരിക്കുന്നു.

316. രണ്ടക്ഷരം പൊടിഞ്ഞുപോയി. 'ജ്ജ്വലാം' എന്നാകാം.

317. മൂന്നക്ഷരം വളരെ ദ്രവിച്ചിരിക്കുന്നു. ആദ്യത്തേതിൻെറ അല്ല മായ അംശം കാണുന്നതിൽനിന്നും അതു് 'ൻ' ആണെന്നുവേണം വിചാരിക്കുവാൻ. രണ്ടാമത്തെ അക്ഷരത്തിലെ ആകാരചിഹ്ന ത്തിൻെറ അംശവും കാണാനുണ്ടു്. മൂന്നാമത്തേതിൽ 'ലി' എന്ന അംശം ഉണ്ടെന്നും വ്യക്തമാകുന്നുണ്ടു്. ഇതിനെ ആസ്പദിച്ചു് 'അഴകുതാൻ ചൊല്ലിനേൻ' എന്നു് ഈ ഭാഗം പുനസ്സംവി ധാനം ചെയ്യാം.

അച്ചിയാ[318]* * * ച്ചിക്ക പെൺപെറുകയും
വിച്ചയാ[319]* * വിഭൂതികൾ വരന്മാർക്കമും
വച്ചവണ്ണഞ്ചൊല്ലാം നിശ്ചയാൽ പ്രശ്നമും
പണ്ണിനാൽ ഉദയമാരൂഢമും[320]* * *
[321]* * റാമാറുമുണ്ടാൺപെറാമാറുമു-
ണ്ടുഭയരാശികളുമായ് അതു തിരിച്ചറിയലാം
അഷ്ടമംഗലയുതഞ്ജാതകഞ്ചരതമാ-
യറയില്‌വേറേയിരുന്നെ [322]* * * ളകം
[323] പുൽഗ്രഹം നോക്കി നില്ക്കിൻറുതുണ്ടായിനാൽ

---

318. മൂന്നക്ഷരത്തോളം പൊടിഞ്ഞുപോയിരിക്കുന്നു. ഈ 'ഭാഗം' അച്ചിയാതുങ്ങിയച്ചിക്ക' എന്നായിരിക്കണം.

319. രണ്ടക്ഷരം നഷ്ടമായിരിക്കുന്നു. ആദ്യത്തേതിൻെറ അടിവശം അല്പം കാണാം. അതു 'ച്ച' ആയിരിക്കാമെന്നു സംശയിക്കാവുന്നതാണ്.

320 മൂന്നക്ഷരത്തോളം നഷ്ടമായിരിക്കുന്നു.

321. രണ്ടക്ഷരം പൊടിഞ്ഞിരിക്കുന്നു. ആദ്യത്തേതിലെ എകാര ചിഹ്നം കാണാം. 'പെണ്പെ' എന്നായിരിക്കാം.

322. മൂന്നക്ഷരം നഷ്ടമായിരിക്കുന്നു. ആദ്യത്തേതിൽ ഇകാരമുണ്ട്. ഇതു് ഒരു കൂട്ടക്ഷരമായിരിക്കാനുമിടയുണ്ട്. ഒടുവിലത്തേതിലെ ആകാരചിഹ്നം കാണാം.

323. 'പുംഗ്രഹം' ആയിരിക്കാമോ?

പൊൽഗ്രഹം പുരുഷരോടിൻറവൾക്കെതലാം;

ഉത്രമെല്ലോ പറക്കിൻറനാളിവളതി

* * *വീട്ടക്കുറുതമായിട്ടപോ[324] (20 b)

യ്പുതനുടേ വീട്ടില്വാണിയവതാമത്ഥമി-

ഞ്ഞതിതരാം കിട്ടമാറിഞ്ഞനേ വന്നു ത-

ന്മാനസം [325]* * ഹിതമ്മററുമെണ്ണിക്ക [326]* -

* * * * * * * * * * * * *ലവു്ം.

കോലനാഥന്നു ചാലഖ്ഖരം പെരുതുപോൽ

മേല്വരത്തെന്നുടൈക്കേട്ടകൊൾവാമ്പരം

കോലിനേനങ്ങുപോവാനുമെൻറീദൃശം

324. മൂന്നോ നാലോ അക്ഷരം ദ്രവിച്ചിരിക്കുന്നു. ഒന്നാമത്തേതിൽ 'ല' കാരമുണ്ട്. 'പ' കാരവും ഉണ്ടെന്നു തോന്നുന്നു. തുടന്നുള്ള അക്ഷരങ്ങൾ തീരെ ദ്രവിച്ചു നഷ്ടമായിരിക്കുന്നു.

325. അടുത്ത ഒരക്ഷരം തീരെ പൊടിഞ്ഞുപോയിരിക്കുന്നു. അതിനടുത്തുള്ളതിൻെറ അംശം കാണുന്നതിൽനിന്നു് അതു് 'ര' ആണെന്നു് അനുമാനിക്കാം. 'വിരഹി' എന്നായിരിക്കണം ഈ അർദ്ധനഷ്ടമായ പദം.

326. തുടന്നുള്ള പത്തുപതിമൂന്നക്ഷരം ദ്രവിച്ചുപോയിരിക്കുന്നു. ആദ്യത്തെ നാലെണ്ണത്തിൻെറ അംശം അവശേഷിക്കുന്നുണ്ട്. 'യിലിന്മാന' എന്നു കഷ്ടിച്ചു വായിക്കാം. അന്ത്യാക്ഷരത്തിൽ ആകാരചിഹ്നമുണ്ട്.

പദ്യം 21

നാൾപ[327] * ത്രേണ നടിച്ചുവിദ്യാം
കൈകത്തു വാങ്കാമധനങ്ങൾക്കുടി
തത്രാസ്ഥിതാനേഷ തഴൈച്ചമോഹം
പേചിൻറ പേച്ചോതിഴുവാനപശ്യ [328] *

ഗദ്യം 23

[329] * ടറിയുമിടയെ മതിലേറീട്ടി[330] * –
* * വീണ്ണിട്ടും പുണ്ണായ്ത്തങ്ങളി–
൝നസിജവിശിഖൈരെരിവുണ്ടിട്ടും
പുണ്ണായ്ത്തങ്ങൾ പുറത്തുമകത്തും
331* * * ണിക്കകൊട്ടപ്പാമ്പുടവയില്-

---

327. രണ്ടക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു. ഒന്നാമത്തേതു് 'ക്ക' യും രണ്ടാമത്തേതു് 'ചാ' യും ആയിരിക്കാൻ ഇടയുണ്ടു്.

328. ഓല പൊടിഞ്ഞിരിക്കുന്നു. 'അപശ്യത്' എന്ന ക്രിയയിലെ 'ത്' എന്ന വ്യഞ്ജനം നഷ്ടമായിരിക്കുന്നു.

329. ഈ ഗദ്യഖണ്ഡികയുടെ ആദ്യത്തെ അക്ഷരം ദ്രവിച്ചുപോയിരിക്കുന്നു. 'ഇ' ആയിരിക്കാം.

330. രണ്ടോ മൂന്നോ അക്ഷരം, ഓല ജീർണ്ണിച്ചു് തിരോഭവിച്ചിരിക്കുന്നു.

331. രണ്ടുമൂന്നക്ഷരം പൊടിഞ്ഞുപോയി. ആദ്യത്തേതിലെ എകാരചിഹ്നം കാണുന്നുണ്ടു്.

വെണ്ണയുമിട്ടൊരു ചാറുപൊതിഞ്ഞതു-
ഴിഞ്ഞുടനേ വീണ്ണുണ്ടുഞ്ചോറും
നെയ്യും പൂരളക്കിളതന്ദുർഗ്ഗ-
ന്ധാകൃതി [332]* * * കിമപി കിഴക്ക, ച്ച
വക്കമ്മുന്നേ മുററുമുപേത്യ,മു-
റില്ലോകാദികൾ മൂളി മുരൻറവ-
ളറിവാനാമെല്ലാണ്ടിറ പാത്തൊട്ടെ-
ർച്ചുവർമീത്തേ തലനീട്ടിത്തല [333] *
* * * * വിമലവിരിത്തുവലാദി ന-
രൈച്ച കണക്കേ നരയാതേയും (21 a)
തസ്സുരതാന്തരമണിതരവം കേ-
ട്ടതു കേട്ടേനെൻറുക്താ ചപലം
പരിയമടിക്കും പരിചാരികയാ.
പരിചയവചനപരാങ്മുഖവൃത്ത്യാ
പരിഭവപരുഷപരാക്കും കരയാ
കരധൃതചൂലാ[334] ററല്ലുണ്ടവിടെ-

---

332. രണ്ടോ മൂന്നോ അക്ഷരം ദ്രവിച്ചുപോയിരിക്കുന്നു.

333. ഇതുമുതൽ നാലഞ്ചക്ഷരം നഷ്ടമായിരിക്കുന്നു. ആദ്യത്തേതിലെ എകാരചിഹ്നം കാണാം.

334. ചൂലാൽ + തല്ല് = ചൂലാററല്ല്.

ക്കൺകഴകംപോഴനവസരേ/പിച

ചെൻറു പുറപ്പെട്ടവളെ വെറുപ്പി-

ച്ചനപേക്ഷിതമായ്ക്കടിയാക്കണ്ട-

ക്കതക [335] * പറഞ്ഞളിവിസ്ഥാരഹാസാ

തഴകുവതെൻറു വലിഞ്ഞു പിടിക്ക-

ത്തമ്പാണിഭ്യാമുന്തിയിടപ്പ-

ട്ടന്തരുഴറേറാടവൾ പൂകത്തള-

മുപഗമ്യ ച അവളെ വിളിച്ച [336] * *

തന്നെത്തളയിട്ടം പരിശിന്നിവ യോഗ്യാ

വെയിലുണ്ടാമള നാട്ടിയിരുന്ന ക-

യർപ്പിച്ചധികം കയലേർകണ്ണി പു-

റപ്പെട്ടവളോടാഢ്യവിടോത്തമ

വീടസമക്ഷാമ്മറെറാൻറവൾ

പറയുന്നേരം കർണ്ണേ മന്ത്രി-

ച്ചുതുമിതുമരുകേ വായുന്നാററി, വി-

യത്തൊഴകിൻറക്കക്ഷമുരുംങ്ങി നി-

§ രംങ്ങിയണഞ്ഞവളകലുന്നോറും

---

335. അടുത്ത അക്ഷരം ജീർണ്ണിച്ചിരിക്കുന്നു. അതു് 'ള്' (ൾ) എന്നായിരിക്കണം.

336. രണ്ടക്ഷരം ജീർണ്ണിച്ചിരിക്കുന്നു. അവ വ യും ള യും ആണെന്നു തീരുമാനിക്കാം. 'ള' യുടെ മുകളിലത്തെ വെട്ട് നഷ്ടമായിരിക്കണം, അവൾ എന്നു വായിക്കാം,

§ 'നിരംങ്ങി' എന്നതു് അടിയിൽ രണ്ടാമതു് എഴുതിച്ചേർത്തിരിക്കുകയാണ്.

കണ്ടോർകാണക്കെ കൺ വാ പുരു-
കാദിഭിരഭിനയമതിശയവിക്രം-
ഷ്ടാകൃതി കൃത്വാ സുരതമിരന്നവൾ
നോക്കുന്നേരം മഞ്ഞൾപുരണ്ടരു-
ണീകൃതവേഷാ. (21 b)
വെററിലതിന്മാൻ തരവേണ്ടാതോ
താരെനച്ചൊന്നതു ചെയ്യാക്കാലോ
പുഴവിൻനെയ്യതിലേററന്നല്ല-
പ്പശുവിൻനെയ്യേ തേടാന്തേപ്പാൻ
പാറൈക്കാട്ട കിടക്ക പറഞ്ഞോ-
ന്നിന്നെക്കൊൻേറനുണ്ടിൻറവിനയ-
മാർ പല്ലൊണ്ട കടിച്ചിതുപോലിതു
കാണാപുണ്ണെങ്കീഴ്‌വായ്‌ത്തോല്‌മേ-
ല്ലോളമ്പള്ളിച്ചെൻേറനിന്നാ-
ളൻേറത്താഴി കടിച്ചിതു സത്യം
മോതിരമാഴി കഴിച്ചുംകൊണ്ടാൾ
പിന്നെയൊഴിച്ചാളവിനയമൻേറ
പൊന്നിന്നും പെരുകത്തര[337] * യിടി-
ല്‌നിന്നെ വിളിച്ചു കിടത്തിക്കൊള്ളാ-
മെൻറുഞ്ചൊന്നാൾഎന്മാണികൃ-

337. അടുത്ത അക്ഷരം ജീർണ്ണിച്ചിരിക്കുന്നു. അതിലെ ആകാരചിഹ്നം കാണാം. അതു് 'മാ' ആയിരിക്കണം.

ഞ്ഞാണിക്കച്ചിവളെക്കൊരു പൊന്നവൾ

പുരുഷങ്കയ്യിലൊളിച്ചു കൊട്ടത്തേൻ;

എന്നെക്കൊൻേറാ ചൊല്ലാ ഞാൻ

തന്നതവൾക്കഞ്ങൻറുഞ്ചൊന്നേൻ.

പോരാ പൊന്നെൻറച്ചും പണമും

പെററുത്തു [338] * * * യിതച്ചനൊട്ടറേറൻ.

അറുനൂറെററംപതിലൊൻറും കുറയാ

കെട്ടിന പീലിയെനക്കിക്കുളിരി

എന്തിന്നൂററിൽ കൂട്ടിനതെൻറി-

ട്ടുണ്ടോ ചോദ്യം നിന്നെ വശിപ്പാ- (22a)

നായൊരു വശ്യമൊരുത്തൻ കൂട്ടി-

ത്തന്നോൻേറതാൻ എൻറാല്പോര, കി-

ടപ്പാനെൻറിവ്വണ്ണം ജാള്യമു-

രുട്ടി നിതാന്തം

പദ്യം 22

[339] * * * ട്ടിൽത്തത്ര

സ്വർഗ്ഗത്തിൽക്കട്ടിറുമ്പിവാസഹ്യാ

---

338. മൂന്നക്ഷരം വളരെ ദ്രവിച്ചിരിക്കുന്നു. അല്പമായി കാണുന്ന രേഖ കൊണ്ടു 'പുടവ' എന്ന വാക്കാണ് അതു് എന്നൂഹിക്കാം.

339. ഓല മുറിഞ്ഞു മൂന്നക്ഷരത്തോളം നഷ്ടമായിരിക്കുന്നു. ഒടുവിലത്തെ അക്ഷരത്തിൻെറ ആകാരചിഹ്നം കാണാം.

ഏല്ലാപ്പാട്ടമിരിക്കും

ജളർ പലർ പറയിൻറവാറസൗ കേട്ടാൻ

ഗദ്യം 24

ജാള്യമുണ്ടാകിലും പെരുകകത്താമ[340]**
(ൊ)കാള്ളമന്നം കുറഞ്ഞിട്ട പെ [341] * ഞ്ഞാങ്ങനേ
കൈ[342] ** ച്ചുല്ലസന്നഖമ്മണാളംങ്ങളാൽ
ചൊറുകിയെംങ്ങും ചിരങ്ങാർദ്രപംകാംകിതാ
നണ [343] ** പ്പാനുടകൈതമുൾക്കുടമു-
ന്നൽകവീന്ദ്രോക്തമെല്ലാമിട്ടം കബ!ളിതാം
ബിഭ്രതഃ കവികളെക്കൊണ്ടു ചൊല്ലിച്ച, ഗാ—
ഥാവരെക്കവലയായ് പൊരിൽ[344] നിനൈച്ച-
വിരതോൽ-

340. ഓല പൊടിഞ്ഞുപോയിരിക്കുന്നു. ആദ്യത്തെ അംശം കാണുന്നതിൽ നിന്നു് അതു് 'ള' ആണെന്നു സംശയിക്കാം. 'താമളം കൊള്ളമന്നം' എന്നായിരിക്കാം ഈ ഭാഗം. താമളം = താവളം

341. ഒരു ലിപി നഷ്ടമായതുപോലെ തോന്നുന്നു.

342. ഒന്നരണ്ടക്ഷരം എഴുതുവാനുള്ള സ്ഥലം ലേഖകൻ വെറുതേയിട്ടിരിക്കുന്നു.

343. അടുത്ത അക്ഷരങ്ങൾ പൊടിഞ്ഞിരിക്കുന്നു. എകാരചിഹ്നം മാത്രം കാണുന്നുണ്ടു്.

344. 'രു' എന്നു് ആദ്യമെഴുതിയിട്ടു് 'രി' എന്നാക്കിയതുപോലെ കാണപ്പെടുന്നു.

ഗ്രാഹിണഞ്ചെവി പൊടിക്കും ഗിരഃസത്യമേ
ക്കുത്തു താമോതരന്തേവനേ ചിത്രമാ-
വല്ലുമിൻറല്ല ശങ്കരനസൗ നിശ്ചയം
തത്ര വേദപ്രമാണാന്തതഃ കിന്നു നിൻ
വാക്യമേ പോരുമോ മിച്ചമൊണ്ടച്ചിയാ-
ത്തുണ്ണിയിലെനക്കവെള്ളടേ കർത്തൃഭാവശ്ച
തത്രാസ്തി ചേൽ ശേഷമോ ശേഷിയോ
നീയറിഞ്ഞീല താന്മറെറാരുത്തനില്ലപാ- (22 b)
ദാനമേ മൂലമുമ്മറെറാരുത്തനെയുവ-
ക്കിൻറതിന്നന്യമുച്ചൈരുവക്കിൻറുതെ-
ൻറാലഹോ വക്ഷധർമ്മൌന [345] * * മച്ചെമേ.
രായിരമ്പിള്ള തൻ നന്ദനാ നംങ്ങയാർ
ത്തുയ ക്കുറകൾ തരും കവളികൈത്തുണിക്കതേ
നായികാ ചലദൃശാമവൾ കുതഃ സംശയഃ
ക്കുറു വെള്ളാംങ്ങല്ലൂർ മഹിതമംങ്ങാടിദം
ക്കുറ റുത്തൻറി നാമവളിടൈക്കൊൾവുതോ
ക്കുറിനേനൊൻറിയമ്മത് പ്രതിജ്ഞാ സ്വയം
താഴിനീലീസുതാ മികവു തംപാക്കളെ
പോമവൾക്കിമ്മ [346]* * * * മുഞ്ചാലവും

---

345. രണ്ടക്ഷരത്തോളം പൊടിഞ്ഞുപോയതുപോലെ തോന്നുന്നു.

346. മൂന്നുനാലക്ഷരം നഷ്ടമായിരിക്കുന്നു.

വൃത്തിയും നൻററലങ്കാരമുണ്ടതിതരാ–
മിട്ടമാമവിടയാ ഭൂരി ച ശ്രൂയതേ.
കുത്ര പാഞ്ഞൂണി [347] * ക്കിട്ടമേടന്ന ത-
ത്സംഷ്ഠംതോൻറ [348] * * * * * * *
സുപ്പുനാകേൾപ്പുതൊണ്ടായിനാല്വണ്ണുലാം
തുപ്പനാരിയനുടേ വീട്ടില്വം പോക സ-
ന്നീവരിഞ്ഞുണ്ടുസഭ്യപ്പടപ്പാ[349] * മൻറിഞ്ഞനേ

പദ്യം 23

സഭ്യോക്തിജാല്യയുതസംസ്കൃതശബ്ദസഭ്യ-
പ്പാട്ടിന്ന പാടിവ ച വീട്ടില് വിരഞ്ഞു വന്ന
ചാത്രാസ്സപയം ചപലമായ് ചിലർ പേചുമാറു
കേട്ടാ[350]* * * മിദമെൻറു കുതൂഹലേന (23 a)

---

347. ഇവിടെ ഒരക്ഷരത്തിൽ കൂടുതൽ നഷ്ടമായിരിക്കാൻ ഇടയില്ല.

348. ഏതാനും അക്ഷരങ്ങൾ പൊടിഞ്ഞുപോയിരിക്കുന്നു.

349. ഒരക്ഷരം നഷ്ടമായിരിക്കുന്നു. 'സഭ്യപ്പടപ്പാട്ടുമെൻറിഞ്ഞനേ' എന്നായിരിക്കാമോ?

350. അടുത്ത മൂന്നക്ഷരം നഷ്ടമായിരിക്കുന്നു. ആദ്യത്തേതിൻെറ ആദ്യംശം കാണാം. അതു് 'ന' ആണു്, സംശയമില്ല. 'കേട്ടാമ്പ സൗ കിമിദമെൻറു' എന്നു് ഈ ഭാഗം പുനസ്സംവിധാനം ചെയ്യാം.

ഗദ്യം 25

തെററൻറഴകിയ മുകമാകിൻറ തി-
രണ്ട ശശാംകനിരണ്ടരുകത്തു-
ന്തട്ടിയിരിക്കുമ്മക്കളിരണ്ടിവ
ചൊക്കടയഭിനവവെള്ളോലെപ്പുരി-
ലാസികടിം പിട്ടുള്ളിലൊരമ്പാ-
മെണ്ണു ചുരത്തിൻെറുള്ളിവ നൻറുമി-
രിണ്ടു ചെറിഞ്ഞു കുരുമ്മയിരഞ്ചിത-
നിജഭുജമൂലാ;
അതിരജനീഷു രസജ്ഞഭടാനാം
പ്രഹരണകർമണി മുഷ്ടികരാംബുജ-
മണ്പൃമിരിട്ടിങ്കൻറിതി തോ 351 * *
കമഠാ;
കമഠക്കാർവണ്ടുയരക്കണ്ട-
ക്കനമുലയാം പൃന്നൊത്തില്ക്കൊത്തിന
തതൈത്തെച്ചുണ്ടിച്ചുവടിവ പൊലിയും
കാമുകനഖപദകമനീയാംഗാ;
മദമാകിൻേറാരാററില് വിളങ്ങിന

---

351. അടുത്ത അക്ഷരത്തിൻെറ അല്പഭാഗമേ കാണാവൂ. അതു് 'ൻറി' ആയിരിക്കാമെന്നു തോന്നുന്നു. തുടർന്നുള്ള ഒരക്ഷരം പാടേ നഷ്ടമായിരിക്കുന്നു.

മറുചുഴിയും ചെറുതിരയുംപോലെ

വട്ടക്കടിയും കരജധൃതം നീ-

ളക്കീററുഞ്ചു(ട്ട)ററംഗേ ദധതീ.

പദ്യം 24

കാവിപ്പല്ലും കടിയണിയുമ-

ച്ചെന്തുവത്തൊണ്ടി വായും

കാട്ടിക്കാട്ടിക്കളമൃദുപദ-

ന്തമ്മിലൊന്റൊന്റു ചൊല്ലി

ആക്കം കണ്ടാലകമലയുമാ-

റച്ചിയാരുണ്ണിയച്ചി

ചെല്ലംകോയിൽ ച്ചെറുപണി[352]* താൻ(?)

നോക്കിനാൻ ചേടിമാരെ

ഗദ്യം 26

ബോധമടങ്ങിന പതിനൊൻറാംനാൾ

മോഹമഹാജനമെങ്ങുമിരി[353]* — (23 b)

നളവാകിൻറ കുറണ്ടിപ്പരിശിവ

---

352. അടുത്ത അക്ഷരം ഏകദേശം 'ര' പോലെയിരിക്കുന്നു, അതിന്റെ കുറച്ചുഭാഗം പുഴു തിന്നിരിക്കുകയാണ്.

353. അടുത്ത അക്ഷരം ദ്രവിച്ചിരിക്കുന്നു. അതിൽ 'പ' ഉണ്ടെന്നു കാണാം. ആകാരചിഹ്നവും കാണ്മാനുണ്ട്. അതു 'പ്പാ' ആയിരിക്കണം.

കണ്ട പിഴാരക്കയ്യന്മാർ തരു-
മുപദേശംകൊണ്ടെങ്ങുമിട്ടന്തിരു-
നാമനിരന്തരവപുഷാ വല്ലാ-
രിയപദരക്ഷാം കത്തും വായരു-
കത്തു നി [354] * * * വില്ലോല്മീശ പു-
രിഞ്ഞു വളഞ്ഞവുമുളവായ് പളകാം
പെരിയ വിഴാവിനില്നാട്ടം കൊടിപോ-
ലേററം നെട്ടതായ് വാലാൽ വിലസിത-
പൃഷ്ഠഞ്ജാസ്തീർ ബഷ്ടകൾ ജിഷ്ടക-
ളവിടെദ്ദിഷ്ടതി കൊട്ടിഗ്ഗോഷ്ടി പ-
റൈഞ്ഞപ്പരി [355] വാസത്തിനു വരലൂ-
ശികളായ് ബ്രഹ്മന്മേല്നൂലിട്ടവ-
രാരുഞ്ചെമ്മേ നമ്മെയിരിക്കൊ-
ട്ടാരങ്ങായിലുമഴകിയളശ്ശിയാർ
തമ്മകളിളയവ [356] * ളൻറാലസ്സ്യവ-
സിപ്പോമവളെക്കാണ്മാനെൻറുപ-
ഗമ്യ ച തസ്യിന്നീർ ചൊന്നീർപോ-
ലെന്നുടെ മീശ പുരിഞ്ഞീലെൻറാ
ശർഗ്ഗിരവാണി വലത്തുടേ താ-

---

354. അടുത്ത മൂന്നക്ഷരം എഴുതിയിരുന്ന പത്രഭാഗം പൊടിഞ്ഞുപോയിരിക്കുന്നു. 'നിറുത്തിന വില്ലോൽ' എന്നായിരിക്കാം ഈ ഭാഗം.

355. 'വ' യുടെ അവസാനം പൊടിഞ്ഞുപോയിരിക്കുന്നു. 'ഹ' യുമാവാം.

356. 'വ'യുടേയും 'ള'യുടേയും മദ്ധ്യത്തിൽ എകാരചിഹ്നം ഉണ്ടായിരുന്നിരിക്കണം. അതെഴുതിയിരുന്ന ഇടം ദ്രവിച്ചുപോയിരിക്കുന്നു.

357 * * യൊരുത്തരതെന്നെച്ചൊല്ലാ-

രെച്ചെവികേൾക്കെച്ചൊല്ലുകിലെൻറതൊ

ഴിച്ചുംകൊൾവൻ;

നമ്മിടെ മീശ പുരിഞ്ഞീലെൻറതു

ഞാൻ ചൊന്നേൻ ചൊന്നേൻ.

നായരുടേ മീശ പുരി-

ഞ്ഞീരെ§ൻറായിപ്പോലെ [358]ൻവാളിൻ[359]

വലസറിയിക്കാമെൻറുടനങ്കം

ചൊല്ലിത്തമ്മിൽ കൊട്ടതായ്ചത്താ (24 a)

ചത്താ നാളേ കട്ടാ നീ കുറനാൾ

പിണമേ പരുവടിയും കോളാറും

കൂട്ടഞ്ചെലവൊട്ട വരുവു തുടർച്ചയു-

മെൻറിവ മുതലായ്‌വിരിയിൻറലകി-

ങ്കിരമം പിഴയാതേ വാൾ പൊസ്ത്തോം-

പിയണെച്ചു പിടിച്ചത്തലമയിർ

---

357. ഇവിടെ രണ്ടക്ഷരം തീരെ ജീർണ്ണിച്ചിരിക്കുന്നു. ആദ്യത്തേതിലെ എകാരചിഹ്നം സ്പഷ്ടമായി കാണാം, 'താങ്കെട്ടി' എന്നായിരിക്കണം ഈ ഭാഗം.

§ 'ൻറ' കഴിഞ്ഞു 'തു' എഴുതി വെട്ടിയിരിക്കുന്നു. അടുത്തെങ്ങും 'തു' എന്ന അക്ഷരം കാണുന്നുമില്ല. ലേഖകന്റെശ്രദ്ധക്കുറവു സ്പഷ്ടം.

358-359 രണ്ടിടത്തും 'ന'യും 'വ'യും കൂടെ ചേർന്ന കൂട്ടക്ഷരമായിട്ടാണു ഗ്രന്ഥത്തിൽ കാണുന്നതു്.

കെട്ടിന കേമച്ചരട്ട വലത്തേ-
ഷ്പൂരുകമിടത്തേ ക്കരുമണി പൂണേ-
ല്വിടമുലയില്ക്കണ്ണീരു ക്കൂറാക്കി
യിടത്തേത്തുടയുടനൊടിയപ്പൊഴ്ചു വ-
ലിച്ചെമ്പെരു [360] * * * നല്നമക്കാരംപോ-
ല്വീണ്ണുകിടക്കും നിന്മുംത്തുകത്ത
ക്കേമെംവെട്ടിത്തൊങ്ങലില്ട്ട [361]-
ത്തുടൈച്ചേൻ വാളൈക്കൊട്ടിച്ചോട്ടം
മയിർമുറിയാതേ കൊണ്ടുകളിച്ചേൻ
വീട്ടം പൂവൻ കുറനാൾ പിണമേ
ചത്താ ചത്താ ചെത്തല്ചെറുമാ
മാറുകെടാട്ടിക്കെരുടൻമുന്ന-
[363] * രുടിപ്പാംപൊത്തഞ്ചുംവണ്ണും
വള്ളിയറുക്കപ്പൂനിലയിൽ പോ-
സ്ഥീരിക്കിന്റേൻ കുറനാൾ പിണമേ

---

360. മൂന്നക്ഷരം നഷ്ടമായിരിക്കുന്നു. ആദ്യത്തേതു് 'പ' ആണെന്നൂഹിക്കത്തക്കവണ്ണം അല്പം രേഖ കാണുന്നുണ്ടു്.

361. ഈ അക്ഷരം 'ട്ട' ആണോ എന്നു സംശയിക്കാം.

362. അടുത്ത അക്ഷരത്തിന്റെ ആദിഭാഗം മാത്രമേ കാണാവൂ. അതു് 'വ' ആണെന്നു തോന്നുന്നു.

363. അടുത്ത അക്ഷരം തീരെ പൊടിഞ്ഞുപോയിരിക്കുന്നു. അതിൽ 'ല' കാരം ഉണ്ടെന്നു സംശയം ജനിപ്പിക്കുന്ന ഒരു രേഖാംശം കാണാം.

ചത്താചത്താ ചെത്തെല് ചെറുമാ
എന്നെയതാമോ എന്നെ[364] * * മോ
നിൻനാൽ കെട്ടാ നാസ്സുനരിക്കും (24 b)
കാക്കെക്കെല്ലും കഴുകിന്നും നല്പിണമാം പിണമേ.
എന്നെതിരേ നീ വരുവോയാകി-
ല്ലലകക്കെ പലർകാണയൊടിപ്പൻ.
പതിന[365] * * റടമിളക്കിന വാൾക്കൊ
യിരുപത്താറടമിരുക്കുറിട്ടവൻ;
ഉഴറൊല്ലാ നീ ചാവാനെൻറി-
ട്ടുളകുഴറിപ്പൊയ്യേനിടയി-
രിക്കപ്പൊസ്സിട്ടിന്ന [366]* * *
പേശിന വലസെന്തെല്ലാമെൻറുട-
നംകണ്ണൊല്ലിക്കൊട്ടതായ് ത്തമ്മിൽ
ചത്താചത്താ ചെത്തെല് ചെറുമാ
എന്നെയതാമോ പള്ളിവളൈ [367]* *

---

364. തുടർന്നുള്ള രണ്ടക്ഷരം തീരെ ജീർണ്ണിച്ചുപോയിരിക്കുന്നു. രണ്ടാമത്തേതു് 'ത' ആണെന്നു് അഭ്യൂഹിക്കുവാൻ അല്പം രേഖ സഹായിക്കുന്നുണ്ടു്. അതിൻെറ ആകാരചിഹ്നം താളപത്രത്തിൻെറ അറ്റത്ത വശത്തു് വ്യക്തമായിക്കാണാം. ഈ ഭാഗം 'എന്നെയതാമോ' എന്നായിരിക്കാം.

365. രണ്ടക്ഷരത്തോളം പൊടിഞ്ഞിരിക്കുന്നു.

366. രണ്ടോ മൂന്നോ അക്ഷരം പൊടിഞ്ഞിരിക്കുന്നു.

367. രണ്ടക്ഷരത്തോളം പൊടിഞ്ഞിരിക്കുന്നു.

വട്ടത്തവിടെക്കണ്ടുകിടക്കി-
[368]* ഉളപ്പാഞ്ഞു കിറുപ്പിന വാളാ-
ലുന്തടിതൊട്ടത്തലയള[369]വുന്നി
ന്നുള്ളിൽ പേടി പെരുക്കീ നിൻ
വെള്ളല്ലെഴ[370]മതിലെൻവാൾ വിരവി
വെള്ളച്ചോരി ചൊരിഞ്ഞതുപോൽ നിൻ.
നിള്ളതൊഴിക്കക്കണ്ണീർ പൊഴിയ-
ത്തുള്ളിപ്പിടമാൻ പുലിവായിൽ പോയ്-
ത്തുള്ളിക്കരയക്കരളിറ വെട്ടി-
ത്തുള്ളും കഴുകിൻ തൊള്ള നിറൈപ്പൻ,
കുറനാൾ പിണമേ ഉളകറുമാറും
പിറകറുമാറും കുറകറുമാറും (25 a)
ഉളകും പിറകും പൊസ്ലിട്ടഴകൊൗ
നിന്നൈക്കൊല്ലിൻേറനെൻറിത്ഥം ബഹ്ഹുധാ.

പദ്യം 25

വാളംകവാശിമുഖരാന്ത്യംഹ്ഹരുണ്ണിയച്ചി
കേൾപ്പാനുടൻ കിമപി ചിത്തവിലോഭനായ
പൈശാചികം പരിശ്രു പേശ്രുവതോ ഭടേന്ദ്രാൻ
കേട്ടാനുടൻ കിമതി സംസ്മിതവിസ്മിതാസ്യഃ

---

368. അടുത്ത അക്ഷരം പൊടിഞ്ഞിരിക്കുന്നു. അതിലെ 'ഒ' കാര ചിഹ്നം കാണാം.

369. ഈ അക്ഷരം 'പ' ആണോ എന്നു സംശയിക്കാം.

370. ഈ അക്ഷരം പകുതി ദ്രവിച്ചിരിക്കുന്നു.

ഗദ്യം27

ചന്ദനധാരയൊഴുക്കീതോ ദൃശി
ചന്ദ്രമരീചികളാകിൻേറാ ചില
കർപ്പൂരത്തിരി കൂടി വിളങ്ങി-
ൻറന്തിവിളക്ക കൊളുത്തിവിനിർമ്മിത-
ചന്ദ്ര [371] * വാണ്മെകൊണ്ടമൃതമയേന കി-
മമിതരസജ്ഞാം കണ്ണെഴുതീതോ?
മുക്കണ്ണുടയ പിരാനെരികണ്ണില്-
ത്തീക്കനൽകൊണ്ടു നിജാംഗേ മുന്നം
മിക്കതൊരഴലൊഴിവാനാസ്ഥാമൻ
തിക്കിനിലെങ്ങും കുളവയലെല്ലാ-
മൊക്കെക്കൂട്ടിയവററിന്നീർകൊ-
ണ്ടക്കണമിനിയുതൊരാറു ചമച്ചതില്-
മുക്കീതോ മമ ലോചനയുഗ്മം;
ധന്വന്തരിമാർ കൂടിനിരൂപി-
ച്ചുന്നതഭിഷജൌ നാസത്യന്മാർ
മന്നുലകിന്നുപകാരം കൽത്തു-
ന്നന്വീരൂപരസായനസാരം
കിന്നു കൃതം മേ പരുകീതോ കൺ
പരമാനന്ദേ പരുമാററീതോ
പരിതോപി ച നന്നു നയനമിരണ്ടുമി-
തിസ്ഫുടമവളെക്കണ്ടുനിനച്ചവ-
നേഷ പുകണ്ണാൻ.

---

371. അടുത്ത അക്ഷരം ജീർണ്ണിച്ചിരിക്കുന്നു. 'ന' യുടെ കുനിപ്പുപോലെ ആദ്യാംശം കാണാം.

ഗദ്യം 28

കുളിത്തെഴിൻറ കാന്തിനീർവളത്തിൽ

നട്ട വിച്ചയാ- (25 b)

ക്കുളിച്ചു കാമവല്ലഭാ വളൎത്ത രാഗവല്ലിമേൽ

മുളെച്ചു മുന്നമൊള്ള ചെന്തളിക്കുനേർ

പദാംബുജം

വിരൽപ്രവാളമാലികാവിരാജി രമ്യതാർണ്ണവേ.

നകംങളായ മുത്തു പെററുടങ്കിടക്കമിപ്പിപോ-

ലടിപ്പുറന്തവ സ്ഫുടമ്മണിച്ചിലംപനംഗനേ-

റുമുല്ലസല്ലിടിക്കമാറു ബിഭ്രമംപിടിക്കമ-

ന്മനോടടുക്കുമാറു കേവലം മുഴക്കുമല്കിരാം-

ഗിരേരഴുത്തുമാറുമിക്ക വീഴമെക്കഴത്തമെ-

ന്നമാററില്ലരുദണ്ഡരുഗ്മമാന്തിരണ്ടുരുണ്ടൊഴ-

ക്കമുള്ളൊഴക്കി [372] * * ട്ട ജാനുബൃൽബൃദേന മു

ന്നെതിത്തു ചെല്ലുമവ്വരാല്വരോരുജംഘികായുഗം

നിതംബബിംബചക്രമ-

ങ്ങിരുന്നമാരശൗരിതൻ

നിരന്ന കൈയ്ത്തലോപമം

വലിത്രയീവരാങ്കിതം;

നികാമകോമളോദര-

ന്ദരസ്ഫുരൽകഴത്തെനു-

ഞ്ചിവത്തില്നിൻറു കീഴ്പത

ത്തദർച്ചനാംബുജപ്രഭാൽ

---

372. ഒന്നോ രണ്ടോ അക്ഷരം നഷ്ടപ്പെട്ടിരിക്കുന്നു.

മനോജ്ഞശോഭി നാഭിയെ
ത്തുയന്നു വന്ന വണ്ടിനി-
ണ്ടരോമരാജിരഞ്ചിതാ (26 a)

ചെറുപ്പമൊള്ള മധ്യമാ മഗസ്ത്യ നെപ്പെറിൻറകുംഭ-
മമ്പിനാലണെഞ്ഞുതെൻറു തോൻറുമൊട്ടണി-
ഞ്ഞകിൽകുഴംപുകുങ്കുമാദി പങ്കിലസ്തനദ്വയം;

പൊലിഞ്ഞ കണ്ഠശംഖപോലെ നാഗമെൻറുശങ്കിതാ
വിഭാതി ബാഹുവല്ലരീ;

മലിഞ്ഞയൗവനാഖ്യശാരദാഗമേ വിളങ്ങുവോരു
ചന്ദ്രമണ്ഡലമ്മുഖം;

മുരാരിമാർവില്മേവുപൂവില്മങ്കകേളിപങ്കജാ-
വസക്തഹാരകൗസ്തുഭോപമാനനേ മൃദുസ്മിതാംശു
തൊ 373 * വാ പുലമ്പുമെങ്ങൾ മാനസേ മധുദ്രവാർദ്ര-
മാറ്റമേറ്റിമാറ്റിവിട്ടടൈക്കലം വിവേശ ചണ്ഡികാകരേ;

ശുകീതിലോത്തമേനയസ്സു മേററ 374 * * താ
നതാംഗിനിന്നെയൊപ്പു തത്ര നാസികാവിലാസതോ

---

373. അട്ടത്ത അക്ഷരം ജീർണ്ണിച്ചിരിക്കുന്നു. അതിൻെറ ഉപരിഭാഗം 'ണി' ആണെന്നു കാണാം. അതു് 'ണ്ടി' (ണ്ടി) എന്നായിരിക്കണം.

374. രണ്ടക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു.

വിലാസയോനിനൃത്തമാട്ടവാനണിഞ്ഞനേരമ-
ഗ്രതോ ഗൃഹീതദപ്പണം കപോലമെൻറുചൊല്ലലാം;
മദാംബ്വവെള്ളവാരിധൌ നിബദ്ധകണ്ണവാരുണ-
ക്കയത്തിനാല് വിഭൂഷിതം വിനമ്രചില്ലി-
വീചിവല്ഗിതം [375] * * *

ഗദ്യം 29

തടമുറുകുളിർകദളികൾ കനകനികകനമുടയ
കനികളൊട്ടു തട്ടതടവളർവളമുടയടമൊരിടം;
അഴകിയ പകഴനിറമിഴകിയിടചെറിയ വടിവൊട്ട
തുടവിയ കഠിനഫലകുലകുലഭരദരനതശിഖര- 27
കരകമുകനിര പരികലിതഫണിലതകളില്
വിരഹിണികൾ
വിമലരുചികവിൽമണിമുകരതലമിയലി എ[376]* *
പെരുകി നലചുരിൽ വിരവിന സമുചിതമിലയില-
കിന പുലമൊരിടം; അധികകളലളിതമൊളികൾ
നിവഹപരികബളനതരളിതഹരിതഹരിരുചിര-

---

375. രണ്ടുമൂന്നക്ഷരം എഴുതാനുള്ള സ്ഥലം ലേഖകൻ വിട്ടിരിക്കുന്നു. 'വല്ഗിതം' എന്നതിനുശേഷം വിരാമചിഹ്നം കാണുന്നില്ല.

376. രണ്ടക്ഷരം ജീർണ്ണിച്ചിരിക്കുന്നു. ആദ്യത്തേതു് 'രി' എന്നൂഹിക്കാം. രണ്ടമത്തേതിൻെറ ഉകാരചിഹ്നം കാണുന്നുണ്ടു്. എരിവു് -

തരുണദിനകരകതിരിതി[377] * * *തിന കതിർ

പെരുകിന

തിനവനമുമതിനരുകിനതനുഫലവിതതിവിനമിത-

വഴതിനയതിനൊട്ടതിനുമതിലിതവിയ പുവല്ലുമലംഘ്യ-

ര[378]* * * *വ്യ തിലകിതനട്ടതളനിലകൊൾനിലമു-

മകിലണികുചകലശഭരിതജലഭൃതമധുപമുഖരിത-

മലർ-

പരിമളിതമലയജമരനിര വിരവി വിലസിത-

മൊരിടം;

അവിരതമവരവരമുതിനുട ചുവ കവരുമളനവവര-

മെന-

വിരചിതനുതിവിരയ വിളയുമവിരളനവിരനെല്ല-

വിരള-

മിളകൊളുമൊരിടം; ഇളയകളമൊഴികൾകുളി (27a)

വിഹരണമിളിതമുകിൽമുലയുഗളകളഭശബള

സലില-

---

377. അടുത്ത രണ്ടുമൂന്നക്ഷരം ഓല ദ്രവിച്ചു നഷ്ടമായിരിക്കുന്നു.

378. നാലക്ഷരത്തോളം ജീർണ്ണിച്ചിരിക്കുന്നു, ആദ്യത്തെ രണ്ട് 'സന' എന്നാണെന്നൂഹിക്കാം. ബാക്കി രണ്ടും തീരെ നഷ്ടമായിരിക്കുന്നു.

സരസിമത്തുമത മതിപരമല[379] * * * * * * * *

മലരക-

വിതള്ളികനത്തിലൊഴകിന തെളിയെന്നസ്വര[380]

(ഹി ? ഭി)ത-

പൊടിയെന്നമയ്യടിററതടവി മുകുളിതകുമുമുദകമിടറി-

യ്യടനൊരുതളർവൊളിവമൃദുതരഗതിമധുകരതി[381]

തിഹി-

രുദിതമധുരതതിവിരിവതൊരു കുടവനെന്നമയ്യഗശര-

സഹചരവരവുമൊരിടം.

ഗദ്യം 30

പിറൈപ്പൂവുച്ചൂട്ടം പിരാൻ നെറ്റിയില് ത്താൻ

---

379. എട്ടക്ഷരത്തോളം പൊടിഞ്ഞിരിക്കുന്നു. ഒടുവിലത്തെ രണ്ടക്ഷരം 'രുഹ' എന്നാണെന്നു കഷ്ടിച്ചു മനസ്സിലാക്കാം. ഇവയുടെ മുമ്പിലത്തെ അക്ഷരത്തിൻെറ അധോഭാഗം കാണാം. അതു 'സി' ആണെന്നും അഭ്യൂഹിക്കാം. ഇത്രയും വെച്ചുകൊണ്ടു് നോക്കുമ്പോൾ 'സരസിരുഹ' എന്ന വാക്കു് ഇവിടെ ഉണ്ടെന്നു അനുമാനിക്കാം. ഈ വിച്ഛേദത്തിൻെറ ആദ്യത്തെ രണ്ടുമൂന്നക്ഷരം തികച്ചും നഷ്ടമായിരിക്കുന്നു.

380. 'ഭി' ആയിരിക്കുമോ? ഗ്രന്ഥത്തിൽ ഭ-യും ഹ-യും എഴുതുന്നരീതിയിൽ വളരെ സാമ്യമുണ്ടു്.

381. 'തിഹി' എന്നു ഗ്രന്ഥത്തിൽ കാണുന്നതു 'തതിഭി' എന്നതിൻെറ തെററായ പാഠഭേദമായിരിക്കാം.

പിറക്കിന്റ കണ്ണില്ലിറക്കിന്റ തീവർത്മ സംസൂച *[382]
യന്തീവ നൻറും കുറുക്കിൻറ ദിക് ചക്രവാളാ;
പതദ്രക്തബീജാസുരാസൃക് പയോധിം
കുടിപ്പാൻപരത്തിൻറ നാവാന്തുരംഗാനലജ്വാലയാ
ഭീമരൂപാ; രുരു [383]* * * * തൃസ്യ ചോരി-
ച്ചുവപ്പായ സന്ധ്യാരുണാർദ്ധേന്ദുദംഷ്ട്രാ;
കരാളാസിവാളാല്പിളക്കപ്പെട്ടന്ദാരുകേന്ദ്രാരി-
ദാരുസ് ഫുരദ്ദാനവാരാതിരക്ഷോഗ്രഹാ:
ദാരുണാ വാരുണാ ഹാരിണീ മുക്കണ [384] പ്പൻതിരു
ക്കുത്തു കണ്ടക്കണമ്മിക്കകോപന്തണി-
ഞ്ഞക്കന്നത്തോടിണംങ്ങിക്കളിച്ചംങ്ങനേ
പണ്ടു കണ്ടോരൊട്ടംങ്ങിൻറനാൾ വിണ്ടല-
സ്ഥായിനാം വേണ്ടലംപോട്ടടൻ വെണ്ടലൈ-
ക്കോവവെണ്മുത്തുപൂണ്ടാമളം
പുണ്ഡരീകാരിചഞ്ചൽത്വിഷോർമ്മണ്ഡലം (27 b)
§ കൊണ്ടുതങ്കുണ്ഡലം കുർവതീ;

---

382. ഒരക്ഷരം എഴുതാനുള്ള ഓല പൊടിഞ്ഞിരിക്കുന്നു.

383. നാലഞ്ചക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു.

384. 'ണ്ണ' എന്നെഴുതി 'ണ' എന്നു വായിക്കേണ്ടതാണ്.

§ ''കൊണ്ടുതങ്കുണ്ഡലം'' എന്ന ഭാഗം താഴെ എഴുതി ചേർത്തിരിക്കുകയാണ്. ഇതു് ആദ്യം വിട്ടുപോകാനിടയായതു് 'മണ്ഡലം' 'കുണ്ഡലം' എന്നീ പദങ്ങളിലെ അന്ത്യാക്ഷരങ്ങളുടെ ഐക്യം നിമിത്തമായിരിക്കണം. പകർത്തിയതിനുശേഷം ഒത്തുനോക്കിയിരിക്കണമെന്നു് ഇങ്ങനെയുള്ള തിരുത്തലുകൾ തെളിയിക്കുന്നു.

വീണ്ണു ധാതുർവപുർവീണ കൈകൊണ്ടു വായിച്ചു

സംഹാരവൃത്തിപ്രവീണാത്മികാ;

ചെമ്പരുത്തിപ്രഭാസമ്പദുത്ഭാസിതാ;

കംപ[385] * * * * * * * സ്രജം ബിഭ്രതീ;

പൂണ്പുപോല്മാർവിലംപിളിക്കീററിനോ-

ടണ്പൂമച്ചെഞ്ചടൈക്കററയാലുജ്ജ്വലന്തീ;

പരേ താഡനാദ്ധ്യാസിനീ രൂപിണി യാ ച ദേവീ

പരാ ഭൈരവീ മുക്തിദാ;

മൂർത്തികതതിത്ത്രയീത്രാത്മമൂർത്തിത്രയോഗ്ര-

ത്രിശൂലായുധാ;

ചണ്ഡമുണ്ഡക്കൊപ്പംകാട്ടുഖണ്ഡിക്കുമ-

ച്ചണ്ഡടംകോദ്വഹാ; ചാരുചാമുണ്ഡിയെ-

ൻറുള്ള പേർമണ്ഡിതാ; ഭദ്രദാ ഭദ്രകാളീ

ശരച്ചന്ദ്രശുഭ്ര[386] * * * * * രിശ്ചന്ദ്ര-

വംശാബ്ധിചന്ദ്രോദയാ;

നാല്പുരശ്ചന്ദ്രകീർത്തിശ്രീയാംഭൃതാ-

മാഹവേ വെല്ലുനല്ലും കുടിത്തൈവമായ്

---

85. 'സംപത്'' എന്നതിലെ 'പ' മുതൽ 'കംപ' വരെയുള്ള അക്ഷരങ്ങളുടെ ഉപരിഭാഗം ജീർണ്ണിച്ചുപോയിരിക്കുന്നു. തുടർന്നുള്ള ഏഴക്ഷരം തീരെ നഷ്ടമായിരിക്കുന്നു

386. അഞ്ചക്ഷരത്തോളം നഷ്ടമായിരിക്കുന്നു.

പോരുമെന്നമ്മ മററമ്മമാരഞ്ചൊടൊ-
ൻറിന്നുമാകല്പരത്നം കഴൈഞ്ഞുംപരെല്ലാ
ന്തൊഴഞ്ചേവടിപ്പങ്കജാ; സാ
ചിരഞ്ചെ[387]* മേവ്വം പഴംകോയില്മാന്യം
പഴന്തക്കരാഗം കുഴററും കിളിപ്പൈതൽ
കൊത്തും പഴഞ്ചേരിളംകാമരപ്പൂവു-
ചൂഴം[388]* * ഞ്ചേരി യത്രാത്ഭുതം ഭ്രാജതേ. (23 a)

പദ്യം 28

നൻറുന്നുയത്തൊഴിൻറക്കനല്വരുശിഖയാ
നാക്കിഴൈക്കിൻറ കോല-
ച്ചൂലതാല്വംചുരുങ്ങാതസുരതനഗളൽ-
ചോരികൊണ്ടാപിബന്തീ
മാലിന്ദോരിററുവീഴിൻറവിരളസുധയാ
fമന്ദയുഖശ്രമാfസൌ
പ[389] * ഷ്ദ്വേഷിപുത്രീ ചിരമവതു പഴ-
ഞ്ചേരി ചേന്നമ്മ നമ്മൈ.

---

387. അടുത്ത അക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു. അതു് 'ൻറു' ആയിരിക്കണം.

388. രണ്ടക്ഷരം പൊടിഞ്ഞിരിക്കുന്നു. അവ 'പഴ' എന്നായിരിക്കണം 'ചൂഴം' എന്നതിനു ശേഷമുള്ള ഭാഗം അവസാനത്തെ ഓലയിൽ എഴുതിയിരിക്കുന്നു. നാലു വരികളായി ഒരുവശം മുഴുവൻ കൊള്ളുമാറു മുഴുപ്പുള്ള അക്ഷരത്തിലാണ് ഈ ഭാഗം എഴുതിയിരിക്കുന്നതു്.

ഹരി ഹരി

ദ്യം 25

തേവൻ ചിരീകുമാ[390]ച്ചൊന്ന

ചമ്പു മുററവുമാദരാൽ

രാമൻ[391] ചിരീകുമാനേട്ടി-

ലെഴുതിക്കൂട്ടിന [392]* ന[393] *

---

389. അടുത്ത അക്ഷരം പൊടിഞ്ഞുപോയിരിക്കുന്നു. അതിൻെറ ഏകാര ചിഹ്നം കാണാം. അതു് 'ഞ്ചേ' എന്നായിരിക്കാമോ?

390. 'ഞ്ചൊ' എന്നു് എഴുതേണ്ടതാണെന്നു തോന്നുന്നു. മൂന്നാമത്തെ വരിയിൽ 'രാമൻ ചിരീകുമാൻ' എന്ന പേരു നോക്കുക.

391. 'ഞ്ചി' എന്നെഴുതിയിട്ടു് വെട്ടി 'ൻചി' എന്നു വ്യക്തമായി എഴുതിയിരിക്കുന്നു.

392. അടുത്തു് ആകാര ചിഹ്നത്തിൻെറ ഉപരിഭാഗംപോലെ അല്പം രേഖ കാണാനുണ്ടു്.

393. തുടർന്നു് ഓല പൊടിഞ്ഞുപോയിരിക്കുന്നു. ഈ നാലാം പാദം 'എഴുതിക്കൂട്ടിനാനസൗ' എന്നായിരിക്കാം.